# കേരള സ® ക്കാ®

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വൈക്കം മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോ® ട്ട്

# 2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയി® : doktm.ksad@kerala.gov.in
ഫോ® : 0481-2564886

(രജിസ്റ്റ® ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പ® : കെ.എസ്.എ.-കെ.ടി.എം.പി.17-175/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 27/03/2025
ഇ-മെയി® :
doktm.ksad@kerala.gov.in
ഫോ® : 0481-2564886

സീനിയ® ഡെപ്യൂട്ടി ഡയറക്ട®

ചെയ® പേഴ്സ® (സെക്രട്ടറി മുഖേന)
വൈക്കം മുനിസിപ്പാലിറ്റി

സ® ,

**വിഷയം : വൈക്കം മു® സിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വ® ഷത്തെ ഓഡിറ്റ് റിപ്പോ® ട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥക® പ്രകാരം വൈക്കം മു® സിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോ® ട്ട് 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടം 23(1)® നി® ദ്ദേശിക്കുന്ന പ്രകാരമുള്ള തുട® നടപടിക® ക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോ® ട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോ® ട്ട് കൈപ്പറ്റിയാലുട® ഇതി® പരാമ® ശിക്കുന്ന ക്രമക്കേടുക® ക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പക® പ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോ® ട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോ® ട്ട് വിശദമായി ച® ച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോ® ട്ടിന്റെയും അതിന്മേ® എടുത്ത തീരുമാനത്തിന്റെയും പക® പ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോ® ട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതി® ഉ® പ്പെടുന്ന ഓഡിറ്റ് പരാമ® ശങ്ങ® /തടസ്സങ്ങ® ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോ® ട്ട് പ്രസ്തുത കാലയളവിനുള്ളി® ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം സെക്ഷ® 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയ® ഡെപ്യൂട്ടി ഡയറക്ട®

പക® പ്പ്:

1)ഡയറക്ട® , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഇ-മെയിൽ)
2)റീജിയണൽ ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം
3)കാര്യാലയ കോപ്പി

നമ്പ® : കെ.എസ്.എ.-കെ.ടി.എം.പി.17-175/2025 തീയ്യതി: 27/03/2025

## കോട്ടയം ജില്ലയിലെ വൈക്കം മു® സിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോ® ട്ട്.

(1994 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്ക® ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വൈക്കം മു® സിപ്പാലിറ്റിയുടെ 2023-2024 സാമ്പത്തിക വ® ഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2023 മുത® 31-12-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളി® നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റി® കണ്ടെത്തിയ അപാകതക® അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയി® പ്പെടുത്തിയിട്ടുണ്ട്. 66 അന്വേഷണക്കുറിപ്പുക® ന® കിയതി® 34 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോ® ട്ടി® ഉ® പ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളി® ന്മേലുള്ള തുട® നടപടിക® സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തി® നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോ® ട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമ® ശങ്ങ® 25-01-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തി® അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങ® മാത്രമാണ് ഓഡിറ്റ് റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം ന® കിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തി® തയ്യാറാക്കി ഈ റിപ്പോ® ട്ടി® ഉ® പ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തി® മറ്റൊരു ഓഡിറ്റ് ഏജ® സി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ® :**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു സി.ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 13-01-2025 | 25-01-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-01-2025 | 25-01-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥ® :**

ശ്രീമതി സുധ ജേക്കബ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ.സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ബിനീത് രാജൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

ശ്രീ.ഷിബു ടി, ഓഡിറ്റർ

## (ബി)നി® വഹണാധികാരിക®

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി പ്രീത രാജേഷ് | ചെയർപേഴ്സൺ | 01-04-2023 | 31-03-2024 |
| ശ്രീമതി രമ്യാ കൃഷ്ണൻ | സെക്രട്ടറി | 01-04-2023 | 02-09-2023 |
| ശ്രീ.ജേക്കബ് മാത്യൂ ടി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2023 | 20-09-2023 |
| ശ്രീമതി സൌമ്യ ഗോപാലകൃഷ്ണൻ | സെക്രട്ടറി | 21-09-2023 | 31-03-2024 |

## നി® വ്വഹണഉദ്യോഗസ്ഥ®

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷീല റാണി ആർ. | കൃഷി ഫീൽഡ് ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.സ്മിത രജിത്കുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 25-06-2023 |
| ഡോ.രഞ്ജിനി സി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 26-06-2023 | 31-03-2024 |
| ശ്രീമതി ഷാനിമോൾ എസ്. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീ.രാജി എസ്.മണി | ക്ഷീരവികസന ഓഫീസർ | 01-04-2023 | 11-07-2023 |
| ശ്രീമതി സുനിത വി. | ക്ഷീരവികസന ഓഫീസർ | 12-07-2023 | 31-03-2024 |
| ഡോ.ട്വിങ്കിൾ പ്രഭാകരൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, വൈക്കം | 01-04-2023 | 31-03-2024 |
| ശ്രീ.ബിനു കെ.ജോർജ്ജ് | ഹെൽത്ത് ഇൻസ്പെക്ടർ/ പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 01-04-2023 | 04-07-2023 |
| ശ്രീമതി സീമ കെ.ജി | ഹെൽത്ത് ഇൻസ്പെക്ടർ/ പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 05-07-2023 | 18-07-2023 |
| ശ്രീ.തുളസീദാസ് ആർ. | ഹെൽത്ത് ഇൻസ്പെക്ടർ/ പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 19-07-2023 | 31-03-2024 |
| ശ്രീമതി അഞ്ജന ആർ.നായർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-08-2023 |
| ശ്രീമതി ശ്രീമോൾ എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-09-2023 | 31-03-2024 |

| | | | |
|---|---|---|---|
| ഡോ.വി.വി.അനിൽകുമാർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 15-05-2023 |
| ഡോ.ഗീതാ ദേവി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 16-05-2023 | 18-05-2023 |
| ഡോ.മിനി ഹബീബ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 19-05-2023 | 31-03-2024 |
| ശ്രീ.ജയകുമാർ ബി. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ.സെങ്കോട്ടയ്യൻ | വെറ്ററിനറി സർജൻ | 01-04-2023 | 24-04-2023 |
| ഡോ.കവിത | വെറ്ററിനറി സർജൻ | 25-04-2023 | 24-05-2023 |
| ഡോ.സെങ്കോട്ടയ്യൻ | വെറ്ററിനറി സർജൻ | 25-05-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24 | 1-1 |
| 2 | ലോക്കൽസാംഖ്യ പ്രകാരവും കെ-സ്മാർട്ട് ഡേറ്റ പ്രകാരവുമുള്ള ആകെത്തുക വാർഷികധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല | 1-1-1 |
| 3 | നഗരസഭയുടെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല | 1-1-2 |
| 4 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല | 1-1-3 |
| 5 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കാത്തതും കെ സ്മാർട്ട്-സാംഖ്യ ഇന്റഗ്രേഷനിലെ സാങ്കേതിക പ്രശ്നങ്ങളും | 1-1-4 |
| 6 | ജേണലൈസിങ്ങിലെ പിഴവ്-റെസീപ്റ്റ് & പേമെന്റ് സ്റ്റേറ്റമെന്റ് പ്രകാരമുള്ള ചില ശീർഷകങ്ങളിൽ നെഗറ്റീവ് തുകകൾ പ്രതിഫലിക്കുന്നു. | 1-1-5 |
| 7 | ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല | 1-1-6 |
| 8 | വികസന ഫണ്ട് (എസ്.സി.പി) വിനിയോഗം-വാർഷികകണക്കിൽ വ്യത്യാസം | 1-1-7 |
| 9 | 72 ലക്ഷം രൂപയുടെ ലോൺ വരവ് കൃത്യമായി അക്കൗണ്ട് ചെയ്തില്ല | 1-1-8 |
| 10 | ലോൺ തുക പ്രീപെയ്ഡ് എക്സ്പെൻസസ് ആയി അക്കൗണ്ട് ചെയ്തില്ല. | 1-1-9 |
| 11 | ജീവനക്കാരുടെ ലോൺ റിക്കവറി തുക തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയായി അക്കൗണ്ട് ചെയ്തു | 1-1-10 |
| 12 | റിഡംപ്ഷൻ തുക ക്രമീകരിച്ചില്ല | 1-1-11 |
| 13 | സ്റ്റേഷനറി വാങ്ങൽ തുക തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-12 |
| 14 | അക്രൂവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ല | 1-1-13 |
| 15 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-1-14 |
| 16 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല | 1-1-15 |
| 17 | ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-16 |
| 18 | സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കാനുള്ള ബാധ്യത തുക - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല | 1-1-17 |
| 19 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-18 |
| 20 | ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല | 1-1-19 |
| 21 | ബജറ്റ് | 1-2 |
| 22 | സാമ്പത്തിക വിശകലനം | 1-3 |
| 23 | ഗ്രാന്റ് വിനിയോഗം | 1-4 |
| 24 | വാർഷിക പദ്ധതി അവലോകനം | 1-5 |
| 25 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 26 | ക്ഷേമ പെൻഷനുകൾ | 1-7 |

| | | |
|---|---|---|
| 27 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 28 | കെ - സ്മാർട്ട് ആപ്ലിക്കേഷൻ - എല്ലാ മൊഡ്യൂളുകളും വിന്യസിക്കാത്തത് മൂലവും തുടക്ക കാലയളവിലെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തത് മൂലവും പ്രയോഗ തലത്തിൽ നിലനിൽക്കുന്ന ന്യൂനതകൾ | 1-9-1 |
| 29 | ഓഡിറ്റ് റിപ്പോർട്ടുകളിൽ തുടർ നടപടി സ്വീകരിച്ച് ന്യൂനതാ പരിഹാര റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ തുടർച്ചയായി വീഴ്ച വരുത്തുന്നു. | 1-9-2 |
| 30 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 31 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 32 | കാലീകമായ മാസങ്ങളിലെ ബാങ്ക് പൊരുത്തപ്പെടുത്തൽ പത്രിക സൂക്ഷിക്കുന്നില്ല | 1-11 |
| 33 | ലോൺ തുക വരവ്- തുക സേവിംഗ്സ് അക്കൗണ്ടിൽ വരവ് വയ്ക്കുവാൻ ഒരു വർഷത്തിലധികം കാലതാമസം | 1-12 |
| 34 | വസ്തുനികുതി/സേവനഉപനികുതി - കുടിശ്ശികകണക്കുകളിൽ കൃത്യതയില്ല. | 1-13 |
| 35 | നിലവിൽ കെ സ്മാർട്ട് മുഖേന കൈകാര്യം ചെയ്യുന്ന വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമായില്ല. | 1-14 |
| 36 | വസ്തുനികുതി പരിഷ്കരണം - ഫീൽഡ് സർവ്വേ പൂർത്തിയായില്ല- ഭീമമായനികുതിച്ചോർച്ചയ്ക്ക് സാധ്യത. | 1-15 |
| 37 | തൻ വർഷം നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല-നികുതി നഷ്ടം. | 1-16 |
| 38 | വസ്തുനികുതി തെറ്റായ  ഉപയോഗക്രമത്തിൽ നിർണ്ണയിച്ചു | 1-17 |
| 39 | വസ്തുനികുതി നിർണ്ണയത്തിൽ തറനിർമ്മിതിയുടെ തരം പരിഗണിച്ചില്ല. | 1-18 |
| 40 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-19 |
| 41 | സഞ്ചയ ഡേറ്റാബേസിലെ വസ്തുനികുതി സംബന്ധിക്കുന്ന വിവരങ്ങൾ കൃത്യമല്ല. | 1-20 |
| 42 | തൊഴിൽ നികുതി ശരിയായ അസസ്മെന്റ് നടപടികൾ സ്വീകരിക്കുന്നതിലും പൂർണ്ണമായി ഈടാക്കുന്നതിലും വീഴ്ച. | 1-21 |
| 43 | വാടകകുടിശ്ശിക ഈടാക്കാനുള്ള ഭരണതല നടപടികൾ അപര്യാപ്തം. | 1-22 |
| 44 | ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഒട്ടേറെ മുറികൾ വാടകരഹിതമായി ഒഴിഞ്ഞ് കിടക്കുന്നു- വരുമാനനഷ്ടം. | 1-23 |
| 45 | നഗരസഭ ടൗൺ ഹാൾ -വാടക കുടിശ്ശിക നിലവിലും ഈടാക്കിയില്ല. | 1-24 |
| 46 | ജങ്കാർ സർവ്വീസ് നടത്തിപ്പ് ഏറ്റെടുത്ത കുത്തകക്കാരൻ കുത്തകത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല. | 1-25 |
| 47 | സർക്കാരിൽ നിന്നും വിട്ട്കിട്ടിയ ബീച്ച് മൈതാനം വരുമാനദായകമായ രീതിയിൽ പ്രയോജനപ്രദമാക്കുന്നതിൽ ഗുരുതര വീഴ്ച്ചയും അമാന്തവും. | 1-26 |
| 48 | ആസ്തികളും അവകാശങ്ങളും ഫലപ്രദമായും വരുമാനദായകമായും ഉപയോഗിക്കുന്നതിൽ വീഴ്ച. | 1-27 |
| 49 | ലൈസൻസ് നൽകൽ -ട്രേഡേഴ്സ് ലിസ്റ്റ് ഉൾപ്പടെയുള്ള ഡാറ്റബേസിന്റെ അഭാവവും റഗുലേറ്ററി ചട്ടങ്ങൾ പാലിക്കുന്നതിലെ വീഴ്ച്ചകളും. | 1-28 |

| | | |
|---|---|---|
| 50 | ലേലനടപടികളുടെ ഫയലുകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-29 |
| 51 | തീയേറ്റർ നിർമ്മാണം - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിയില്ലാതെ നിർമ്മാണം തുടരുന്നു. | 1-30 |
| 52 | നഗരസഭയിലെ വിഭവസമാഹരണവും സാധ്യതകളും-അവലോകനം | 1-31 |
| 53 | സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ കുറവ് മൂലം നഗരസഭയ്ക്ക് 1.10 കോടി രൂപ ആത്യന്തികമായി നഷ്ടമായി. | 1-32 |
| 54 | റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭ്യമായില്ല | 1-33 |
| 55 | ലൈബ്രറി സെസ് അടവാക്കുന്നില്ല-5968721 രൂപ കുടിശ്ശികയിനത്തിൽ ബാധ്യത. | 1-34 |
| 56 | ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭ്യമാക്കി ക്രമീകരിക്കുവാൻ അവശേഷിക്കുന്നു | 1-35 |
| 57 | ഇ.ടെണ്ടർ ഫീസ് നഗരസഭ ഫണ്ടിലേയ്ക്ക് പൂർണ്ണമായി ലഭിച്ചില്ല. | 1-36 |
| 58 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ-മുനിസിപ്പൽ ഫണ്ടിന് ബാദ്ധ്യത | 1-37 |
| 59 | റഗുലർ /കണ്ടിൻജന്റ് വിഭാഗത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം -പ്രതിസന്ധികളും വെല്ലുവിളികളും | 1-38 |
| 60 | പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ , ലോൺ തുകകൾ യഥാസമയം പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നില്ല. | 1-39 |
| 61 | തെരുവ് വിളക്കുകളുടെ കുടിശ്ശിക വൈദ്യുതി ചാർജ്ജ് അടവാക്കിയത്--തനത് ഫണ്ടിൽ നിന്നും അധിക ചെലവ് | 1-40 |
| 62 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവ്- വൻതുക കുടിശ്ശിക നിലനിൽക്കുന്നു- | 1-41 |
| 63 | സാമൂഹ്യസുരക്ഷാപെൻഷൻ-ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ ആധികാരീകമായവിധം സൂക്ഷിക്കുന്നതിൽ വീഴ്ച്ച. | 1-42 |
| 64 | വിവധയിനങ്ങളിലായി നൽകിയ 7.76 കോടി രൂപയുടെ മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു | 1-43 |
| 65 | സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് അടവാക്കിയത്- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല- | 1-44 |
| 66 | പഠനമുറി നിർമ്മാണം (പ്രോജക്ട് നം. 254/24- രേഖകൾ ലഭ്യമായില്ല. | 1-45 |
| 67 | ഹെൽത്ത് ഗ്രാന്റ് - യഥാർത്ഥ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല-ചെലവിന്റെ ഉദ്ദേശ്യം വ്യക്തമല്ല | 1-46 |
| 68 | എച്ച്.എം.സി ഫണ്ടിലേക്ക് കൈമാറിയ ഹെൽത്ത് ഗ്രാന്റ് തുക പൂർണ്ണമായും ചെലവഴിച്ചില്ല. | 1-47 |
| 69 | എച്ച്.എം.സി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ജി.എസ്.റ്റി തുക അടവാക്കിയില്ല | 1-48 |
| 70 | ആയുർവ്വേദ ആശുപത്രി ഓ.പി വിഭാഗം കമ്പ്യൂട്ടർ വത്കരണം- വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-49 |
| 71 | ഹോമിയോ മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമാകുന്നതിൽ ഒരു വർഷത്തിലേറെ കാലതാമസം. | 1-50 |
| 72 | സ്കൂളുകൾക്ക് ലാപ് ടോപ്പ് -വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-51 |
| 73 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പൂർത്തീകരണവിവരമില്ല-പ്രയോജനപ്പെടാത്തതിനാൽ പാഴ്ച്ചെലവായി പരിണമിച്ചു. | 1-52 |
| 74 | ടേക്ക് എ ബ്രേക്ക് നിർമ്മാണം - ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-53 |

| | | |
|---|---|---|
| 75 | വിവിധ പ്രദേശങ്ങളിൽ ഡ്രയിനേജ് സംവിധാനവും ഓടകളും നിർമ്മിച്ചത് - ലക്ഷ്യം കൈവരിച്ചിട്ടില്ല. | 1-54 |
| 76 | അങ്കണവാടി നിർമ്മാണം - പ്രാഥമിക പ്രവർത്തനങ്ങൾക്ക് മാത്രമായി പ്രോജക്ട് രൂപീകരിച്ചു.തുടർ പ്രവർത്തനങ്ങളില്ല. | 1-55 |
| 77 | കളക്ടേഴ്സ് @ സ്കൂൾ -ചെലവ് രേഖകൾ പൂർണമല്ല-പ്രോജക്ട് ഗുണപരമായി പൂർത്തിയാക്കിയിട്ടില്ല. | 1-56 |
| 78 | പഴയ വാഹനം ഉപയോഗത്തിലിരിയ്ക്കെ പുതിയ വാഹനം വാങ്ങി- | 1-57 |
| 79 | ഗാർഹിക മാലിന്യ സംസ്കരണബിൻ സ്ഥാപിക്കൽ -ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല- ചെലവു രേഖകൾ പൂർണമല്ല- | 1-58 |
| 80 | എംആർഎഫ് എംസിഎഫ് സെൻററുകളിലെ ലെഗസി വേസ്റ്റ് നീക്കം ചെയ്യൽ- രേഖകൾ പൂർണ്ണമല്ല- | 1-59 |
| 81 | 2021 -22 ഹെൽത്ത് ഗ്രാന്റ്- യു എച്ച് ഡബ്ലിയു സി നിയമിക്കുന്ന ജീവനക്കാർക്ക് വേതനം, മറ്റ് ആവർത്തന ചെലവുകൾ-ചെലവ് രേഖകൾ പൂർണമല്ല- | 1-60 |
| 82 | മഴക്കാലപൂർവ്വശുചീകരണം - ചെലവ് രേഖകൾ പൂർണമല്ല | 1-61 |
| 83 | അമൃത് 2.0 ജലശക്തി അഭിയാൻ പദ്ധതി - അവലോകനം | 1-62 |
| 84 | ദേശീയനഗര ഉപജീവനമിഷൻ (എൻ.യു.എൽ.എം) പദ്ധതി നിർവ്വഹണം - രേഖകളുടെ സൂക്ഷിപ്പിൽ അപാകതകൾ. | 1-63 |
| 85 | പിഎംഎവൈ പദ്ധതി- ചില ഗുണഭോക്താക്കൾ മുൻകൂർ കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-64 |
| 86 | മട്ടപ്പാവിലെ മുട്ടക്കോഴി വളർത്തൽ പദ്ധതി- ഗുണപരമല്ലാത്ത നിർവ്വഹണം- തൻവർഷം വകയിരുത്തിയ പദ്ധതി വിഹിതം ചെലവഴിച്ചില്ല | 1-65 |
| 87 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്ക്കരണം ഹരിത കർമ്മ സേനയിലൂടെ - | 1-66 |

**ഭാഗം 2**

--- No Records Found ---

**ഭാഗം 3**

--- No Records Found ---

**ഭാഗം 4**

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ | 4-1 |
| 2 | സംയുക്ത പ്രോജക്ടിനായി ചെലവഴിച്ച തുകയുടെ വിവരം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനായി ചെലവഴിച്ച തുകകളുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ നിലവിലെ അവസ്ഥ | 4-8 |

| | | |
|---|---|---|
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് 2023-24

1. **വൈക്കം നഗരസഭയുടെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 31.07.2024 തീയതിയിലെ 3-ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 12.08.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുക® തയ്യാറാക്കുന്നത് നഗരസഭാ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാ® ഷ്യ® ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി&എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാ® ഡേ® ഡുക® , നഗരപാലികാ സ്ഥാപനങ്ങളുടെ ഫിനാ® ഷ്യ® ഓഡിറ്റിന് വേണ്ടിയുള്ള മാ® ഗ്ഗനി® ദ്ദേശങ്ങ® എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാ® ഫിനാ® ഷ്യ® ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികക® വസ്തുതാപരമായ തെറ്റുകളി® നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങ® /മാ® ഗ്ഗനി® ദ്ദേശങ്ങ® ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റി® ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റി® ഉ® പ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് ന® കുമെന്ന് ഞാ® വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാ® ഷ്യ® ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോ® ട്ടിലെ എന്റെ നിരീക്ഷണങ്ങ® ക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോ® ട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങ® ക്ക് വിധേയമായി, വൈക്കം നഗരസഭയുടെ 2023-24 വർഷത്തേയ്ക്കുള്ള വാ® ഷിക ധനകാര്യ പത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ലോക്കൽസാംഖ്യ പ്രകാരവും കെ-സ്മാർട്ട് ഡേറ്റ പ്രകാരവുമുള്ള ആകെത്തുക വാർഷികധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല

നഗരസഭകളിൽ ഓൺലൈൻ പ്രവർത്തനസംവിധാനമായ കെ - സ്മാർട്ട് വിന്യസിച്ചത് 01/01/2024 ൽ ആയതിനാൽ 2023-24 വാ® ഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവ് എന്നത് സാംഖ്യ പ്രകാരം 01.04.2023 മുത® 31.12.2023 വരെയുള്ള വരവ്/ചെലവിന്റെയും കെ സ്മാ® ട്ട് പ്രകാരം 01.01.2024 മുത® 31.03.2024 വരെയുള്ള വരവ് ചെലവിന്റെയും ആകെ തുകയാകേണ്ടതാണ്. 01/01/2024 മുതൽ 31/03/2024 വരെയുള്ള കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്താണ് തൻവർഷം വാർഷികകണക്ക് തയ്യാറാക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം കെ - സ്മാർട്ട് ഡേറ്റ ലോക്കൽ സാംഖ്യയിലേയ്ക്ക് പോർട്ട് ചെയ്തപ്പോൾ വിവിധ വരവിനങ്ങളുടെ ലോക്കൽസാംഖ്യ പ്രകാരമുള്ള തുകയുടേയും കെ-സ്മാർട്ട് ഡേറ്റ പ്രകാരമുള്ള തുകയുടേയും ആകെത്തുകയല്ല വാർഷികധനകാര്യപത്രികയിൽ പ്രതിഫലിച്ചുകാണുന്നത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷികകണക്കുകൾ പ്രകാരം 31/03/24 ലെ തുക (Head Of Account – 431300201 + 350410301) | 31/12/23 വരെ ലോക്കൽ സാംഖ്യ മുഖേനയുള്ള തുക | 01/01/2024 മുതൽ 31/03/24 വരെ കെ - സ്മാർട്ട് പ്രകാരമുള്ള തുക | ആകെ |
|---|---|---|---|---|
| | (1) | (2) | (3) | (2) + (3) |
| Licence Fees (Current) | 211375 | 210875 | 522500 | 733375 |

മറ്റു വരവിനങ്ങളിലും അതുപോലെ ചെലവിനങ്ങളിലും ഇപ്രകാരം വ്യത്യാസം സംഭവിച്ചിരിക്കാനുള്ള സാധ്യത നിലനിൽക്കുന്നു. കെ- സ്മാർട്ട് ആപ്ലിക്കേഷന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിയ്ക്കാത്തത് മൂലമുള്ള മറ്റ് പൊതു അപാകതകൾ ഖണ്ഡിക 1-9-1 ൽ പരാമർശിച്ചിട്ടുണ്ട്.

### 1-1-2 നഗരസഭയുടെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത വ്യക്തമല്ല

31/03/2024 തീയതിയിലെ നഗരസഭയുടെ ആകെ ജനറൽ ഫണ്ടിന്റെ കൃത്യത അനുബന്ധരേഖകളുടെ അഭാവത്തിൽ വ്യക്തമല്ല. 01/04/2011 ൽ നഗരസഭ ജനറൽ ഫണ്ട് (കണക്ക് ശീർഷകം-310100101) നിർണ്ണയിച്ചപ്പോഴുള്ള ആധികാരിക ആസ്തി-ബാധ്യത രേഖകൾ(OBRP Data) സൂക്ഷിച്ചിട്ടില്ല.31.03.2024 വരെയുള്ള ആകെ ജനറൽ ഫണ്ട് കണക്കാക്കിയതിന്റെ വിശദാംശം തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-3 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശം ലഭ്യമല്ല

2023-24 വർഷം വിവിധ ഫണ്ട് തിരിച്ച് അക്കൗണ്ട് ചെയ്യപ്പെട്ട ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ പ്രസ്തുത ഫണ്ടുകൾ ചെലവഴിച്ച ആസ്തികൾക്ക് തുല്യമായ തുകയാണോ എന്നതിൽ വ്യക്തതയില്ല. വിവിധ ഗ്രാന്റുകളുടെ ചെലവ്, മൂലധന/ റവന്യൂ തിരിച്ച് രേഖപ്പെടുത്തിയ വിശദമായ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ രജിസ്റ്റർ/വിശദാംശം പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ വിശദാംശങ്ങൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-1-4 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും കാലികമാക്കാത്തതും കെ സ്മാർട്ട്-സാംഖ്യ ഇന്റഗ്രേഷനിലെ സാങ്കേതിക പ്രശ്നങ്ങളും

സാംഖ്യ-കെസ്മാർട്ട് ഇന്റഗ്രേഷൻ-ഡാറ്റ പോർട്ടിങ്ങിലെ പ്രായോഗീക പ്രശ്നങ്ങൾ മൂലം 31-03-24 പ്രകാരമുള്ള ആസ്തി ബാധ്യതാ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.01-01-2024 പ്രാബല്യത്തിൽ കെ സ്മാർട്ട് മൊഡ്യൂളുകൾ വിന്ന്യസിച്ചപ്പോൾ ആസ്തി ബാധ്യതാ ശീർഷകങ്ങളിൽ താൽക്കാലികമായി മുന്നിരിപ്പ് മൂല്യം പൂജ്യം എന്ന് കണക്കാക്കി തുടർന്ന് 01-04-23 മുതൽ 31-12-2023 വരെ നിലനിന്നിരുന്ന സാംഖ്യയുമായി പോർട്ട് ചെയ്തപ്പോൾ പല ശീർഷകങ്ങളും അക്കൗണ്ട് കോഡുകളും പൊരുത്തപ്പെടാത്തതിനാലും പോർട്ട് ചെയ്ത ഡാറ്റ ശരിയായി യോജിക്കപ്പെടാത്തത് മൂലവും ഇരട്ടിപ്പും ഡാറ്റ നഷ്ടവും കൃത്യമായ റെക്കൺസിലിയേഷൻ ചെയ്യാൻ കഴിയാത്ത അവസ്ഥയും സംജാതമായിട്ടുണ്ട്.പ്രയോഗതലത്തിലെ പ്രസ്തുത അപാകതയ്ക്ക് പുറമെ സ.ഉ.(എം.എസ്)152/2011/ തസ്വഭവ/26.07.2011 ലെ നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടുമില്ല. നഗരസഭ കാലാകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ആയതിനാൽ 31-03-2024 ലെ ആസ്തി ബാധ്യതാ മൂല്യനിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കാനാവുന്നില്ല. കൂടാതെ വിവിധങ്ങളായ ആസ്തികളുടെ മൂല്യത്തിലുണ്ടാകുന്ന വർദ്ധനവും മൂല്യശോഷണവും കണക്കിലെടുത്തതിന് ശേഷമുള്ള വർഷാവസാനത്തെ ആസ്തി മൂല്യം (31-03-24 പ്രകാരമുള്ളത്) കൃത്യമായി തിട്ടപ്പെടുത്തിയിട്ടുമില്ല. സുസ്ഥിര ആസ്തികളിന്മേലുള്ള തേയ്മാന ചെലവുകൾ (Depreciation) ‘Accumulated Depreciation’ എന്ന രീതിയിൽ സമാന്തരമായി കണക്കാക്കിപ്പോരുന്നതിനാലും അതത് ആസ്തികളുടെ വർഷാവസാന മൂല്യത്തിൽ ക്രമീകരിച്ച് കാണിക്കപ്പെടാത്തതിനാലും നാളിതുവരെയുള്ള സഞ്ചിത തേയ്മാനച്ചെലവ് (Accumulated Depreciation) ആസ്തി മൂല്യത്തിൽ അധികമായാൽപ്പോലും ശ്രദ്ധിക്കപ്പെടാതെ പോകാനുള്ള സാധ്യത നിലനിൽക്കുന്നു.

### 1-1-5 ജേണലൈസിങ്ങിലെ പിഴവ്-റെസീപ്റ്റ് & പേമെന്റ് സ്റ്റേറ്റമെന്റ് പ്രകാരമുള്ള ചില ശീർഷകങ്ങളിൽ നെഗറ്റീവ് തുകകൾ പ്രതിഫലിക്കുന്നു.

റെസീപ്റ്റ്,പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ ചേർക്കുന്ന ഹെഡ്ഡുകളിൽ നെഗറ്റീവ് തുകകൾ പ്രതിഫലിക്കുന്നു.

| Code | Head | Amount |
|---|---|---|
| 160101101 | Special Grants-Health Grant To Convert PHCs And Subcentres | -2052 |
| 251200801 | Drinking Water-Individuals-General | -17250 |

ജേണലൈസിങ്ങിലെ പിഴവ് മൂലമാണ് പ്രസ്തുത അപാകത സംഭവിച്ചത്.കൃത്യമായ ഹെഡ്ഡുകളിൽ ജേർണൽ എൻട്രി നടത്തി അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-6 ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല

ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്/പൊരുത്തപ്പെടുത്തൽ പത്രികകൾ ഓഡിറ്റിന് ഹാജരാക്കിയില്ല.

| അക്കൗണ്ട് | നീക്കിയിരിപ്പ് |
|---|---|
| ട്രഷറി പി.ഡി. | 500 |
| ട്രഷറി MF(നം.1-665) | 1 |

പ്രസ്തുത അക്കൗണ്ടുകൾ നിലവിലുള്ളതാണോയെന്ന് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-7 വികസന ഫണ്ട് (എസ്.സി.പി) വിനിയോഗം-വാർഷികകണക്കിൽ വ്യത്യാസം

വികസന ഫണ്ട് (എസ്.സി.പി) യുടെ വാർഷിക പദ്ധതിയിലെ ചെലവും ധനകാര്യ പത്രിക പ്രകാരമുള്ള ചെലവും തമ്മിൽ വ്യത്യാസം കാണുന്നു. വാർഷിക പദ്ധതി പ്രകാരം ചെലവ് 3959016/- രൂപയായിരുന്നത് ധനകാര്യ പത്രികയിൽ 1-6 ഷെഡ്യൂളിൽ 4643679/- രൂപ എന്നാണ് കാണുന്നത്. എന്നാൽ RP-6 ൽ 3959016/- രൂപയെന്നും കാണുന്നു. ധനകാര്യ പത്രിക 684663/- രൂപയുടെ ചെലവ് അധികമായി പ്രതിഫലിക്കുന്നതിന്റെ കാരണം കൃത്യമായി വിശദീകരിക്കപ്പെട്ടില്ല.

### 1-1-8 72 ലക്ഷം രൂപയുടെ ലോൺ വരവ് കൃത്യമായി അക്കൗണ്ട് ചെയ്തില്ല

ഭവനപദ്ധതിക്കായി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും തൻ വർഷം ലഭിച്ച ലോൺ തുകയായ 72,00,000/- രൂപ ശരിയായി അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയില്ല. ആയതിനാൽ ലോണിനത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ളതായി ബി-5 ഷെഡ്യൂൾ പ്രതിഫലിപ്പിക്കുന്ന ബാധ്യത തുക കൃത്യമല്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-9 ലോൺ തുക പ്രീപെയ്ഡ് എക്സ്പെൻസസ് ആയി അക്കൗണ്ട് ചെയ്തില്ല.

K.U.R.D.F.C ലോണിൽ തിരിച്ചടയ്ക്കുവാനുള്ള തുകയായി ബി-5 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 29645572/- രൂപ Prepaid Expenses ആയി ക്രമീകരിച്ച് ബി-16 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-10 ജീവനക്കാരുടെ ലോൺ റിക്കവറി തുക തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയായി അക്കൗണ്ട് ചെയ്തു

ജീവനക്കാരുടെ ലോൺ റിക്കവറി തുകയായ 34000 രൂപ ഹെഡ്ഡ് മാറി അക്കൗണ്ട് ചെയ്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-5 ഷെഡ്യൂളിൽ തിരിച്ചടയ്ക്കുവാനുള്ള ലോൺ തുകയായി പ്രസ്തുത തുക പ്രതിഫലിച്ചിരിക്കുന്നു. ആയത് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-1-11 റിഡംപ്ഷൻ തുക ക്രമീകരിച്ചില്ല

2021-22 വർഷം വിവിധ ട്രഷറി അക്കൗണ്ടുകളിൽ നിന്നും സർക്കാർ തിരിച്ചെടുത്ത 1416489/- രൂപയിൽ 1176149 രൂപ 04.03.2024 ൽ നഗരസഭയ്ക്ക് തിരികെ ലഭിച്ചിരുന്നു. എന്നാൽ റിഡംപ്ഷൻ ഇനത്തിൽ ലഭ്യമാകാനുള്ള തുകയായി 2023-24 ലെ വാർഷിക ധനകാര്യപത്രികയുടെ B-15 ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടുള്ള 2706782/- രൂപയിൽ 1416489/- രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. തിരികെ ലഭിച്ച 1176149 രൂപയുടെ അക്കൗണ്ടിംഗ് ക്രമീകരണം നടത്തിയിട്ടില്ല. ആയത് ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-12 സ്റ്റേഷനറി വാങ്ങൽ തുക തെറ്റായി അക്കൗണ്ട് ചെയ്തു

നഗരസഭയിലേക്ക് തൻവർഷം വാങ്ങിയ സ്റ്റേഷനറികളുടെ മൂല്യമായ 4938/- രൂപ റവന്യൂ ചെലവിൽ ചേർക്കുന്നതിന് പകരം ആസ്തിയായി B-14 ഷെഡ്യൂളിൽ Purchase Of Materials -Stores എന്ന ശീർഷകത്തിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-1-13 അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ചിട്ടില്ല

അക്രുവൽ വരവിനങ്ങളായ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി, ലൈസൻസ് ഫീസ്, വാടക തുടങ്ങിയവയുടെ ഡിമാന്റ് നിർണ്ണയിച്ച് സാമ്പത്തിക വർഷാരംഭത്തിൽ അക്കൗണ്ട് ചെയ്യുന്നില്ല. അക്രുവൽ വരവുകളുടെ ഡിമാന്റ് കണക്കാക്കിയതിന്റെ ആധികാരികത വ്യക്തമല്ല. അംഗീകൃത സ്ഥാപന ലിസ്റ്റ്, വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ ഡിമാന്റ് കണക്കാക്കേണ്ടതായിരുന്നു. അക്രുവൽ വരവുകളുടെ ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും വർഷാവസാനം ഡിമാന്റ് രജിസ്റ്ററുകൾ ക്ലോസ് ചെയ്ത് ഡി.സി.ബി., ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-1-14 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് വിശദാംശങ്ങൾ സൂക്ഷിച്ചിട്ടില്ല

മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകുമ്പോൾ ചെലവ് തുക Capital Work In Progress ആയി അക്കൗണ്ട് ചെയ്യുന്നതിന്റേയും അന്തിമ ബില്ലുകളുടെ ക്രമീകരണം നിരീക്ഷിക്കുന്നതിന്റേയും വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ ഈയിനത്തിൽ അക്കൗണ്ട് ചെയ്തിട്ടുള്ള 2798315/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല. ഇത് സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷിക്കേണ്ടതാണ്.

## 1-1-15 പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിനിമയം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലൂടെ നിരീക്ഷിക്കുന്നില്ല

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. കേന്ദ്ര, സംസ്ഥാന സർക്കാരിൽ നിന്നുള്ള എല്ലായിനം പ്രത്യേക ഉദ്ദേശ ഗ്രാന്റുകളും 320100100 എന്ന ഒറ്റ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നതിനാൽ ഇനം തിരിച്ചുള്ള കണക്കുകൾ വാർഷികകണക്കുകളിൽ നിന്നും ലഭിക്കുന്നില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഗ്രാന്റുകളുടെ വിനിമയത്തിന്റെയും 31/03/2024 ലെ ബാധ്യതയായി കണക്കാക്കിയിട്ടുള്ള നീക്കിയിരിപ്പ് തുകയുടെയും കൃത്യത വ്യക്തമല്ല. രജിസ്റ്റർ സൂക്ഷിച്ച് ഗ്രാ® റുകളുടെ വിനിമയം നിരീക്ഷിക്കേണ്ടതാണ്.

## 1-1-16 ഡെപ്പോസിറ്റ് രജിസ്റ്റർ,അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ബാലൻസ്ഷീറ്റ് ബി-7, ബി-18 ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന നീക്കിയിരിപ്പ് തുകകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. രജിസ്റ്ററുകൾ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.വിവിധ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകകൾക്ക് ആധികാരീകമായി സൂക്ഷിക്കുന്ന രജിസ്റ്ററുകളുടെ പിൻബലമുണ്ടാകേണ്ടതാണ്.

## 1-1-17 സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കാനുള്ള ബാധ്യത തുക - രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള ബാധ്യത തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് ഉൾപ്പെടെ മറ്റ് ബാധ്യതകൾ എന്ന ഇനത്തിൽ ബി-9 ഷെഡ്യൂൾ പ്രകാരം 2.99 കോടി രൂപ ബാധ്യതയായി ചേർത്തിട്ടുള്ളതിന്റെയും കൃത്യത വ്യക്തമല്ല. നഗരസഭയ്ക്ക് വർഷങ്ങളായി മുൻസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്ന് അലോട്ട്മെന്റ് ലഭിക്കുകയോ പെൻഷൻ അംശദാനം കൃത്യമായി ഒടുക്കുകയോ ചെയ്യുന്നില്ല. ഇക്കാരണത്താൽ മുൻസിപ്പൽ സെൻട്രൽ പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കാനുള്ള അംശദാന ബാധ്യതയായി കാണിച്ചിട്ടുള്ള തുകയുടെ (കോഡ് നം 350110600 തുക 1.76 കോടി രൂപ ) കൃത്യത വ്യക്തമല്ല. മുൻസിപ്പൽ കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേയ്ക്കുള്ള ബാധ്യത തിട്ടപ്പെടുത്തി ബി 9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. Government And Other Dues രജിസ്റ്റർ സൂക്ഷിച്ച് വിവിധ റിക്കവറികളുടെ സമയബന്ധിതമായ ഒടുക്ക് നിരീക്ഷിക്കേണ്ടതാണ്.

## 1-1-18 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങൾ 2011 പ്രകാരം ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്ന നോട്സ് ഓൺ അക്കൗണ്ട്സ് ഓഡിറ്റിനായി ലഭ്യമാക്കിയില്ല. ആയതിനാൽ കണക്കുകൾ സംബന്ധിച്ച് സെക്രട്ടറി സ്വമേധയാ നടത്തേണ്ട വെളിപ്പെടുത്തലുകൾ ലഭ്യമല്ല. (Non Disclosure Of Material Facts) . വിവിധ ധനകാര്യ സൂചകങ്ങളുടെ വിശകലനവും സാധ്യമായിട്ടില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക

കണക്കുകളോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

### 1-1-19 ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത വ്യക്തമാക്കിയിട്ടില്ല

2023-24 വർഷം സുസ്ഥിര ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത Calculation Sheet ലൂടെ വ്യക്തമാക്കുകയോ ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്ത I-17(a) ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആസ്തികളുടെ മൂല്യം, കാലപ്പഴക്കം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ആസ്തി മൂല്യത്തിന് ആനുപാതികമായാണോ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് എന്ന് വ്യക്തമല്ല. അപാകത പരിഹരിക്കേണ്ടതാണ്.

### 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 23.03.2023 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 14/02/2024 തീയതിയിലെ 1/1-)ം. തീരുമാനപ്രകാരം മേൽ ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. ഒറിജിനൽ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള സംക്ഷിപ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | യഥാർത്ഥ ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 10837405 | 84958815 |
| വരവ് | 425697800 | 436024740 |
| ആകെ | 436535205 | 520983555 |
| ചെലവ് | 431893000 | 482957157 |
| നീക്കിയിരിപ്പ് | 4642205 | 38026398 |

ബജറ്റ് പ്രകാരം 52.09 കോടി രൂപയുടെ പ്രതീക്ഷിത വരവും 48.29 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. നഗരസഭയുടെ 2023-24 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 19.77 കോടി രൂപയും ചെലവ് 20.73 കോടി രൂപയുമാണ്. ബജറ്റ് വകയിരുത്തലിൽ നിന്നുള്ള വ്യതിചലനത്തിന്റെ തോത് താരതമ്യത്തിന് അതീതമാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെയും വിവിധ വരുമാന സ്രോതസ്സുകൾ സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടെ വിശകലനം നടത്താതെയും ചെലവിനങ്ങളുടെ സൂക്ഷ്മാംശങ്ങൾ പരിഗണിക്കാതെയും ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരം ഉണ്ടായത്.ശാസ്ത്രീയമായ ധനസമാഹരണത്തിനും ധനവിനിയോഗത്തിനും അടിസ്ഥാനമാക്കേണ്ട ഒരു പ്രാമാണിക രേഖ എന്ന രീതിയിൽ നിലവിൽ തയ്യാറാക്കപ്പെട്ടിട്ടുള്ള ബജറ്റ് പ്രയോജനപ്പെടുന്നില്ല. 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ-286 ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. സെക്ഷൻ-293 പ്രകാരം ബജറ്റ് അംഗീകരിക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് നഗരസഭ കൗൺസിൽ ഉറപ്പാക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 3,79,24,263.27/- |
| ഓഡിറ്റ് വർഷത്തെ വരവ് | 16,32,69,231/- |
| ആകെ | 20,11,93,494.27/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,77,57,529/- |
| നീക്കിയിരിപ്പ് | 3,34,35,965.27/- |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 19,77,17,615/- |
| ആകെ ചെലവ് | 20,73,89,910/- |
| പ്രവർത്തന നഷ്ടം | (96,72,295) |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 3,12,631 |

| | |
|---|---|
| അറ്റ പ്രവർത്തന നഷ്ടം | (99,84,926) |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 90,02,948/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21796000 | 17924460* (NET) | 16292464 | 1631996 | 91 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12261580 + 3653580(പരിഹാര വകയിരുത്തൽ) | 15915160 | 3959016 | 11956144 | 25 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14417350 | 14417350 | 10108062 | 4309288 | 70 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 19082600 | 19082600 | 14410050 | 4672550 | 75.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 1799106 | 12158100 | 13957206 | 8954704+ 18000** | 4984502 | 64 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 222569 | 8426212*** | 8648781 | 6328935 | 2319846 | 73 |
| പി.എം.എ.വൈ | 9511662 | 23317325 | 32828987 | 24574460 | 8254527 | |
| സ്വച്ഛ് ഭാരത് | 83727 | 2081441 | 2165168 | 2078892 | 86276 | |
| എൻ.യു.എൽ.എം | 0 | 756887 | 756887 | 756887 | 0 | |
| എസ്.എൻ.പി കേന്ദ്ര വിഹിതം | 376615 | 0 | 376615 | 362924 | 13691 | |
| സാക്ഷരത | 38585 | 1509 | 40094 | 2000 | 38094 | |
| ഹെൽത്ത് ഗ്രാന്റ് (ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ) | 0 | 2429488 | 2429488 | 2413000 | 16488 | |
| ഹെൽത്ത് ഗ്രാന്റ് (അർബൻ ഹെൽത്ത് & വെൽനെസ് സെന്റേഴ്സ്) | 8327096 | 2900648 | 11227744 | 5213270 | 6014474 | |

* തനത് നികുതിയുടെ 90% ശേഖരിക്കാത്തതിനാൽ സ്രോതസ്സിൽ കുറവ് ചെയ്ത 217960/- രൂപയും പരിഹാര വകയിരുത്തലായി എസ്.സി.പി ഫണ്ടിലേക്ക് ക്രമീകരിച്ച 3653580/- രൂപയും കുറവ് ചെയ്തതിന് ശേഷമുള്ള തുക

** മുൻ വർഷം ഗുണഭോക്താക്കൾക്ക് നൽകിയതിൽ തിരികെ വന്ന 18000/- രൂപയുടെ തൻ വർഷ ചെലവ് കൂടി ചേർത്തത്

***ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റായ പലിശ 320412/- രൂപ ഉൾപ്പെടെയുള്ള തുക

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്യുന്നതിലും വിനിയോഗത്തിലും ശ്രദ്ധയിൽപ്പെട്ട നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വികസനഫണ്ടിന്റെ പൊതുവിഭാഗം വിഹിതത്തിൽ നിന്ന് യഥാക്രമം 3573333/- രൂപ, 1007400/- രൂപ വീതം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം എന്നീ ഇനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2. വികസനഫണ്ട് ഉൾപ്പടെയുള്ള വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് അനുവദിക്കുമ്പോൾ സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ വരവായി കാണിക്കുകയും സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഒ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പെടയുള്ളവ ചെലവായി കാണിക്കുകയും ചെയ്താൽ മാത്രമെ ശരിയായ ഗ്രാന്റ് പത്രിക തയ്യാറാക്കാൻ കഴിയൂ. എന്നാൽ ലഭ്യമാക്കിയ ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവ്ഭാഗത്ത് സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെടുത്താതിരിക്കുകയും ചെലവിൽ ഇതുൾപ്പടെ കണക്കിലെടുക്കുകയും ചെയ്തിരിക്കുന്നു.ആയതിനാൽ അലോട്ട്മെന്റായി ലഭിക്കുന്ന ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.

3. മുൻവർഷം വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ (കൈ) നം. 179/2022/ധന. തീ. 18.10.2022) 217960/- രൂപ വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തതിന് ശേഷമാണ് നഗരസഭയ്ക്ക് ലഭിച്ചത്.

4. എസ്.സി.പി പരിഹാര വകയിരുത്തലായി തൻവർഷം 3653580/- രൂപ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും എസ്.സി.പി ഫണ്ടിലേക്ക് ക്രമീകരിച്ചിട്ടുണ്ട്.

5. 15.03.2024 ലെ ജി.ഒ (ആർടി)2461/2024/ഫിൻ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സി.എഫ്.സി(ടൈഡ്) ഫണ്ടിൽ അനുവദിച്ച 17008 രൂപയും സി.എഫ്.സി (അൺടൈഡ്) ഫണ്ടിൽ അനുവദിച്ച 11339 രൂപയും ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും തുകകൾ സി.എഫ്.സി ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റായിട്ടില്ല.

6. പ്രത്യേക ഉദ്ദേശ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിനായി എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പി.എം.എ.വൈ, സ്വച്ഛ്ഭാരത്, സാക്ഷരത,എൻ.യു.എൽ.എം, എസ്.എൻ.പി തുടങ്ങിയ ഫണ്ടുകളുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തി തന്ന കണക്കുകളാണ് മേൽ ചേർത്തിട്ടുള്ളത്.

7. ഹരിതകർമ്മസേനയ്ക്ക് ബാഗ് വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തിയുള്ള (നം.355/24) സി.എഫ്.സി (ടൈഡ്) ഫണ്ടിലെ 2300 രൂപയുടെ ചെലവ് പി.എഫ്.എം.എസിൽ രേഖപ്പെടുത്തിയതിനാൽ എ.സി.ആർ ൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത 2300 രൂപയുടെ ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവ് പത്രിക എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല. വാർഷികകണക്കുകളിലെ ബി-4 ഷഡ്യൂളിൽ യഥാർത്ഥ ചെലവിനേക്കാൾ 2300 രൂപ കുറഞ്ഞ് 4982202 രൂപയാണ് ടൈഡ് ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നത്.

8. ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകയ്ക്ക് തൻ വർഷം ലഭിച്ച പലിശ 320412/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. എന്നാൽ പ്രസ്തുത പലിശ തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക എന്നിവയിൽ പ്രതിഫലിച്ചിട്ടില്ല

മേൽ വിശദീകരണങ്ങൾക്കും അപാകതകൾക്കും വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 വാർഷിക പദ്ധതി അവലോകനം

നഗരസഭയുടെ 2023-24 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 29-01-24 ലെ ഉത്തരവ് നം.83898/23/DPC/DPO/KTM പ്രകാരം പുതുക്കി അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തനഘട്ടം | തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 06-01-23 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 16-01-23 |
| | |

| | |
|---|---|
| പ്രത്യേകവാർഡുസഭ | 17-02-23 |
| വികസനസെമിനാർ | 02-03-23 |
| പദ്ധതിരൂപീകരണ വാർഡുസഭകൾ | ആഗസ്റ്റ് 23 |
| ഗുണഭോക്തൃലിസ്റ്റ് അംഗീകാരം | 20-10-23 |
| കരട് പദ്ധതി അംഗീകാരം | 04-04-23 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 155540821/-രൂപയും ആകെ ചെലവ് 69099379/-രൂപയുമാണ്. ചെലവ് 44.4%. സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പടെ ആകെ 308 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 153 എണ്ണം പ്രോജക്ടുകൾക്ക് വേണ്ടിയാണ് തൻവർഷം തുക ചെലവഴിച്ചത്. ഇവയിൽ ചില പ്രോജക്ടുകളുടെ ഭൗതിക നേട്ടം ആർജ്ജിച്ചിട്ടില്ല (ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും ഫണ്ട് കൈമാറ്റ പ്രോജക്ടുകൾക്കും സ്പിൽഓവർ പ്രോജക്ടുകളായി തുടരേണ്ടവയുമുള്ള പാർട്ട് ബിൽ ചെലവുകളും ) .ആയതിനാൽ തൻവർഷം തുക ചെലവഴിക്കപ്പെട്ട മുഴുവൻ പ്രോജക്ടുകളും ലക്ഷ്യമിട്ടവിധം പൂർണ്ണമായി നിർവ്വഹിക്കപ്പെട്ടവയാണെന്ന് കരുതാനാവില്ല. വാർഷിക പദ്ധതിയുടെ ഭാഗമായി ചുമതലപ്പെട്ടിരുന്ന 14 നിർവ്വഹണോദ്യോഗസ്ഥരിൽ വ്യവസായ വികസന ഓഫീസർ തൻവർഷം പ്രോജക്ട് ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.അതിനാൽ ഇതുമായി ബന്ധപ്പെട്ട മേഖലയിലെ പ്രോജക്ട് നിർവ്വഹണം കാര്യക്ഷമമായില്ല. അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ്മാസ്റ്റർ , വെറ്ററിനറി സർജൻ, പ്രോജക്ട് ഓഫീസർ ദാരിദ്ര്യലഘൂകരണം എന്നിവർ അതത് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ടിയിരുന്ന പ്രോജക്ടുകളുടെ അടങ്കൽ തുകയുടെ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചത്. ഇതിൽ തന്നെ പ്രോജക്ട് ഓഫീസർ 16% വും അസിസ്റ്റന്റ് എഞ്ചിനീയർ 26% മാത്രമാണ് വിനിയോഗിച്ചത്. ഭൂരിഭാഗം പ്രോജക്ടുകൾ നടപ്പാക്കാത്തതും സംസ്ഥാന വിഹിതത്തിൽ ചെലവ് ഇല്ലാത്തതും അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് ചെലവ് ശതമാനം കുറയുന്നതിന് ഇടയാക്കിയിട്ടുണ്ട്. ആകെയുള്ള 15 പ്രോജക്ടുകളിൽ 8 എണ്ണമേ നടപ്പാക്കിയുള്ളു എന്നതിനാൽ നഗര ദാരിദ്ര്യ നിർമ്മാർജ്ജനസെൽ പ്രോജക്ട് ഓഫീസറുടെ പ്രോജക്ട് ചെലവ് ശതമാനവും ആനുപാതികമായി കുറഞ്ഞു. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്റ്റിന്റെ എണ്ണം | നടപ്പാക്കിയ പ്രൊജക്റ്റുകളുടെ എണ്ണം | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 3 | 3 | 2400000 | 2379940 | 99 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 4 | 3 | 810000 | 596552 | 74 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 540000 | 0 | 0 |
| കൃഷി ഓഫീസർ | 4 | 4 | 3197000 | 2522750 | 79 |
| സെക്രട്ടറി | 64 | 33 | 36761754 | 24649003 | 67 |
| ഹെഡ്മാസ്റ്റർ | 11 | 6 | 3550000 | 1387069 | 39 |
| വെറ്ററിനറി സർജൻ | 6 | 5 | 2677700 | 927949 | 35 |
| ഡെപ്യൂട്ടി ഡയറക്ടർ ,ക്ഷീരവികസനം | 2 | 2 | 1950000 | 1019664 | 52 |
| പ്രോജക്ട് ഓഫീസർ, പി.എ.യു | 15 | 8 | 7631619 | 1259178 | 16 |
| ഹെൽത്ത് ഓഫീസർ | 14 | 9 | 5877560 | 3323288 | 57 |
| മെഡിക്കൽ ഓഫീസർ താലൂക്ക് ഹോസ്പിറ്റൽ | 15 | 13 | 10138036 | 8779863 | 87 |
| മുനിസിപ്പൽ എഞ്ചിനീയർ | 157 | 59 | 75427171 | 19691687 | 26 |

| | | | | | |
|---|---|---|---|---|---|
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 5 | 3562541 | 2002721 | 56 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 3 | 1017440 | 559715 | 55 |
| ആകെ | 308 | 153 | 155540821 | 69099379 | 44 |

വിവിധ കാരണങ്ങളാൽ സഞ്ചിതനിധിയിലേയ്ക്ക് 2.25 കോടി തിരികെ എടുക്കപ്പെട്ടു-

മേൽ ഖണ്ഡികയിൽ പരാമർശിച്ചിരിയ്ക്കുന്ന നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത പ്രോജക്ടുകൾ 50 % പോലും നടപ്പാക്കാത്തതിനാലും സമയബന്ധിതമായി ബില്ലുകൾ മാറാത്തതിനാലും ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 1631996 |
| 2 | വികസനഫണ്ട്, എസ്.സി.പി | 11956144 |
| 3 | വികസനഫണ്ട്, റ്റി.എസ്.പി | 0 |
| 4 | മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 4309288 |
| 5 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 4672550 |
| | ആകെ | 22569978 |

**സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുകയിൽ 80% എന്ന വിനിയോഗലക്ഷ്യത്തിൽ കുറവായ തുക നഗരസഭയ്ക്ക് ആത്യന്തികമായി നഷ്ടമായി.**

തൻവർഷം വികസനഫണ്ട് (എസ് സിപി ) യും മെയിന്റനൻസ് ഗ്രാന്റും 80 % ചെലവ് എന്ന ലക്ഷ്യം കൈവരിച്ചിട്ടില്ല. ഇതിൽ തന്നെ വികസനഫണ്ട് (എസ് സിപി ) 25% മാത്രമേ ചെലവഴിച്ചിട്ടുള്ളു. പട്ടികജാതി വികസനഓഫീസർക്ക് തൻവർഷം പ്രോജക്ടുകളുടെ നിർവ്വഹണചുമതല നൽകിയിട്ടില്ല. എസ്.സി.പി.ഫണ്ട് വിനിയോഗിച്ച് നടപ്പാക്കേണ്ട പ്രോജക്ടുകൾ മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്കാണ് നൽകിയിട്ടുള്ളത്. ചുമതലാവിഭജനത്തിലെ ഈ അപാകതയും എസ്.സി.പി ഫണ്ടിന്റെ ചെലവുശതമാനം കുറഞ്ഞുപോകുന്നതിന് ഒരു പരിധി വരെ കാരണമായിട്ടുണ്ട്. എസ് സി പി വിഹിതം 25% മാത്രമേ ചെലവഴിച്ചുള്ളുവെന്നതിനാൽ പരിഹാരവകയിരുത്തലിന്റെ ഭാഗമായി അടുത്ത വർഷം ലഭ്യമാകുന്ന പൊതുവിഭാഗം ഫണ്ടും ഗണ്യമായി കുറയാൻ സാധ്യതയുണ്ട്. മെയിന്റനൻസ് ഗ്രാന്റ് ( റോഡ് ) 70% വും മെയിന്റനൻസ് ഗ്രാന്റ് ( നോൺറോഡ് ) 76 % വുമാണ് ചെലവഴിച്ചിരിയ്ക്കുന്നത് . ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എംഎസ്)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരി ഓവർ വിഹിതമായി ലഭ്യമാകൂ. കൂടാതെ ഓരോ ഫണ്ടിനത്തിലെയും ആകെ ചെലവ് 80%ൽ എത്താത്തതിനാൽ യഥാർത്ഥ ചെലവും 80% വും തമ്മിലുള്ള വ്യത്യാസം ഷോർട് ഫോളായി കണക്കാക്കി തുടർ വർഷത്തെ അലോട്ട്മെന്റിൽ കുറവ് വരുവാനുമിടയാകും. ഇപ്രകാരം 2025-26 ൽ വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റിനങ്ങളിലായി ആകെ 1.10 കോടി രൂപയാണ് പൂർണമായി നഷ്ടപ്പെടുക. വിശദാംശങ്ങൾ ഖണ്ഡിക 1-38 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**മരാമത്ത് പ്രവൃത്തികൾ**

തൻവർഷം മുനിസിപ്പൽ എൻജിനീയർക്ക് 157 മരാമത്ത് പ്രവൃത്തി പ്രോജക്ടുകളുടെ നിർവ്വഹണചുമതല ഉണ്ടായിരുന്നുവെങ്കിലും ഇതിൽ 59 എണ്ണത്തിന് മാത്രമാണ് തുക ചെലവഴിച്ചത്. മരാമത്ത് പ്രോജക്ടുകൾക്കായി വിവിധ ഫണ്ടിനങ്ങളിൽ ആകെ വകയിരുത്തിയ തുകയുടെ 26 ശതമാനമേ തൻവർഷം ചെലവഴിയ്ക്കാനായുള്ളു. മുനിസിപ്പൽ എഞ്ചിനീയർ ഏറ്റെടുത്ത റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ മിക്കവയും നടപ്പാക്കാത്തതിനാൽ 43 ലക്ഷത്തിലധികം രൂപ മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനത്തിൽ തന്നെ നഷ്ടമായി. അതുപോലെ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്ന പല പ്രധാന പ്രോജക്ടുകളും തൻവർഷം നടപ്പിലാക്കിയിട്ടുമില്ല. ഗവ ടൌൺ എൽ പി സ്കൂളിൽ വാട്ടർ ടാങ്ക് മാറ്റി സ്ഥാപിയ്ക്കൽ, വിവിധ സ്കൂളുകളിൽ തുമ്പൂർമുഴി യൂണിറ്റുകൾ സ്ഥാപിയ്ക്കൽ, വൈക്കം പബ്ലിക്ക് ടോയ് ലറ്റ് -ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രം- ഫീഡിംഗ് റൂം ഉൾപ്പെടെ സ്ഥാപിയ്ക്കൽ , വിവിധ സ്കൂളുകളിൽ സയൻസ് ലാബ്, ആർട്ട് & കൾച്ചർ റൂം, ലൈബ്രറി റൂം തുടങ്ങിയ ലക്ഷങ്ങൾ വകയിരുത്തിയതും ജനകീയ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ ഒഴിവാക്കാൻ പാടില്ലാതിരുന്നതുമായ പല സ്പിൽ ഓവർ പ്രോജക്ടുകളും തൻവർഷവും നടപ്പാക്കാത്തത് മൂലം ചെലവ് ശതമാനം വളരെയധികം കുറഞ്ഞു. നഗരസഭയുടെ ആസ്തികൾ അറ്റകുറ്റപ്പണി നടത്തി വരുമാനദായകമാക്കുക എന്ന ലക്ഷ്യത്തോടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന നഗരസഭാ ഗസ്റ്റ് ഹൌസ് മെയിന്റനൻസിനായി 550000

രൂപ വകയിരുത്തിയിരുന്നെങ്കിലും തൻവർഷം നടപ്പാക്കിയിട്ടില്ല. ജനകീയ ആവശ്യങ്ങൾ പരിഗണിച്ച് തയ്യാറാക്കപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിയ്ക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിയ്ക്കുന്നതിനും നഗരസഭാകൌൺസിലിന്റെ ക്രിയാത്മക ഇടപെടൽ അനിവാര്യമാണ്.

**വാർഷികപദ്ധതിയും മേഖലാ വിഭജനവും**

വിവിധ മേഖലകൾ തിരിച്ചുള്ളതും വിഭാഗം തിരിച്ചുള്ളതുമായ വകയിരുത്തലിലും വിനിയോഗത്തിലും സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ നിർബന്ധമായി പാലിക്കേണ്ടതാണ്. സർക്കാർ മാർഗ്ഗരേഖ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നതിലുള്ള വീഴ്ച്ച മൂലം തുടർവർഷങ്ങളിലെ വകയിരുത്തലിൽ അസന്തുലിതാവസ്ഥ ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്. വാർഷിക പദ്ധതി പ്രോജക്ടുകൾ ശരിയായ ജനകീയാവശ്യങ്ങൾ പരിഗണിച്ച് ശരിയായ പ്രക്രിയയിലൂടെ (Due Process) ഉരുത്തിരിയുന്നുവെന്ന് ഉറപ്പാക്കേണ്ടതുമാണ്. വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി പരാമർശിച്ചിട്ടുണ്ട്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

2023-24 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 548 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 149 പദ്ധതികളിൽ 149 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. തൻവർഷം 1133 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസംരക്ഷണം, ഭൂവികസനം, മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ, സുഭിക്ഷകേരളം പദ്ധതിയും തൊഴിലുറപ്പ് പദ്ധതിയും സംയോജിപ്പിച്ചുകൊണ്ട് നെൽകൃഷി, പച്ചക്കറികൃഷി, മത്സ്യകൃഷി, തീറ്റപുൽകൃഷി എന്നിവയ്ക്കായി നിലം ഒരുക്കൽ പ്രവൃത്തികൾ തുടങ്ങിയവയാണ് തൻവർഷം പ്രധാനമായും നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിയ്ക്കുന്നില്ല എന്നതിനാൽ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു

| ഇനം | ആകെ |
|---|---|
| മുന്നിരിപ്പ് | 48484.98 |
| വരവ് | 18258442 |
| ആകെ | 18306926.98 |
| ചെലവ് | |
| ഭരണചെലവ് | 584460 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 10940320 |
| ആകെ | 11524780 |
| നീക്കിയിരിപ്പ് | 6782146.98 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമ പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുകകളുടെ നഗരസഭ ലഭ്യമാക്കിയ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2870000 | 231 |
| വിധവാപെൻഷൻ | 6079200 | 570 |
| വാർദ്ധക്യകാലപെൻഷൻ | 21938400 | 2016 |
| 34 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 26 | സെക്രട്ടറി വൈക്കം ടൗൺ കോപ്പറേറ്റീവ് ബാങ്ക് | 5629+1013 (ജിഎസ്ടി) | 67548+12156 (ജിഎസ്ടി) | 04/2023-03/2024 |
| 35 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 36 | പ്രസിഡന്റ്, പ്രസ് ക്ലബ് | 1626+292 (ജിഎസ്ടി) | 19512+3504 (ജിഎസ്ടി) | 04/2023-03/2024 |
| 36 | ശ്രീമൂലം മാർക്കറ്റ് റൂം നം-1 | ശ്രീ ബിജുമോൻ പി.വി | 3704+667 (ജിഎസ്ടി) | 44448+8004 (ജിഎസ്ടി) | 04/2023-03/2024 |
| 37 | ശ്രീമൂലം മാർക്കറ്റ് റൂം നം-2 | ശ്രീ ബിജുമോൻ പി.വി | 3704+667 (ജിഎസ്ടി) | 44448+8004 (ജിഎസ്ടി) | 04/2023-03/2024 |
| 38 | ശ്രീമൂലം മാർക്കറ്റ് റൂം നം-4 | ശ്രീ ബിജു ഉലഹന്നാൻ | 5250+946 (ജിഎസ്ടി) | 63000+11352 (ജിഎസ്ടി) | 04/2023-03/2024 |
| 39 | ശ്രീമൂലം മാർക്കറ്റ് റൂം നം-5 | ശ്രീ പോൾ സേവ്യർ | 3589+646 (ജിഎസ്ടി) | 17945+7752 (ജിഎസ്ടി) | 11/2023-03/2024 |
| | ആകെ | | | 1898321+338868 (ജിഎസ്ടി) | |

വാടക ഡിമാൻഡ് രജിസ്റ്റർ പ്രകാരം തൻവർഷകുടിശ്ശിക 1898321/- രൂപയാണ്.എന്നാൽ 2023-24 വാർഷികധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ Rent Receivables From Buildings (Current) എന്ന ശീർഷകത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നത് 1542057/- രൂപയാണ്.വാടക കുടിശ്ശിക തുക പൂർണ്ണമായി ഈടാക്കാത്തതിനും വാടക ഡിമാൻഡ് രജിസ്റ്റർ പ്രകാരമുള്ള തൻവർഷകുടിശ്ശിക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടാത്തതിനും വിശദീകരണം ലഭ്യമാക്കുന്നതിനും ക്രമനമ്പർ 2 പ്രകാരമുള്ള സ്ഥാപനം വാടക സംബന്ധിച്ച് ജിഎസ്ടി അടവാക്കിയതിന്റെ വിശദാംശങ്ങൾ നഗരസഭയെ

അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/16.01.2025) മറുപടി ലഭ്യമാക്കിയില്ല. മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള 131 മുറികളിൽ 39 മുറികളുടെയും കുത്തകക്കാർ വാടക കൃത്യമായി ഒടുക്കുന്നില്ല എന്ന സാഹചര്യം ഇത് സംബന്ധമായ ഭരണതല നടപടികളുടെ അപര്യാപ്തത വ്യക്തമാക്കുന്നു. 2023-24 വാർഷികധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ Rent Receivables From Buildings (Arrears) എന്ന ശീർഷകത്തിൽ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്ന 3726497 രൂപയുടെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കിയില്ല.നിയമപ്രകാരവും കരാർ വ്യവസ്ഥ പ്രകാരവും സ്വീകരിക്കാവുന്ന ഭരണതലനടപടികളിലൂടെ വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കേണ്ടതാണ്. വാടക കുടിശ്ശിക സംബന്ധിച്ച് വാടക ഡിമാൻഡ് രജിസ്റ്റർ, വാർഷികധനകാര്യപത്രിക എന്നിവ വെളിപ്പെടുത്തുന്ന കണക്കുകളിലെ പൊരുത്തക്കേട് പരിഹരിക്കേണ്ടതുമാണ്. മേൽ പട്ടികയിലെ ക്രമനമ്പർ 2 പ്രകാരമുള്ള സ്ഥാപനം വാടകയോടൊപ്പം ജിഎസ്ടി അടവാക്കിയതിന്റെ വിശദാംശങ്ങൾ ആയതിന്റെ ഫയലിംഗ് രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമായിട്ടില്ല. ഇത് സംബന്ധമായ ആധികാരിക രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഒട്ടേറെ മുറികൾ വാടകരഹിതമായി ഒഴിഞ്ഞ് കിടക്കുന്നു-വരുമാനനഷ്ടം.

വൈക്കം മുനിസിപ്പാലിറ്റിയുടെ 2023-24 വർഷത്തെ വാടക ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികളിൽ താഴെ പറയുന്നവ വരുമാനദായകമായ വിധം വിവിധ കുത്തകക്കാർക്ക് നിയമാനുസൃത കരാർ ചമച്ച് വാടകയ്ക്ക് നൽകാതെ ഒഴിച്ചിട്ടതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മുറി | ഒഴിഞ്ഞ് കിടന്ന കാലയളവ് |
|---|---|---|
| 1 | കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സ് റൂം നമ്പർ- 21 | 04/2023-03/2024 |
| 2 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 1 | 04/2023-03/2024 |
| 3 | ദളവാക്കുളം ബസ് ടെർമിനൽ റൂം നമ്പർ 5 | 04/2023-03/2024 |
| 4 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ് റൂം നം -4 | 04/2023-03/2024 |
| 5 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ് റൂം നം -5 | 04/2023-03/2024 |
| 6 | കോവിലകത്തും കടവ് മാർക്കറ്റ് കോംപ്ലക്സ്(റൂം നം രേഖപ്പെടുത്തിയിട്ടില്ല) | 04/2023-03/2024 |
| 7 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 10 | 04/2023-03/2024 |
| 8 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 12 | 04/2023-03/2024 |
| 9 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 19 | 04/2023-03/2024 |
| 10 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 20 | 04/2023-03/2024 |
| 11 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 21 | 04/2023-03/2024 |
| 12 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 22 | 04/2023-03/2024 |
| 13 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 23 | 04/2023-03/2024 |
| 14 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 34 | 04/2023-03/2024 |

| | | |
|---|---|---|
| 15 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 42 | 04/2023-03/2024 |
| 16 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 43 | 04/2023-03/2024 |

1.നഗരസഭയുടെ ഉടമസ്ഥതയിലുള്ള ദളവാക്കുളം ബസ് ടെർമിനൽ റൂം 2-ൽ എം ജി യൂണിവേഴ്സിറ്റി ഇൻഫർമേഷൻ സെന്റർ പ്രവർത്തിക്കുന്നതായി വാടക ഡിമാൻഡ് രജിസ്റ്റർ പ്രകാരം കാണുന്നു.മേൽ സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നതായി കാണുന്നില്ല.വാടക ഒഴിവാക്കി നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2.മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം.8 ഡിമോളിഷ് ചെയ്തതായി വാടക ഡിമാൻഡ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.മേൽ മുറി പുനർനിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

3.നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് റൂം നം- 16,17-ൽ ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസ് പ്രവർത്തിക്കുന്നതായി വാടക ഡിമാൻഡ് രജിസ്റ്റർ പ്രകാരം കാണുന്നു.മേൽ സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നതായി കാണുന്നില്ല.വാടക ഒഴിവാക്കി നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
പട്ടിക പ്രകാരമുള്ള മുറികൾ വാടകയ്ക്ക് നൽകുന്നതിനു നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ടും ക്രമനം 1 ,3 പ്രകാരമുള്ള സ്ഥാപനങ്ങൾ വാടകരഹിതമായി പ്രവർത്തുക്കുന്നതിന് ആധാരമായ രേഖകൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചും ക്രമനം 2 പ്രകാരമുള്ള മുറിയുടെ പുനർനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/17.01.2025) മറുപടി ലഭ്യമാക്കിയില്ല. കൂടാതെ നഗരസഭയുടെ ആസ്തിയായ കച്ചേരിക്കവല ഷോപ്പിംഗ് കോംപ്ലക്സിലെ മുകൾ നില ട്യൂഷൻ സെന്റർ നടത്തിപ്പിനായി വാടകയ്ക്ക് നൽകുവാൻ ശ്രീ അമൽദേവ് , ജമിനി , വളവനടിത്തറ എന്ന വ്യക്തി സമർപ്പിച്ച അപേക്ഷ, കെട്ടിടം സുരക്ഷിതമല്ല എന്ന കാരണത്താൽ തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി 10/08/2023 ലെ 14-ാം നമ്പർ തീരുമാനപ്രകാരം മുൻസിപ്പൽ കൗൺസിലിന് ശുപാർശ ചെയ്തിരുന്നു.ശുപാർശയിൻമേൽ കൗൺസിൽ കൈകൊണ്ട തീരുമാനം, ഇത് സംബന്ധിച്ച ഫയൽ (ആർ 3 1984/23), കെട്ടിടം സുരക്ഷിതമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/22.01.2025) മറുപടി ലഭ്യമാക്കിയില്ല. മുറികൾ ദീർഘകാലം വാടകരഹിതമായി ഒഴിഞ്ഞ് കിടക്കുന്നതും സമയബന്ധിതമായി പുനർനിർമ്മാണം സാദ്ധ്യമാകാത്തതും നഗരസഭയുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതിനും ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ പരിപാലനത്തിന്റെ അഭാവത്താൽ ഉപയോഗയോഗ്യമല്ലാതായി തീരുന്നതിനും ഇടയാക്കും. വാടകയ്ക്ക് കൊടുക്കാൻ നിലവിലും അവശേഷിക്കുന്ന മുറികൾ സംബന്ധിച്ച് സത്വരനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഷോപ്പിംഗ് കോംപ്ലക്സുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തി വാണിജ്യതാൽപ്പര്യങ്ങൾക്ക് അനുകൂലമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല ആവശ്യമായ അനുമതിയോടെ, അർഹതയുള്ള സ്ഥാപനങ്ങളെ മാത്രമെ നഗരസഭാ കെട്ടിടങ്ങളിൽ വാടകരഹിതമായി പ്രവർത്തിക്കുന്നതിന് അനുവദിക്കാവൂ. സ്വതവെ ശുഷ്ക്കമായ വരുമാന സ്രോതസ്സുകൾ മാത്രമുള്ള നഗരസഭയിൽ ലഭ്യമായവ പോലും പ്രയോജനപ്പെടുത്താത്ത സ്ഥിതി ഒട്ടും തന്നെ ആശാസ്യമല്ല. നഗരസഭാ കൗൺസിലിന്റെയും, ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെയും സത്വരശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

## 1-24 നഗരസഭ ടൗ® ഹാ® -വാടക കുടിശ്ശിക നിലവിലും ഈടാക്കിയില്ല.

ഫയൽ നം - ആർ 3 4869/14

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗ® ഹാൾ കെട്ടിടത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ/ഓഫീസുകൾ കൂടി പ്രവർത്തിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രവർത്തിച്ചിരുന്ന ഇടം | സ്ഥാപനം | കാലയളവ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | താഴത്തെ നില | ബാർ അസോസിയേഷൻ , ക്ലർ ക്ക് അസോസിയേഷൻ , ലീഗൽ സർ വീസ് സൊസൈറ്റി | പ്രവർത്തനം തുടങ്ങിയ കാലയളവ് വ്യക്തമാക്കുന്ന രേഖകൾ ഫയലില്ല. |
| 2 | ഒന്നാം നില | ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി | 06.07.2015 മുതൽ – മുറി ഒഴിഞ്ഞതിന്റെ കൃത്യമായ തീയതി ഫയലിൽ ലഭ്യമല്ല |
| 3 | രണ്ടാം നില | മുൻ സിഫ് കോടതി | 04.01.2017 മുതൽ – 15.05.2018 വരെ |

മേൽ സ്ഥാപനങ്ങളുടെ വാടക യഥാസമയം നിശ്ചയിച്ച് ഈടാക്കുന്നതിന് നഗരസഭയ്ക്ക് സാധിച്ചിരുന്നില്ല. ടി കെട്ടിടത്തിന്റെ വാടക നൽ കുന്നതിന് വേണ്ടി PWD വിഭാഗം നൽ കുന്ന പ്രതിമാസ വാടക നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുവാൻ ബഹു. കോടതിയിൽ നിന്നും ആവശ്യപ്പെട്ടിരുന്നുവെങ്കിലും നഗരസഭ ആയത് ലഭ്യമാക്കി വാടക ഈടാക്കിയതായി കാണുന്നില്ല. 30.04.2018 ൽ ആർ3 4869/16 കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമരത്ത് (കെട്ടിടവിഭാഗം), വൈക്കം ഓഫീസിനോട് നഗരസഭ ആവശ്യപ്പെട്ടിരുന്നു. നടപടിക്രമങ്ങൾ നിലവിലും പൂർത്തീകരിച്ചിട്ടില്ല. വാടക നിശ്ചയിക്കുന്നതിനായി വിസ്തൃതി (Extent Of Land As Per Site Measurement) നിർണ്ണയിച്ച് ലഭ്യമാക്കുന്നതിന് 20.05.2024 ലെ 222042-2024 നമ്പറായി വില്ലേജ് ഓഫീസർ, വൈക്കത്തിന് കത്ത് നൽകിയതാണ് ഇത് സംബന്ധിച്ച് നഗരസഭ സ്വീകരിച്ച ഏറ്റവും അവസാനത്തെ നടപടി(ബന്ധപ്പെട്ട ഫയൽ പ്രകാരം). തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/18.01.2025) മറുപടി ലഭ്യമാക്കിയില്ല. ടൗൺ ഹാൾ നിലവിൽ വാടകയ്ക്ക് നൽകുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനും എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. മേൽ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 23/01/2025 ൽ നടത്തിയ ഭൗതിക പരിശോധനയിൽ മേൽ ഓഫീസുകൾ പ്രവർത്തിച്ചിരുന്ന കെട്ടിടഭാഗങ്ങൾ അടഞ്ഞ് കിടക്കുന്നതായി കാണപ്പെട്ടു. 1012.60 M2 വിസ്താരമുള്ള മൂന്ന് നിലകളോട് കൂടിയ ടൗൺ ഹാൾ കെട്ടിടം വൈക്കം നഗരത്തിന്റെ വാണിജ്യപ്രാധാന്യമുള്ള കേന്ദ്രസ്ഥാനത്താണ് സ്ഥിതി ചെയ്യുന്നത്. ആയത് വാടകരഹിതമായി തുടരുന്നത് വരുമാനത്തിൽ വലിയ നഷ്ടത്തിന് ഇടയാക്കുന്നു.ഭരണസമിതിയും, ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വിഷയത്തിൽ അടിയന്തര ഇടപെടലുകൾ നടത്തേണ്ടതും സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് വാടക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-25 ജങ്കാർ സർവ്വീസ് നടത്തിപ്പ് ഏറ്റെടുത്ത കുത്തകക്കാരൻ കുത്തകത്തുക പൂർണ്ണമായി ഒടുക്കിയിട്ടില്ല.

ഫയൽ നം.ആർ3-1743

വൈക്കം നഗരസഭയ്ക്ക് നടത്തിപ്പ് ചുമതലയുള്ള വൈക്കം തവണക്കടവ് ജങ്കാർ സർവ്വീസ് ഏറ്റെടുത്ത ശ്രീ നൗഷാദ് കെ എ, വൈസ് വില്ല എന്ന വ്യക്തി 11/2023 മുതൽ 02/2024 കാലയളവിലെ എഗ്രിമെന്റ് പ്രകാരമുള്ള കുത്തകത്തുക അടവാക്കിയില്ലായെന്നും കുടിശ്ശികയായ 220576 രൂപ അതിന്മേലുള്ള ജി എസ് ടിയും പിഴപ്പലിശയും അടിയന്തിരമായി അടവാക്കണമെന്നും കാണിച്ച് ആർ3-1743/2019 /01.03.2024 നമ്പർ പ്രകാരം നോട്ടീസ് നൽകിയതായും കാണുന്നു. കുടിശ്ശിക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, 2023-24 വർഷത്തിൽ ജങ്കാർ സർവ്വീസുമായി ബന്ധപ്പെട്ട് സ്വീകരിച്ച ലേലനടപടികളുടെ വിശദാംശങ്ങൾ,നിശ്ചിത മൂല്യമുള്ള മുദ്രപ്പത്രത്തിൽ ചമച്ച കരാർ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/16.01.2025) മറുപടിയും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കിയില്ല. താരതമ്യേനെ ഉയർന്ന വരുമാനം ലഭിക്കുന്ന ജങ്കാർ സർവ്വീസിന്റെ കുത്തക്കാരനിൽ നിന്നും പൂർണ്ണമായി തുക ഈടാക്കാൻ കഴിയാത്ത അവസ്ഥ കാര്യക്ഷമമായ ഭരണതല നടപടികളുടെ അപര്യാപ്തത വ്യക്തമാക്കുന്നു. ജങ്കാർ സർവ്വീസുമായി ബന്ധപ്പെട്ട് സ്വീകരിച്ച ലേലനടപടികളുടെ വിവരങ്ങൾ, കരാർ ,കുടിശ്ശിക

പൂർണ്ണമായും ഈടാക്കിയതിന്റെ വിവരങ്ങൾ എന്നിവ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-26 സർക്കാരിൽ നിന്നും വിട്ട്കിട്ടിയ ബീച്ച് മൈതാനം വരുമാനദായകമായ രീതിയിൽ പ്രയോജനപ്രദമാക്കുന്നതിൽ ഗുരുതര വീഴ്ച്ചയും അമാന്തവും.

ഫയൽ നം.ആർ3 9228/21

വൈക്കം നഗരസഭയിൽ വേമ്പനാട് കായലിനോട് ചേർന്ന് കിടക്കുന്ന 6 ഏക്കർ 80 സെന്റ് സ്ഥലം (സർവ്വേ നം 197/1) കളിസ്ഥലം, സ്റ്റേഡിയം എന്നിവ നിർമ്മിക്കുന്നതിനായി 10.10.1988 ലെ സ ഉ (എം എസ്) നം 734/88/ആർ ഡി പ്രകാരം സംസ്ഥാന സർക്കാർ നഗരസഭയ്ക്ക് വിട്ടുനൽകിയിട്ടുണ്ട്. വൈക്കം ബീച്ച് എന്നറിയപ്പെടുന്ന മേൽ പ്രദേശത്ത് 21/01/2025 ൽ നടത്തിയ ഭൗതിക പരിശോധനയിൽ നിലവിലും മേൽ സ്ഥലത്ത് ആധുനിക സൗകര്യങ്ങളോട് കൂടിയ കളിസ്ഥലമോ സ്റ്റേഡിയമോ നിർമ്മിച്ചതായി കാണുന്നില്ല. നിലവിൽ ബീച്ച് വിവിധ സ്പോർട്ട്സ് ടൂർണമെന്റുകൾ, മറ്റ് പരിപാടികൾ എന്നിവ നടത്തുന്നതിനായി വിട്ടുനൽകുന്നുണ്ട്. ബീച്ചിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനികവത്കരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/21.01.2025) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബീച്ച് പ്രദേശം വിവിധ പരിപാടികൾക്കായി വിട്ടുനൽകുന്നതിന് കൃത്യമായ മാനദണ്ഡമില്ല. ഉദാഹരണമായി ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി 16.03.2023 ലെ 3-)ം നമ്പർ തീരുമാനപ്രകാരം 14.03.2023 മുതൽ 16.03.2023 വരെ ബീച്ച് മൈതാനത്തിൽ ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിക്കുന്നതിന് ബുദ്ധാസ് ക്രിക്കറ്റ് ക്ലബ് ,ഉദയനാപുരത്തിന് മൈതാനം സൗജന്യമായി അനുവദിച്ചതായി കാണുന്നു. എന്നാൽ വൈക്കം റിയൽ ലെജൻഡ്സ് ക്രിക്കറ്റ് ക്ലബ് 15/08/23,19/08/23,20/08/23,26/08/23,27/08/23 ബീച്ച് മൈതാനം ക്രിക്കറ്റ് ടൂർണമെന്റിനായി ഉപയോഗിച്ചതിനായി 7000+ജി എസ് ടി ഈടാക്കാൻ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി 14.08.2023 ലെ 4-ാം നമ്പർ തീരുമാനപ്രകാരം ശുപാർശ നൽകിയതായി കാണുന്നു.മാത്രമല്ല 12/08/2023,13/08/2023 തീയതികളിൽ മുൻസിപ്പാലിറ്റിയുടെ അനുമതിയില്ലാതെ മേൽ ക്ലബ് ക്രിക്കറ്റ് ടൂർണമെന്റ് സംഘടിപ്പിച്ചതായും ബന്ധപ്പെട്ട ഫയലിൽ കാണുന്നു. 11/11/2023 തീയതിൽ ബീച്ച് മൈതാനത്ത് വൈബ്രന്റ് അസോസിയേറ്റ്സ് എന്ന സ്ഥാപനം സംഗീതനിശ സംഘടിപ്പിക്കുന്നതിനായി വാടകയിനത്തിൽ 20000 + 3600 (ജിഎസ്ടി) നഗരസഭയിൽ ഒടുക്കിയിരുന്നു. (01/123010100893/11.11.23). സാങ്കേതിക കാരണങ്ങളാൽ മേൽ പരിപാടി റദ്ദായത് കാരണം വാടകയിനത്തിൽ ഈടാക്കിയ തുക മുഴുവനായി തിരികെ നൽകിയതായി കാണുന്നു. തുക തിരികെ നൽകുന്നതിന് മാനദണ്ഡം, ബീച്ച് മൈതാനം ഉപയോഗിക്കുന്നതിന് നിയമാവലി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനും മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകാനും മേൽ നടപടികൾക്ക് നഗരസഭ ഭരണസമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ അറിയിക്കാനും ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ഇത്രയേറെ വർഷങ്ങൾക്ക് ശേഷവും സൗജന്യമായി വിട്ട്കിട്ടിയ ബീച്ച് മൈതാനത്ത് അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കാൻ കഴിയാത്തതും വ്യവസ്ഥാപിതമായ രീതിയിൽ അംഗീകരിക്കപ്പെട്ട നിയമാവലി പ്രകാരം ഫീസ് നിശ്ചയിച്ച് വരുമാനദായകമാക്കാൻ കഴിയാത്തതും ന്യായീകരിക്കാവുന്നതല്ല. നഗരസഭയുടെ സുപ്രധാനമായ ഒരു ആസ്തി സംരക്ഷിക്കുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിൽ ഉപയുക്തമാക്കുന്നതിനും കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.





## 1-27 ആസ്തികളും അവകാശങ്ങളും ഫലപ്രദമായും വരുമാനദായകമായും ഉപയോഗിക്കുന്നതിൽ വീഴ്ച്ച.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ എല്ലാ മുറികളും വാടക ലൈസൻസ് വ്യവസ്ഥയിൽ നൽകിയും വരുമാനദായകമായി ഉപയോഗിക്കാവുന്ന മറ്റ് ആസ്തികൾ പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുന്നതിൽ നഗരസഭാധികൃതർ വേണ്ടത്ര വിജയിച്ചിട്ടില്ല. കൂടാതെ വിവിധങ്ങളായ അവകാശങ്ങൾ

സുതാര്യമായ ലേലത്തിലൂടെ കൈമാറി വരുമാനം ആർജ്ജിക്കുന്നതിലും കൂടുതൽ ശ്രദ്ധ ആവശ്യമാണ്. ഇത് സംബന്ധമായ വിശദാംശങ്ങൾ ഓഡിറ്റ് നിർദ്ദേശങ്ങൾ സഹിതം ചുവടെ ചേർക്കുന്നു.

| ക്രമനം | ആസ്തി/ അവകാശം | നിലവിലെ സ്ഥിതി | ഓഡിറ്റ് നിർദ്ദേശം |
|---|---|---|---|
| 1 | ബസ് സ്റ്റാൻഡുകളിൽ നിന്നും യൂസർ ഫീ പിരിക്കൽ (ദളവാക്കുളം ബസ് സ്റ്റാൻഡ്,പ്രൈവറ്റ് ബസ് സ്റ്റാൻഡ്) | നിലവിൽ യൂസർ ഫീ പിരിവ് ഉള്ളതായി കാണുന്നില്ല. 2023-24 വാർഷികധനകാര്യപത്രികയിൽ ഈയിനത്തിൽ വരവില്ല. | ദിവസേന അനവധി വാഹനങ്ങൾ രണ്ട് ബസ് സ്റ്റാൻഡിലൂടെ കടന്നുപോകുന്നുണ്ട്. സ്റ്റേജ് കാരിയറുകൾ കൂടാതെ കോൺട്രാക്ട് കാരിയറുകളും ബസ് സ്റ്റാൻഡ് പാർക്കിംഗിനും മറ്റുമായി ഉപയോഗിക്കുന്നതായി 23/01/2025 ലെ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. യൂസർ ഫീ പിരിവിനുള്ള അവകാശം ലേലനടപടികളിലൂടെ നൽകേണ്ടതും വരുമാനം വർദ്ധിപ്പിക്കേണ്ടതുമാണ്. |
| 2 | ടേക്ക് എ ബ്രേക്ക് കോംപ്ലക്സുകൾ ,ശൗചാലയ സമുച്ചയങ്ങൾ | ദളവാക്കുളം ബസ് സ്റ്റാൻഡ് ടേക്ക് എ ബ്രേക്ക് കോംപ്ലക്സ് നിലവിൽ പ്രവർത്തനക്ഷമമാണ്. പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകിയതായി കാണുന്നില്ല. | ശൗചാലയ സമുച്ചയങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നൽകാവുന്നതാണ്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും മേൽ ആസ്തികളുടെ പരിപാലനത്തിനും ലേലനടപടി സഹായിക്കും |
| 3 | ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്ന വാഹനങ്ങളിൽ നിന്ന് ഫീസ് പിരിവ് നടത്തുന്നതിനുള്ള അവകാശം | 2023-24 വർഷം ഈയിനത്തിൽ വരവുള്ളതായി കാണുന്നില്ല. 24.01.2025 ലെ ഭൗതിക പരിശോധനയിൽ ഡ്രൈവിംഗ് ടെസ്റ്റ് നടക്കുന്നതായി കണ്ടു. | ഫീസ് പിരിവ് നടത്തുന്നതിനുള്ള അവകാശം ലേലനടപടികളിലൂടെ നൽകി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്. |
| 4 | നഗര സഭ ലോഡ്ജ് | നിലവിൽ ലേലത്തിൽ നൽകിയിട്ടില്ല. | ലോഡ്ജ് കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ലേലത്തിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 5 | ഐസ് പ്ലാന്റ് & കോൾഡ് സ്റ്റോറേജ് | നിലവിൽ ലേലത്തിൽ നൽകിയിട്ടില്ല. | ഐസ് പ്ലാന്റ് & കോൾഡ് സ്റ്റോറേജ് പ്രവർത്തനം സംബന്ധിച്ച് നഗരസഭ കൗൺസിൽ വിശദമായ ചർച്ച നടത്തി നഗരസഭയിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരുടെ കൂടി സഹായത്തോടെ ഉചിതമായ തീരുമാനം എടുക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| 6 | നഗര സഭ ടൗൺ ഹാൾ | വാടകയിനത്തിൽ തൻവർഷം 70850 രൂപ വരവുണ്ട്. എന്നാൽ നിലവിൽ ലേലത്തിൽ നൽകിയിട്ടില്ല. വരവ് തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | ടൗൺ ഹാൾ വാടകയ്ക്ക് നൽകുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 7 | തെക്കേടത്ത് പുരയിടത്തിൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം. | തൽസ്ഥിതി വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. | നഗരസഭാ ആസ്തികൾ സംരക്ഷിക്കേണ്ടതും വരുമാനദായകമായ രീതിയിൽ ഉപയോഗ്യമാക്കേണ്ടതുമാണ്. |
| 8 | സത്യഗ്രഹ സ്മാരകത്തിലെ 3 മുറികൾ. | റൂം നം 3 ൽ നിലവിൽ പ്രവർത്തിക്കുന്ന എം ജി യൂണിവേഴ്സിറ്റി റിസർച്ച് വിഭാഗത്തോട് മുറി ഒഴിഞ്ഞ് നൽകുന്നതിന് നഗരസഭ ആവശ്യപ്പെട്ടതായി കാണുന്നു. (ഫയൽ നം 5721/14). ആയതിലെ തുടർനടപടികളുടെ വിവരങ്ങൾ, മറ്റ് രണ്ട് മുറികളുടെ ഉപയോഗം എന്നിവ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമല്ല. | സത്യഗ്രഹ സ്മാരകത്തിലെ മുറികൾ വരുമാനദായകമാക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| 9 | മുനിസിപ്പൽ പാർക്ക്, ബീച്ച് | മുനിസിപ്പൽ പാർക്ക്, ബീച്ച് എന്നിവ സൗജന്യമാണ് നിലവിൽ പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിരിക്കുന്നത് എന്ന് 23/01/2025 ലെ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. മുൻവർഷങ്ങളിൽ ലേലമിനത്തിൽ വരവുണ്ടായിരുന്ന പാർക്ക് ഐസ് ക്രീം പാർലർ പ്രവർത്തിക്കുന്നില്ലായെന്നും കണ്ടു. | മുനിസിപ്പൽ പാർക്ക്, ബീച്ച് എന്നിവയ്ക്ക് എൻട്രി ഫീസ് ഏർപ്പെടുത്താവുന്നതാണ്.പാർക്ക് ഐസ് ക്രീം പാർലർ പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യാവുന്നതാണ്. |
| 10 | ശ്രീമൂലം മാർക്കറ്റ് | നിലവിൽ മാർക്കറ്റ് കെട്ടിടം അടച്ചിട്ടിരിക്കുന്നതായി ഭൗതികപരിശോധനയിൽ (23/01/2025) ബോധ്യപ്പെട്ടു. | മാർക്കറ്റ് കെട്ടിടം ലേലനടപടികളിലൂടെ വാടകയ്ക്ക് നൽകുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. |



ദളവക്കുളം ബസ്സ്റ്റാന്റ്







**ബൈലോ നിലവിലില്ല.**

നഗരസഭയുടെ പ്രധാന വരുമാനമാർഗ്ഗങ്ങളിലൊന്ന് വാടകയാണ്. നഗരസഭയുടെ ഉടമസ്ഥതയിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാന്റുകൾ, ഹാളുകൾ, പാർക്ക്, കച്ചവടങ്ങൾക്കും സമ്മേളനങ്ങൾക്കും മറ്റുമായി വാടകയ്ക്ക് നൽകുന്ന ഭൂമി, ലോഡ്ജ് തുടങ്ങി നിരവധി ആസ്തികളുണ്ട്. മുറികൾ വാടകയ്ക്ക് നൽകുന്നതിനുവേണ്ടി 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 567 പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. നഗരസഭ വാടകയ്ക്കായി നൽകുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ മുതൽ ദൈനംദിനാടിസ്ഥാനത്തിൽ വാടകയ്ക്ക് നൽകുന്ന ഭൂമിയുൾപ്പെടെ വ്യത്യസ്തങ്ങളായ ആസ്തികൾ ഉള്ളതിനാൽ ബൈലോ തയ്യാറാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ 2000-ലെ മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, ചട്ടം 7, 8 പ്രകാരം മുനിസിപ്പാലിറ്റിയുടെ സ്വന്തമായതോ മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായതോ ആയ വസ്തുക്കളുടെ കൈമാറ്റം നിശ്ചിത മാതൃകയിലുള്ള വാടക കരാറിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ്. നഗരസഭയുടെ ആസ്തികൾ കൈമാറ്റം നടത്തിയിട്ടുള്ള കാരാറുകാർ/ വാടകക്കാരുമായി നിയമാനുസൃത കരാറിലേർപ്പെട്ടിട്ടുള്ളത് സംബന്ധിച്ച വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. കരാറിൽ ഏർപ്പെടാത്തതിനാൽ നിയമപരമായ നടപടി സ്വീകരിക്കുന്നതിൽ പരിമിതി ഉണ്ടാകുന്നുവെന്ന് മാത്രമല്ല സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ സർക്കാരിന് നഷ്ടവുമുണ്ടാകുന്നു.

**അടിസ്ഥാന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

വരവ് സംബന്ധമായ അടിസ്ഥാന രജിസ്റ്ററുകൾ നഗരസഭയിൽ പരിപാലിക്കുന്നില്ല. വാടക,ലേലം തുടങ്ങിയ വരവിനങ്ങളുമായി ബന്ധപ്പെട്ട് ഡിസിബി കണക്കുകൾ വാർഷികമായി തയ്യാറാക്കി വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. വരവിനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളിൽ തുകകൾ നഗരസഭയിൽ വരവ് വെയ്ക്കുന്നതിന്റെ വിവരങ്ങൾ ചേർക്കുന്നില്ല.വരവ് തുകകളുടെ ആധികാരികത ഇതിനാൽ ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. വാടക രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ ചേർക്കുന്നില്ല.മുറികൾ വാടകയ്ക്ക് നൽകുമ്പോൾ വാടകക്കാർ ലഭ്യമാക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് സംബന്ധിക്കുന്ന പൂർണ്ണമായ വിവരങ്ങൾ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് തിരിച്ച് നൽകുന്നതിന്റെ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല. മുറിയുടെ ഉപയോഗക്രമം, വാടക, വാടകയ്ക്ക് നൽകിയിരിക്കുന്ന കാലാവധി, സെക്യൂരിറ്റി തുകയുടെ വിവരങ്ങൾ മുതലായ വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.കൂടാതെ വാടക അടവാക്കുമ്പോൾ രസീത് വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം നിലവിൽ പരിപാലിക്കുന്നുണ്ടെങ്കിലും കെട്ടിടനിർമ്മാണ അനുമതി,പെർമിറ്റ് തുക അടവാക്കിയതിന്റെ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി പെർമിറ്റ് രജിസ്റ്റർ ആധികാരിമാക്കുന്നില്ല.പെർമിറ്റ് തുകകൾ അടവാക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിക്കുന്നില്ല.മേൽ അപാകതകൾ പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭയുടെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ കൃത്യമായി തിട്ടപ്പെടുത്തി പ്രാമാണികമാക്കിയതായും കാണുന്നില്ല. വൈക്കത്തഷ്ടമിയോടനുബന്ധിച്ച് നഗരസഭാ ഉടമസ്ഥതയിലുള്ള ഭൂപ്രദേശങ്ങൾ പല ആവശ്യങ്ങൾക്കായി വിട്ടുനൽകുന്നതിന് കൃത്യമായ മാനദണ്ഡമോ ഇത്തരം ഭൂമികൾ സംബന്ധമായ വിവരങ്ങളോ നഗരസഭയിലില്ല. നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് പൊതുമരാമത്ത് / റവന്യൂ വകുപ്പുകളുടെ സഹായത്തോടെ അളന്ന് തിട്ടപ്പെടുത്തി ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ആധികാരമാക്കി ആയതിന്റെ അടിസ്ഥാനത്തിൽ വാടകയ്ക്കും അവകാശങ്ങൾ വിട്ടുനൽകുന്നതിനുമായി പ്രയോജനപ്പെടുത്തേണ്ടതും നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ തേടേണ്ടതുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ഓഡിറ്റ് പരാമർശങ്ങളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഭരണതല തുടർനടപടികളുടെ വിവരങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-28 ലൈസൻസ് നൽകൽ -ട്രേഡേഴ്സ് ലിസ്റ്റ് ഉൾപ്പടെയുള്ള ഡാറ്റബേസിന്റെ അഭാവവും റഗുലേറ്ററി ചട്ടങ്ങൾ പാലിക്കുന്നതിലെ വീഴ്ച്ചകളും.

2023-24 വ® ഷത്തെ IFTE&OS ലൈസ® സ് സംബന്ധിച്ച് ലഭ്യമാക്കിയ രേഖകളുടെ പരിശോധനയി® (രജിസ്റ്ററുക® അപേക്ഷ എന്നിവ) കണ്ടെത്തിയ അപാകത ചുവടെ ചേ® ക്കുന്നു.

ആകെ 26 വാ® ഡുകളാണ് വൈക്കം മു® സിപ്പാലിറ്റിയി® ഉള്ളത്. ഓരോ വാ® ഡിലെയും ലൈസ® സിയുടെ വിശദാംശങ്ങ® തുക ഈടാക്കിയതിന്റെ വിശദാംശം എന്നിവ ചേ® ത്ത് രജിസ്റ്റ® കാലികമാക്കിയിട്ടുണ്ട്. എന്നാൽ ഓരോ വാർഡിലെയും ലൈസൻസിന്റെ പരിധിയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും നഗരസഭയുടെ അനുമതിയോടു കൂടിയാണോ പ്രവർത്തിക്കുന്നതെന്നും സൈസൻസ് ഉള്ള സ്ഥാപനങ്ങൾ ഒരോ വർഷവും ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും ഉറപ്പുവരുത്താനാകുന്നില്ല.

മു® വ® ഷം ലൈസ® സ് ന® കിയവ® ക്ക് ത® വ® ഷം ലൈസ® സ് പുതുക്കി ന® കുകയും പുതുതായി ലഭിയ്ക്കുന്ന അപേക്ഷക® പരിഗണിച്ച് ലൈസ® സ് അനുവദിയ്ക്കുകയും ചെയ്യുന്ന രീതിയാണ് നിലവി® അനുവർത്തിക്കുന്നത്. പുതിയ സ്ഥാപനങ്ങൾ സംബന്ധിച്ച് നഗരസഭാ തലത്തിൽ അന്വേഷണം ഏറ്റെടുക്കുന്നതായി കാണുന്നില്ല. ഇത് സംബന്ധമായ നിയന്ത്രണസംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

നി® ദ്ദേശങ്ങ®

1.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ® ലൈസ® സ് അനുവദിക്കുന്ന സ്ഥാപനങ്ങളുടെ വാ® ഡു തിരിച്ചുള്ള പട്ടിക തയ്യാറാക്കി ഡിജിറ്റലൈസ് ചെയ്യുക.

2.സ്ഥാപനങ്ങ® ലൈസ® സ് കൂടാതെ പ്രവ® ത്തിയ്ക്കുന്നുണ്ടോ എന്നും, കാലികമായി ലൈസ® സ് പുതുക്കുന്നുണ്ടോ എന്നും നിരീക്ഷിക്കുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കുക.

3)രജിസ്റ്റ® സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും പ്രസ്തുത രജിസ്റ്ററി® കാലികവും കൃത്യവും സമഗ്രവുമായ വിവരങ്ങ® ഉ® പ്പെടുത്തുന്നുവെന്ന് ഉറപ്പാക്കി ഡിസിബി തയ്യാറാക്കി വാ® ഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-29 ലേലനടപടികളുടെ ഫയലുകളും വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2023-24 വാർഷികധനകാര്യപത്രിക RP – 5 150120300 ശീർഷകത്തിൽ (Receipt From Auction Of Obsolete Assets) 100100/- രൂപ വരവുള്ളതായി കാണുന്നു. ലേലനടപടികളുടെ വിശദാംശങ്ങൾ, ലേലഡയറി, അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ലേലനടപടികളുടെ വിവരങ്ങളുടെ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (54/23.01.2025) മറുപടി ലഭ്യമാക്കിയില്ല.ഫയൽ പരിശോധിക്കാൻ സാധിക്കാത്തതിനാൽ ലേലനടപടികളുടെ കൃത്യതയും തുക ഈടാക്കലിന്റെ കൃത്യതയും ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.ഫയലുകൾ കൃത്യമായി സൂക്ഷിക്കാത്തത് ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ പാളിച്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.ലേലനടപടികളുടെ പൂർണ്ണവിവരങ്ങൾ സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-30 തീയേറ്റർ നിർമ്മാണം - കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിയില്ലാതെ നിർമ്മാണം തുടരുന്നു.

വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള നടുവിലേ വില്ലേജ് കിഴക്കേ നടയിലെ പബ്ലിക് ആന്റ് സെമി പബ്ലിക് സോണിൽ സർവ്വേനമ്പർ 39/2-ൽ ഉൾപ്പെട്ട 80 സെന്റ് സ്ഥലം ബഹു.തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 5-11-21-ലെ സ.ഉ (കൈ) നം 257/തസ്വഭവ നം. ഉത്തരവുപ്രകാരം കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെന്റ് കോർപ്പറേഷന് തീയേറ്റർ പണിയുന്നതിനായി 11.03.2022 മുതൽ 30 വർഷത്തേക്ക് പാട്ട വ്യവസ്ഥയിൽ അനുവദിച്ച് ബന്ധപ്പെട്ട കോർപ്പറേഷനുമായി ഇതു സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്. നിലവിൽ തീയേറ്റർ സമുച്ചയം സ്ട്രക്ച്ചർ ലെവൽ വരെ നിർമ്മാണം പൂർത്തിയായെങ്കിലും കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുമതി നഗരസഭയിൽ നിന്നും വാങ്ങിയതായി കാണുന്നില്ല. തീയേറ്റർ നിർമ്മാണത്തിന് അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ വിവരങ്ങൾ രേഖകൾ സഹിതം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/22.01.2025) ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ ടൗൺ പ്ലാനറുടെ ലേ ഔട്ട് അപ്രൂവൽ നിലവിൽ ലഭ്യമായില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണാനുമതി നൽകുന്നതാണെന്നും അറിയിച്ചു. കൂടാതെ മേൽ എൻക്വയറി പ്രകാരം പെർമിറ്റ് രേഖകൾ പരിശോധിക്കുന്നതിന് IBPMS സോഫ്റ്റ് വെയറിൽ ഓഡിറ്റേഴ്സ് ലോഗിൻ യൂസർ ID, പാസ് വേഡ് എന്നിവ അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന് മേൽ സോഫ്റ്റ്‌വെയർ നിലവിൽ നിർത്തലാക്കിയിരിക്കുന്നുവെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

നഗരസഭാ പരിധിയിൽ കെട്ടിടനിർമ്മാണ അനുമതി ആവശ്യമായ എല്ലാ നിർമ്മിതികളും ആവശ്യമായ അനുമതിയോടെ മാത്രം നിർമ്മാണം നടത്തുളളുവെന്ന് ഉറപ്പാക്കേണ്ടതും പെർമിറ്റ്/റഗുലറൈസേഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ചിത്രം ചുവടെ ചേർക്കുന്നു)



## 1-31 നഗരസഭയിലെ വിഭവസമാഹരണവും സാധ്യതകളും-അവലോകനം

**വസ്തു നികുതി,പെർമിറ്റ്**

വസ്തുനികുതിയിനത്തിൽ 2023-24 വാർഷികധകാര്യപത്രിക പ്രകാരം കുടിശ്ശിക 11259263 രൂപയാണ്.കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നഗരസഭയുടെ ഭാഗത്തുനിന്ന് ഉണ്ടായതായി കാണുന്നില്ല.2022-23 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്ത നഗരസഭകളുടെ 1% വികസന ഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പ്രകാരം (സ ഉ (കൈ) നം 179/2022/ധന തീ. 18.10.2022) 2023-24 സാമ്പത്തിക വർഷം 217960/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്.2021-22 വർഷം ഡിമാൻഡ് ചെയ്ത തനത് നികുതിയുടെ 90% എങ്കിലും ശേഖരിക്കാത്തതിനാൽ 2022-23 വർഷം 267720/- രൂപ കുറവ് ചെയ്തിരുന്നു. തനത് വരുമാനം കുറവായ നഗരസഭയിൽ വസ്തുനികുതിയിൽ ഉൾപ്പെടെ നികുതി പിരിച്ചെടുക്കാത്തത് കാരണം വികസന ഫണ്ടിൽ നിന്നും തുക നഷ്ടമാകുന്ന സാഹചര്യം 2022-23 ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നു. (വൈക്കം നഗരസഭ 2022-23 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-17).ഇതേ രീതിയിൽ തൻവർഷവും വികസന ഫണ്ട് നഷ്ടമായി. സ.ഉ.(കൈ) നം.77/2023/എൽ.എസ്.ജി.ഡി തീ. 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിലേയും നഗരസഭകളിലേയും വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും സ്ഥാപനങ്ങളിലെ നിലവിലുള്ള അസ്സസ്സ്മെന്റ് പ്രകാരമുള്ള വസ്തുനികുതി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച 05.04.2023-ലെ സ.ഉ (അച്ചടി) നം 26/2023/എൽ.എസ്.ജി.ഡി പ്രകാരവും ഗ്രാമപഞ്ചായത്തിലെ ഓരോ ഇനം കെട്ടിടത്തിനും അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ബാധകമായ അടിസ്ഥാന വസ്തുനികുതിനിരക്ക് അംഗീകരിച്ചുകൊണ്ട് 28/04/2023 ലെ 4 നമ്പർ തീരുമാനപ്രകാരം കൗൺസിൽ തീരുമാനമെടുക്കുകയുണ്ടായി. കൂടാതെ എല്ലാ കെട്ടിടങ്ങളുടേയും വാർഷികവസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വർദ്ധനവ് വരുത്തി അടുത്ത 5 വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് നഗരസഭയുടെ വിവിധ ഉപയോഗക്രമത്തിലുള്ള ഓരോ ഇനം കെട്ടിടങ്ങൾക്കും 01.04.2023 മുതൽ പ്രാബല്യത്തിൽ പുതുക്കി നിജപ്പെടുത്തുന്ന വസ്തുനികുതി പ്രസിദ്ധപ്പെടുത്തി 17/06/2023 ലെ ആർ 1/3464/2023പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആക്ഷേപങ്ങൾ ഇല്ലാത്തതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് 10/11/2023 തീയതിയിലെ 16 നം. തീരുമാന പ്രകാരം അംഗീകരിച്ച് 10/11/2023 ൽ ആർ 1-3464/2023 പ്രകാരം അന്തിമ വിജ്ഞാപനം നടത്തി. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 2023-24 വർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്കും പഴയ നിരക്കിൽ തന്നെയാണ് വസ്തുനികുതി നിർണ്ണയിച്ചതെന്ന് കാണുന്നു.ഫലത്തിൽ വസ്തുനികുതി പരിഷ്കരണത്തിന്റെ സാമ്പത്തികഗുണഫലങ്ങൾ നഗരസഭയ്ക്ക് ലഭിച്ച് തുടങ്ങിയിട്ടില്ല.പെർമിറ്റ് ഫീസ് സർക്കാർ വർദ്ധിപ്പിച്ചുവെങ്കിലും നഗരസഭാപരിധിയിൽ കാര്യമായ നിർമ്മാണപ്രവർത്തനങ്ങൾ ഇല്ലാത്തതിനാൽ വരുമാനത്തിൽ കാര്യമായ വർദ്ധനയില്ല.

**തൊഴിൽ നികുതി**

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള ഡിമാ® റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം നിരവധി സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് വരുമാനത്തിനാനുപാതികമായ തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും കൃത്യമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. അഡ്വക്കേറ്റുമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, കരാറുകാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.ഇത് സംബന്ധമായ ഡേറ്റാബേസ് തയ്യാറാക്കി കൃത്യമായ അസസ്സ്മെന്റ് നടപടികൾ സ്വീകരിക്കാത്തത് മൂലവും ഡിമാന്റ് ചെയ്യാത്തതു മൂലവും തൊഴിൽ നികുതി ഇനത്തിൽ നഗരസഭാ ഫണ്ടിന് നഷ്ടം

സംഭവിച്ചുകൊണ്ടിരിക്കുന്നു.

**ലൈസൻസ്**

ട്രേഡേഴ്സ് ലിസ്റ്റ് നഗരസഭയിൽ തയ്യാറാക്കിയിട്ടില്ല. ലൈസൻസ് പരിധിയിൽ എല്ലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടില്ല. ലൈസൻസ് നൽകുന്നതിന് വാർഡ് കൗൺസിലർമാരുടെ നേതൃത്വത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ്.

**വാടക/ലേലം**

വാർഷിക ധനകാര്യ പത്രിക പ്രകാരം 52 ലക്ഷത്തിലേറെ രൂപ വാടക കുടിശ്ശികയുണ്ട്.മറ്റ് ഭൗതിക സാഹചര്യങ്ങൾ/ അവകാശങ്ങളുടെ വാടകയിനത്തിൽ 30 ലക്ഷത്തിനടുത്തും വാടകയിനത്തിൽ ലഭിക്കാനുണ്ട്. വാടകയിനത്തിൽ ദീർഘനാളായി അവശേഷിക്കുന്ന കുടിശ്ശിക ഈടാക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെ തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വാടക കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ അതേ കുത്തകക്കാർക്ക് വീണ്ടും വാടകയ്ക്ക് നൽകുന്ന സാഹചര്യം ഓഡിറ്റ് മുൻ റിപ്പോർട്ടുകളിൽ ഉൾപ്പെടെ ചൂണ്ടിക്കാണിച്ചിരുന്നു. നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നിർവ്വഹിച്ചാൽ മുറികളുടെ ലേലത്തിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്നതാണ്.പൊതുമരാമത്ത് വകുപ്പ് യഥാസമയം വാടക നിശ്ചയിച്ച് നൽകാത്തത് കാരണം നഗരസഭയുടെ ഉടമസ്ഥതയിലുള്ള ടൗൺഹാൾ വാടകയ്ക്ക് നൽകാൻ സാധിക്കുന്നില്ല.ടൗൺ ഹാൾ കെട്ടിടത്തിൽ ദീർഘകാലം പ്രവർത്തിച്ചിരുന്ന വിവിധ ഓഫീസുകളുടെ വാടക ദീർഘകാലമായിട്ടും ഈടാക്കാൻ സാധിച്ചിട്ടില്ല. . വാടകയ്ക്ക് നൽകാവുന്നതും/അവകാശങ്ങൾ ലേലം ചെയ്യാവുന്നതുമായി നിരവധി ആസ്തികൾ (ലോഡ്ജ്,മുൻസിപ്പൽ പാർക്ക്,ഐസ്ക്രീം പാർലർ,വാഹന പരിശോധനാ ഗ്രൗണ്ട്,കൃഷിയിടം തുടങ്ങിയവ) നിഷ്ക്രിയമായി അവശേഷിക്കുന്നത് നഗരസഭയ്ക്ക് വരുമാനചോർച്ച ഉണ്ടാക്കുന്നു.

വേമ്പനാട്ട് കായലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന നഗരസഭയുടെ ഉടമസ്ഥതയിലുള്ള നവീകരിച്ച ബീച്ചിൽ നിന്നും കാര്യമായ വരുമാനമില്ല. നഗരസഭാ പാർക്കുമായി ചേർന്ന് ബോട്ടിംഗ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന നടപടികൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. നഗരത്തിന്റെ സാംസ്കാരികോത്സവം എന്നുകൂടി വിശേഷിപ്പിക്കാവുന്ന വൈക്കത്തഷ്ടമിയോടനുബന്ധിച്ച് വാണിജ്യ, വിനോദസ്ഥാപനങ്ങൾ നിലവിൽ നഗരസഭയ്ക്ക് മികച്ച വരുമാനം നേടിത്തരുന്നുണ്ട്. നഗരസഭയുടെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തി വൈക്കത്തഷ്ടമിയോടനുബന്ധിച്ചുള്ള തീർത്ഥാടകർക്കും സന്ദർശകർക്കും മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തവുന്നതുമാണ്.

## 1-32 സർക്കാർ ഗ്രാന്റ് വിനിയോഗത്തിലെ കുറവ് മൂലം നഗരസഭയ്ക്ക് 1.10 കോടി രൂപ ആത്യന്തീകമായി നഷ്ടമായി.

ധനകാര്യ വകുപ്പിന്റെ 15.07.2021-ലെ ജി.ഒ(എംഎസ്)79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം ആകെ അനുവദിച്ച തുകയുടെ പരമാവധി 20 ശതമാനം മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ലഭ്യമാകുന്നത്. ചെലവു പരിധി 80 ശതമാനം കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും 80ശതമാനവും തമ്മിലുള്ള വ്യത്യാസം ഷോർട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽനിന്ന് കുറവു വരുത്തുന്നതാണ്. 2023-24 സാമ്പത്തിക വർഷം നഗരസഭയ്ക്ക് വികസന ഫണ്ട്(എസ് സി പി), മെയിന്റനൻസ് ഗ്രാന്റ് (റോഡ്, റോഡിതരം) എന്നീ ഇനങ്ങളിൽ നിശ്ചിത 80% പരിധി അധികരിച്ച് ചെലവഴിക്കാനായിട്ടില്ല. തൻമൂലം ഷോർട്ട് ഫോളായി 11054960/- രൂപയാണ് 2025-26 ൽ നഷ്ടമാകുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(ക്യാരി ഓവർ വിഹിതം അനുവദിക്കുന്നത് വ്യവസ്ഥകൾക്ക് വിധേയമായി മാത്രമാകയാൽ ആയത് ലഭിച്ചില്ലെങ്കിൽ സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഏടുക്കപ്പെട്ട മുഴുവൻ തുകയും നഷ്ടമാകാനുള്ള സാധ്യതയും നിലനിൽക്കുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കാവുന്നതാണ്.അപ്രകാരമാണെങ്കിൽ നഷ്ടം ഇതിലേറെ വർദ്ധിക്കുന്നതാണ്.)

| ക്രമ നം. | ഫണ്ടിനം | അലോട്ട്മെന്റ് (മുൻ വർഷത്തേയ്ക്കുള്ള പരിഹാര വകയിരുത്തൽ ഉൾപ്പടെ) | 2023-24 ലെ ചെലവ് | ചെലവ് ശതമാനം | 2024-25ൽ അനുവദിക്കുന്ന ക്യാരി ഓവർ തുക(20%) | ഷോർട്ട് ഫോൾ ഇനത്തിൽ 2025-26-ൽ നഷ്ടമാകുന്ന തുക |
|---|---|---|---|---|---|---|
| 1 | വികസന ഫണ്ട്(എസ്.സി.പി) | 15915160 | 3959016 | 25 | 3183032 | 8773112 |
| 2 | സംരക്ഷണ ഗ്രാന്റ് | 14417350 | 10108062 | 70 | 2883470 | 1425818 |

| | | | | | | |
|---|---|---|---|---|---|---|
| | (റോഡ്) | | | | | |
| 3 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 19082600 | 14410050 | 75.5 | 3816520 | 856030 |
| | ആകെ | | | | | 11054960/- |

നഗരസഭയ്ക്ക് വാർഷിക പദ്ധതി നിർവഹണത്തിനായി ലഭിച്ച തുക സമയബന്ധിതവും കാര്യക്ഷമവുമായി വിനിയോഗിക്കാതെ നഷ്ടപ്പെടുത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. അതത് വർഷം പ്രോജക്ടുകൾക്ക് വകയിരുത്തുന്ന തുക ചെലവഴിക്കാതെ വരുന്ന സാഹചര്യം തുടർവർഷങ്ങളിൽ ലഭ്യമാകുന്ന ഗ്രാന്റുകളിൽ കാര്യമായ കുറവ് സൃഷ്ടിക്കാനിടയാക്കുന്നുണ്ട്. ഷോർട്ട് ഫോളിലൂടെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാകുന്നത് ഒഴിവാക്കാൻ ഭാവിയിൽ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. നഗരസഭ ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ്, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരുടെ അടിയന്തരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-33 റിഡംപ്ഷൻ തുക പൂർണ്ണമായും തിരികെ ലഭ്യമായില്ല

2021-22 വർഷം റിഡംപ്ഷൻ ഇനത്തിൽ വിവിധ ട്രഷറി അക്കൗണ്ടിൽ നിന്നും സർക്കാർ തിരികെയെടുത്ത 1416489/- രൂപ 2022-23 വർഷം തിരികെ ലഭ്യമായിരുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് നം. | പിൻവലിച്ച തുക | അക്കൗണ്ടിന്റെ ഉദ്ദേശം |
|---|---|---|---|
| 1 | TPA709040200000124 | 445418 | കണ്ടിജന്റ് പെൻഷൻ വിതരണം |
| 2 | TPA709040200000140 | 700213 | റഗുലർ പെൻഷൻ വിതരണം |
| 3 | TPA709040200000144 | 30518 | പി എഫ് അലോട്ട്മെന്റ് സ്വീകരിക്കുന്നത് |
| 4 | TPA799012900000539 | 240340 | ഡഫേർഡ് സാലറി/ ഓണറേറിയം |
| | ആകെ | 1416489/- | |

2023-24 വർഷത്തെ ബി-15 ഷെഡ്യൂൾ പ്രകാരം റിഡംപ്ഷൻ തുകയിനത്തിൽ സർക്കാരിൽ നിന്നും നഗരസഭയ്ക്ക് തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്ന 2706782/- രൂപ യിൽ പ്രസ്തുത 1416489/- രൂപ കൂടി ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/18.01.25) ഇതിൽ 1176149/- രൂപ 16.02.24 ലെ സ.ഉ (സാധാ)നം.1428/2024/ധന. ഉത്തരവ് പ്രകാരം 04.03.2024 ൽ നഗരസഭയ്ക്ക് ലഭ്യമായെന്നും നാലാമത്തെ അക്കൗണ്ടിൽ നിന്നും പിടിച്ച തുക തിരിച്ച് ലഭ്യമായിട്ടില്ലെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കി. ഇനിയും ലഭ്യമാകുവാനുള്ള 240340/- രൂപ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും തിരികെ ലഭ്യമാകുന്നതിന് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-34 ലൈബ്രറി സെസ് അടവാക്കുന്നില്ല-5968721 രൂപ കുടിശ്ശികയിനത്തിൽ ബാധ്യത.

2023-24 വാർഷികകണക്കുകളിലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ 5968721.75/- രൂപ നഗരസഭ, ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുവാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുക ഏത് വർഷം മുതലുള്ള കുടിശ്ശികയാണെന്നും നാളിതുവരെ തുക അടവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/18.01.25) 2012-13 ആദ്യപകുതി മുതലുള്ള ലൈബ്രറി സെസ് അടവാക്കാനുണ്ടെന്നും തനത്ഫണ്ടിൽ തുക അപര്യാപ്തമായതിനാൽ തനത്ഫണ്ട് വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ലൈബ്രറി സെസ് തുക അടക്കുന്നതാണെന്ന വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നഗരസഭ കൗൺസിലിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി.

ടി വിഷയം 10/11/2023 ® നടന്ന കൗ® സി® യോഗത്തി® ച® ച്ച ചെയ്യുകയും 11/1 നമ്പ® തീരുമാനപ്രകാരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 5 ലക്ഷത്തി® കുറയാത്ത തുക അടവാക്കുന്നതിന് തീരുമാനം എടുത്തിട്ടുള്ളതുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ടു ഗഡുക്കളായി സംസ്ഥാന ലൈബ്രറി കൗൺസിലിലേയ്ക്ക് ഒടുക്കേണ്ടതാണ്. ആദ്യഗഡു ഏപ്രിൽ 30 നകവും രണ്ടാമത്തെ ഗഡു നവംബർ 30 നകവും ഒടുക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ആയത് സെക്രട്ടറിയുടെ വ്യക്തിപരമായ

ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്ന് ഈടാക്കുന്നതുമാണെന്ന് 1088/L3/05/തസ്വഭവ/20.09.2005 നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത കുടിശ്ശിക തുക അടിയന്തിരമായി ലൈബ്രറി കൗൺസിലിലേക്ക് അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിരമായി സംസ്ഥാന ലൈബ്രറി കൗ® സിലുമായി ച® ച്ച നടത്തി തീരുമാനം എടുക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് നഗരസഭാ കൗ® സിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ലഭ്യമാക്കി ക്രമീകരിക്കുവാൻ അവശേഷിക്കുന്നു

2023-24 വർഷത്തെ വാർഷികകണക്കുകളിലെ ബി-18 ഷെഡ്യൂൾ പരിശോധിച്ചതിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ജീവനക്കാർക്ക് നൽകിയിട്ടുള്ള തുകയിൽ 10800 രൂപ തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്നതായി കാണുന്നു. പ്രസ്തുത തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും അല്ലാത്ത പക്ഷം ഏതൊക്കെ ജീവനക്കാരിൽ നിന്ന് ഈടാക്കുവാനുള്ളതാണെന്നും ഈടാക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/18.01.25) ലഭ്യമാക്കിയ മറുപടിയിൽ ഏറ്റുമാനൂർ നഗരസഭയിലേക്ക് സ്ഥലം മാറിപ്പോയ ശ്രീമതി . സജിതാമോൾക്ക് നൽകിയ 20000/- രൂപയാണ് തിരികെ ലഭിക്കുവാനുള്ളതെന്നും ടി തുക ടിയാരിയുടെ ശമ്പളത്തിൽ നിന്നും പിടിച്ച് അയച്ചു നൽകുന്നതിന് ഏറ്റുമാനൂർ നഗരസഭ സെക്രട്ടറിക്ക് അടിയന്തരമായി കത്ത് നൽകുന്നതാണെന്നും അറിയിച്ചു. വാർഷികകണക്കുകൾ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 10800/- രൂപ മാത്രമേ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നുള്ളൂ. ആയതിന്റെ കൃത്യത ഓഡിറ്റിൽ ഉറപ്പാക്കിയിട്ടില്ല. ഫെസ്റ്റിവൽ അഡ്വാൻസിനത്തിൽ തിരികെ ലഭ്യമാകുവാൻ അവശേഷിക്കുന്ന തുക അടിയന്തരമായി ലഭ്യമാക്കി ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-36 ഇ.ടെണ്ടർ ഫീസ് നഗരസഭ ഫണ്ടിലേയ്ക്ക് പൂർണ്ണമായി ലഭിച്ചില്ല.

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി നഗരസഭ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBIയിൽ തൻ വർഷം ഒരു കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (A/C No.42236772364). 26.10.23 മുതൽ 7.12.24 വരെ ടെണ്ടർഫീസ് ഇനത്തിൽ കറന്റ് അക്കൗണ്ടിലേക്ക് ലഭിച്ച 67360/- രൂപ ഈ അക്കൗണ്ടിൽ ബാലൻസുണ്ട്. ആയത് തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്. അതോടൊപ്പം മുൻ വർഷങ്ങളിൽ ടെണ്ടർ ഫീസിനത്തിൽ ലഭിക്കാനുള്ള തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നഗരസഭയ്ക്ക് ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ടെണ്ടർ ഫീസിനത്തിൽ കിട്ടാനുള്ള തുക നിർണ്ണയിച്ച് പൂർണ്ണമായി ലഭ്യമാക്കിയശേഷം വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-37 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ-മുനിസിപ്പൽ ഫണ്ടിന് ബാദ്ധ്യത

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ പൂർണ്ണമായും ചെലഴിക്കാതെയും തിരിച്ചടയ്ക്കാതെയും മുനിസിപ്പൽ ഫണ്ടിന് ബാദ്ധ്യതയായി അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക |
|---|---|---|---|
| 1 | 320100100 | Grants, Contribution For Specific Purposes-Central Government | 10487744 |
| 3 | 320300100 | Other Government Agencies | 250000 |
| 4 | 320500100 | Welfare Bodies | 1533347 |
| 5 | 320809900 | Other Grants & Contributions For Specific Purpose | 2948461 |
| | ആകെ | | 1,52,19,552 |

വിവിധ ഗ്രാന്റിനങ്ങളിൽ ലഭ്യമായ ഇത്രയേറെ തുക നിർദ്ദിഷ്ട ആവശ്യത്തിന് വിനിയോഗിക്കാൻ കഴിയാത്ത അവസ്ഥ ആശാസ്യമല്ല. ഗ്രാന്റുകളുടെ വിശദാംശങ്ങൾ അടങ്ങിയ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ( ACR )നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല. വാർഷികകണക്കുകളിലെ ബി-4 ഷെഡ്യൂളിൽ ഇത്തരത്തിൽ അവശേഷിക്കുന്ന തുകകൾ ഏതൊക്കെ ആവശ്യത്തിന് ലഭിച്ചതാണെന്നും തുകകൾ പൂർണ്ണമായും ചെലവഴിക്കാതെ അവശേഷിക്കുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.16/18.01.25) വിവിധ ഹെഡ്ഡുകളിൽ ബാലൻസ് വന്നിരിക്കുന്ന തുകകൾ അതാത് പ്രോജക്ടുകൾക്ക് വേണ്ടി ചെലവഴിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽ പറഞ്ഞ തുകകൾ നിലവിൽ ബന്ധപ്പെട്ട പ്രോജക്ട് ഉണ്ടെങ്കിൽ ആയതിൽ ഉൾപ്പെടുത്തി തുക ചെലവഴിക്കുവാനോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് തിരിച്ചടയ്ക്കുവാനോ നടപടി സ്വീകരിക്കേണ്ടതാണ്.കൂടാതെ പ്രത്യേക ആവശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-38 റഗുലർ /കണ്ടിൻജന്റ് വിഭാഗത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ വിതരണം - പ്രതിസന്ധികളും വെല്ലുവിളികളും

ഫയ® (A 2 / 2827 / 97 )

വൈക്കം നഗരസഭയിൽ 35 റെഗുലർ പെൻഷൻകാരും ( 15 പേർ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ ) 34 കണ്ടിജന്റ് പെൻഷൻകാരും (11 പേർ ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർ ) ഉൾപ്പെടെ ആകെ 69 പെൻഷൻകാർ നിലവിലുണ്ട്. റെഗുലർ പെൻഷൻകാരിൽ ഒരാൾ റെഗുലർ പെൻഷനും ഫാമിലി പെൻഷനും കൈപ്പറ്റുന്നുണ്ട്. നഗരസഭയിലെ പെ® ഷ® വിതരണ രേഖക® പരിശോധിച്ചതി® ശ്രദ്ധയി® പ്പെട്ട അപാകതക® ചുവടെ ചേ® ക്കുന്നു.

1. **പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിയ്ക്കുന്നില്ല – തനത് ഫണ്ടിന് ബാദ്ധ്യത**
   1996 -ലെ കേരള മുനിസിപ്പാലിറ്റി ജീവനക്കാരുടെ (റഗുലർ വിഭാഗം&കണ്ടിജന്റ് വിഭാഗം) ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് അതത് മാസം 15-ാം തീയതിക്ക് മുമ്പ് സെൻട്രൽ പെൻഷൻ ഫണ്ടിൽ വരവ് വെയ്ക്കുന്നതിലേക്ക് നഗരകാര്യ ഡയറക്ടർക്ക് ഡിമാന്റ് ഡ്രാഫ്റ്റായി സെക്രട്ടറി അയച്ച് കൊടുക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിയ്ക്കുന്നു. 2008-09 വർഷം മുതൽ നാളിതുവരെയായി റഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ സെൻട്രൽ പെൻഷൻ ഫണ്ടിലും കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അതത് മുനിസിപ്പാലിറ്റികളിൽ സൂക്ഷിക്കേണ്ട മുനിസിപ്പൽ പെൻഷൻ ഫണ്ടിലും പൂർണ്ണമായി അടവാക്കുന്നില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കാത്തതിനാൽ നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ലഭിയ്ക്കുന്നില്ല. പെൻഷൻ ഫണ്ട് ഇനത്തിൽ നഗരസഭയ്ക്ക് 2010-11 വർഷം മുതലുള്ള കുടിശ്ശിക തുക ലഭിക്കാനുണ്ട്. നഗരസഭയ്ക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും 6,71,16,402/- രൂപ ലഭിക്കാനുള്ളതായി വാർഷികകണക്കുകളിലെ B18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിയമത്തിൽ അനുശാസിക്കുന്ന വിധം പെൻഷൻ ഫണ്ട് പ്രത്യേകമായി പരിപാലിച്ചിരുന്നുവെങ്കിൽ പ്രസ്തുത തുക പെൻഷൻ ഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുകയായി മാത്രമായി അക്കൗണ്ട് ചെയ്യാൻ കഴിയുമായിരുന്നുള്ളൂ. (തനത് ഫണ്ടിലേയ്ക്ക് ലഭിക്കാനുള്ള തുക അല്ലാത്തതിനാൽ.) ഇപ്രകാരം ലഭിക്കാനുള്ളതായി കണക്കാക്കിയ തുകയുടെ കൃത്യത വ്യക്തവുമല്ല. പെൻഷൻ അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. തൻവർഷം റെഗുലർ പെൻഷൻ വിതരണത്തിനായി 78,51,940/- രൂപയും കണ്ടിജന്റ് പെൻഷൻ വിതരണത്തിനായി 54,83,082/- രൂപയുമായി ആകെ 1,33,35,022/- രൂപ നഗരസഭാഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ( പ്രതിമാസ പെൻഷനും സേവന വിരാമ ആനുകൂല്യങ്ങളും ഉൾപ്പടെ.)തനത് വരുമാനം കുറവായ നഗരസഭയ്ക്ക് ഈ ഇനത്തിൽ അധികച്ചെലവുണ്ടാകുന്നത് വലിയ സാമ്പത്തിക ബാദ്ധ്യതയിലേയ്ക്കും പ്രതിസന്ധിയിലേയ്ക്കും വഴിതെളിച്ചേക്കാം.
2. **നഗരസഭയുടെ പെൻഷൻഫണ്ട് അക്കൌണ്ടുകളിലൂടെ വിനിമയം നടക്കുന്നില്ല.**
   1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്- കം- റിട്ടയർമെന്റ് ബെനഫിറ്റ്) ചട്ടങ്ങൾ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി മാത്രമായി ട്രഷറിയിലോ ദേശസാൽകൃതബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതും 9- ാം ചട്ടത്തിലെ 3,4 ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിയ്ക്കുന്ന തുക ഈ അക്കൗണ്ടിൽ വരവ് വെയ്ക്കേണ്ടതും ചട്ടം 11 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് വിതരണം ചെയ്യേണ്ടതുമാണ്. വൈക്കം നഗരസഭയിൽ റെഗുലർ പെൻഷണർമാർക്ക് സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിയ്ക്കുന്ന പെ® ഷ® ആനുകൂല്യങ്ങ® ന® കുന്നതിനായും കണ്ടിജന്റ് ജീവനക്കാരുടെ പെ® ഷ® കോ® ട്രിബ്യൂഷ® തുക കണക്കാക്കി അടവാക്കുന്നതിനായും ട്രഷറി സേവിങ്സ് ബാങ്കി® യഥാക്രമം 799010100382130, 799010100382132 എന്നീ അക്കൗണ്ട് നമ്പറുകളിൽ പ്രത്യേകം പെ® ഷ® ഫണ്ട് അക്കൗണ്ടുകൾ തുടങ്ങിയിട്ടുണ്ട് . എന്നാൽ വ® ഷങ്ങളായി (08/ 2009 മുത® ) കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളത്തിന് ആനുപാതികമായ പെ® ഷ® വിഹിതം കണക്കാക്കി പ്രസ്തുത അക്കൗണ്ടിലേക്ക് ഒടുക്കുന്നില്ല.

3. **പെ® ഷ® കാരുടെ രജിസ്റ്ററുകളും രേഖകളും സൂക്ഷിപ്പിലെ അപാകതകൾ.**

നഗരസഭയിലെ റെഗുല® കണ്ടീജന്റ് പെ® ഷ® കാരുടെ സമഗ്രമായ ഡേറ്റാബേസ് തയ്യാറാക്കിയിട്ടില്ല. റിട്ടയ® ചെയ്ത ജീവനക്കാരുടെ പേര്, ആധാ® നമ്പ® , ബാങ്ക് അക്കൗണ്ട് വിവരങ്ങ® , വെരിഫിക്കേഷ® റിപ്പോ® ട്ട് പ്രകാരം അ® ഹമായതും അനുവദിച്ചതും ആയ പെ® ഷ® ആനുകൂല്യങ്ങ® , പെ® ഷ® റീസ്റ്റോറേഷ® വിവരം, ഫാമിലി പെ® ഷന® ക്ക് ഉയ® ന്ന നിരക്ക് അനുവദിക്കുന്ന കാലയളവ്, പെ® ഷ® റിവിഷ® എന്നിവ രേഖപ്പെടുത്തി പെ® ഷ® രജിസ്റ്റ® നഗരസഭയി® സൂക്ഷിക്കുന്നില്ല. പെൻഷൻകാരുടെ വ്യക്തിഗതഫയലുകൾ കൃത്യമായി പരിപാലിക്കുന്നില്ല. വെരിഫിക്കേഷൻ റിപ്പോർട്ടുകളും പെൻഷൻ റിവിഷൻ ചെയ്തതിന്റെ രേഖകളും പരിപാലിക്കുന്നില്ല. ഫണ്ടിന്റെ കുറവുമൂലം പെ® ഷ® ആനുകൂല്യങ്ങ® പല തവണകളായിട്ട് മിക്കപ്പോഴും റിട്ടയ® ചെയ്ത ജീവനക്കാ® കേസ് ന® കുമ്പോ® മാത്രമാണ് ( 23-24 വർഷം ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടില്ല ) അനുവദിക്കാറുള്ളത്. ഓരോ ജീവനക്കാരനും അനുവദിക്കേണ്ടതും അനുവദിച്ചതും ആയ പെ® ഷ® ആനുകൂല്യങ്ങളുടെ വിശദാംശം രജിസ്റ്ററി® രേഖപ്പെടുത്തി സൂക്ഷിക്കാത്തതിനാ® ആനുകൂല്യങ്ങ® അനുവദിക്കുന്നതി® ഇരട്ടിപ്പ് , കുറവ് എന്നിവയുണ്ടായാ® കണ്ടുപിടിക്കുന്നതിന് കഴിയാതെ വരുന്നു. മാത്രമല്ല കമ്മ്യൂട്ടേഷ® കാലയളവിന് ശേഷമുള്ള പെ® ഷ® റീസ്റ്റോറേഷ® , ഫാമിലി പെ® ഷ® ഉയ® ന്ന നിരക്കി® നിന്നും സാധാരണ നിരക്കിലേക്ക് മാറ്റുന്നുണ്ടോ, സമയബന്ധിതമായി പെ® ഷ® പരിഷ്കരിക്കുന്നുണ്ടോ തുടങ്ങിയവയും യഥാസമയം പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. പെ® ഷ® റീസ്റ്റോറേഷ® സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കാത്തതിനാൽ റീസ്റ്റോറേഷൻ കാലാവധിക്ക് ശേഷവും പെൻഷൻ യഥാവിധി പുനസ്ഥാപിച്ച് നൽകുന്നുണ്ടോയെന്നും ഇതിനുള്ള നടപടികൾ ശരിയായ രീതിയിലാണോ നടത്തുന്നതെന്നും ഉറപ്പാക്കാനാവുന്നില്ല. മേലുദ്ധരിച്ച ചട്ടങ്ങൾ പ്രകാരം ഈ വിഷയങ്ങളിൽ ഒരു ട്രഷറി ഓഫീസറിൽ നിക്ഷിപ്തമായ എല്ലാ ചുമതലകളും നിർവ്വഹിക്കേണ്ടതായ മുനിസിപ്പൽ സെക്രട്ടറിക്ക് ഇതിന് കഴിയാറില്ലയെന്നതും ഇത് സംബന്ധമായ സുസജ്ജമായ സംവിധാനവും കൃത്യമായ ഡാറ്റാബേസും നഗരസഭയിൽ ലഭ്യമല്ലയെന്നതും അടിയന്തിരമായി പരിഹരിക്കേണ്ട അപാകതകളാണ്.

**4).പെൻഷൻ വിതരണ രേഖകളുടെ സൂക്ഷിപ്പിലെ അപാകതകൾ**

മുനിസിപ്പ® ജീവനക്കാരുടെ പെ® ഷ® വിതരണത്തിന് ഒരു കേന്ദ്രീകൃത സോഫ്റ്റ്‌വെയ® സംവിധാനം നിലവിലില്ല . നിലവിലെ പെ® ഷ® വിതരണ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. 2023 - 24 ലെ തനത് ഫണ്ട് വൗച്ചറുകളോടൊപ്പം ബിൽ കോപ്പിയും ജീവനക്കാ® ക്ക് അനുവദിയ്ക്കുന്ന പെ® ഷ® / ഫാമിലി പെ® ഷ® തുക എന്നിവ കാണിക്കുന്ന പത്രികയും അക്കൌണ്ട് വിശദാംശങ്ങളും മാത്രമാണ് സൂക്ഷിച്ചിരിയ്ക്കുന്നത്. ഈ പത്രികകളി® രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് അക്കൗണ്ടുകളിലേക്ക് തന്നെയാണോ യഥാ® ത്ഥത്തി® പെ® ഷ® തുക അനുവദിക്കുന്നത് എന്നത് ഉറപ്പാക്കാനുള്ള ബാങ്കിന്റെ സീൽ പതിച്ച സാക്ഷ്യപ്പെടുത്തിയ പക® പ്പക® /രേഖക® ബാങ്കി® നിന്ന് വാങ്ങി സൂക്ഷിയ്ക്കുന്നില്ല. പെൻഷൻ ഫയലിലും ഇതേ വിശദാംശങ്ങ® തന്നെയാണ് ഉള്ളടക്കം ചെയ്തിട്ടുള്ളത്. പെൻഷൻ വിതരണം ചെയ്ത വിവരം എക്സൽ ഫോർമാറ്റിൽ രജിസ്റ്ററിൽ അതാത് മാസം ഒട്ടിച്ച് വെക്കുന്നുണ്ട്. എന്നാൽ ഇത് സാക്ഷ്യപ്പെടുത്തി അധികൃതമാക്കിയിട്ടില്ല.

**5) ലൈഫ് സർട്ടിഫിക്കറ്റുകളുടെ സൂക്ഷിപ്പ് .**

തൻവർഷം പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ ലൈഫ് സർട്ടിഫിക്കറ്റ് വാങ്ങി പ്രത്യേക ഫയലായി സൂക്ഷിച്ചിട്ടുണ്ടെങ്കിലും റെഗുലർ പെൻഷൻകാരിൽ ഫാമിലി പെൻഷൻ കൈപ്പറ്റിക്കൊണ്ടിരുന്ന ശ്രീമതി കെ.പദ്മാക്ഷി എന്ന വ്യക്തിയുടെ ലൈഫ് സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടിയാൾക്ക് 3/25 വരെ 13161/- രൂപ വീതം പെൻഷൻ അനുവദിച്ചിരുന്നു. ടിയാൾക്ക് അനധികൃതമായി പെൻഷൻ നൽകിയിട്ടുണ്ടോ എന്ന് ഭരണസമിതിതലത്തിൽ പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ടിയാളുടെ മേൽവിലാസം നിലവിൽ ലഭ്യമല്ലാത്തതിനാൽ 2025 ഫെബ്രുവരി മുതലുള്ള പെൻഷൻ വിതരണം താല്ക്കാലികമായി നിർത്തിവെച്ചിട്ടുണ്ട്. പെൻഷണർമാരുടെ ലൈഫ് സർട്ടിഫിക്കറ്റ് യഥാസമയം വാങ്ങി സൂക്ഷിയ്ക്കേണ്ടതാണ്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം അടവാക്കുന്നതിനും പെൻഷൻ ഫണ്ട് അലോട്ട്മെന്റ് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. പെൻഷൻ ഫണ്ട് വേറിട്ട് സൂക്ഷിക്കാതെ തനത് ഫണ്ടിൽ നിന്നും നേരിട്ട് (ഫണ്ടിന്റെ ലഭ്യതയക്ക് അനുസരിച്ച് ) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്ന അവസ്ഥ ആത്യന്തികമായി വലിയ പ്രതിസന്ധിയിലേയ്ക്ക് നയിക്കും. മാത്രമല്ല അനാവശ്യമായി നിരവധി വ്യവഹാരങ്ങളും നേരിടേണ്ടിവരുകയും ചെയ്തേക്കാം. പെൻഷൻ ഫണ്ടുമായി ബന്ധപ്പെട്ട സാമ്പത്തിക വിനിമയങ്ങൾ യഥാവിധി നിർവ്വഹിക്കുന്നതിനും സെൻട്രൽ പെൻഷൻ ഫണ്ടിന്റെ കസ്റ്റോഡിയൻ ഓഫീസർ സൂക്ഷിക്കുന്ന കണക്കുകളുമായി പൊരുത്തപ്പെടുത്തി, ലഭിക്കാനുള്ള ഫണ്ട് വിഹിതം പൂർണ്ണമായും ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കമ്മ്യൂട്ടേഷ® റീസ്റ്റോറേഷ® രജിസ്റ്റർ പരിപാലിക്കേണ്ടതാണ്. കൂടാതെ റിട്ടയ® ചെയ്ത ജീവനക്കാരുടെ ഡേറ്റാബേസ് തയ്യാറാക്കി

സൂക്ഷിക്കുന്നതിനും പെൻഷൻ വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികളും സ്വീകരിയ്ക്കേണ്ടതുമാണ്. ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-39 പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ , ലോൺ തുകകൾ യഥാസമയം പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് അടവാക്കുന്നില്ല.

നഗരസഭയിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രോവിഡന്റ് ഫണ്ട് വരിസംഖ്യ , ലോൺ തുക, എന്നിവ നഗരസഭാ ഫണ്ട് ലഭ്യമല്ലയെന്ന കാരണത്താൽ മുൻവർഷങ്ങളിൽ യഥാസമയം പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ അടയ്ക്കാതെ കുടിശ്ശിക വരുത്തിയിരുന്നു. തൻവർഷത്തെ പ്രോവിഡന്റ് ഫണ്ട് അടവാക്കലിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക | ചെക്ക് നമ്പർ, തീയതി | റിമാർക്സ് |
|---|---|---|---|
| 4/23, 5/23,6/23 | 675584/- | 2077999/7.7.23 | പ്രതിമാസം അടവാക്കിയില്ല. |
| - | 680147/- 14 ജീവനക്കാരുടെ ലീവ് സറണ്ടർ തുക | 2077995/8.5.23 | |
| 7/23 | 215608/- | 2497706/18.10.23 | ട്രഷറി ചലാൻലഭ്യമായില്ല. |
| 8/23,9/23 | 450314/- | 2497714/20.11.23 | ട്രഷറി ചലാൻലഭ്യമായില്ല. |
| 10/23 | 187354/-<br>18388/- | 2497716/4.12.23<br>2497721/23.12.23 | ട്രഷറി ചലാൻലഭ്യമായില്ല. |
| 11/23 | 237801/- | 2497721/23.12.23 | ട്രഷറി ചലാൻലഭ്യമായില്ല. |
| 12/23 | 237801/- | ലഭ്യമായില്ല | ട്രഷറി ചലാൻലഭ്യമായില്ല. |
| 1/24 | 242921/- | ലഭ്യമായില്ല | ട്രഷറി ചലാൻലഭ്യമായില്ല. |
| 2/24 | 242981/- | ലഭ്യമായില്ല | ട്രഷറി ചലാൻലഭ്യമായില്ല |
| 3/24 | 3/24 ലെ ഷെഡ്യൂൾ, സെക്രട്ടറിയുടെ നടപടി ഉത്തരവ്, തുക അടവാക്കിയ ചലാൻ എന്നിവ ലഭ്യമായില്ല. | | |

പ്രോവിഡന്റ് ഫണ്ട് സംബന്ധിച്ച ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 62/24.1.25) നൽകുകയുണ്ടായി.

1. നിലവിൽ പ്രോവിഡന്റ് ഫണ്ട് കുടിശ്ശികയായി അവശേഷിക്കുന്ന മാസങ്ങൾ. ആകെ അടവാക്കാൻ അവശേഷിക്കുന്ന തുക. (പിഴപ്പലിശ ഉൾപ്പെടെ)

2. സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ നിന്നും അവസാനമായി അലോട്ട്മെന്റ് ലഭ്യമായ വിവരം (അലോട്ട്മെന്റ് നമ്പർ, തുക, ട്രഷറി STSB യിൽ വരവ് വന്ന തീയതി, STSB യിൽ അവശേഷിക്കുന്ന തുക)

3. സെൻട്രൽ പ്രോവിഡന്റ് ഫണ്ടിലേയ്ക്ക് തുക അടവാക്കുന്ന ജീവനക്കാരുടെ എണ്ണം .

4. നിലവിൽ ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ട് അഡ്വാൻസ് / പി എഫ് ക്ലോഷർ എന്നിവ സമയബന്ധിതമായി ലഭ്യമാകുന്നുണ്ടോ എന്ന വിവരം

5. അടവാക്കുന്ന തുകകളുടെ ട്രഷറി ചലാൻ ഫയലിൽ സൂക്ഷിക്കാത്തതിന്റെ കാരണം

മേൽ പരാമർശിച്ചിട്ടുള്ള വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.

രേഖകളുടെ അഭാവത്തിൽ വരിസംഖ്യ/ലോൺ തിരിച്ചടവിനത്തിൽ PF അക്കൗണ്ടിലേക്കുള്ള 3 ലക്ഷത്തിലധികം രൂപയുടെ അടവുവിവരത്തിന്റെ കൃത്യതയും ആധികാരികതയും ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ലാത്തതാണ്. സെൻട്രൽ പ്രോവിഡന്റ് ഫണ്ടിലേക്ക് തുക അടവാക്കുന്നതിന്റെ രജിസ്റ്ററുകളും രേഖകളും കൃത്യമായി പരിപാലിച്ച് ഓഡിറ്റിൽ രേഖാമൂലം ലഭ്യമാക്കേണ്ടതാണ്. തുക യഥാസമയം അടവ് വരുത്തുന്നുണ്ടെന്നും അലോട്ട്മെന്റ് ലഭ്യമാകുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതുമാണ്. ക്രമനമ്പർ 1 മുതൽ 5 വരെ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ട എല്ലാ രേഖകളും ഓഡിറ്റ് വേളയിൽ ലഭ്യമായില്ല.പ്രസ്തുത രേഖകൾ ന്യൂനതാ പരിഹാര റിപ്പോർട്ടിനോടൊപ്പം മേൽ സൂചിത അപാകതയിന്മേലുള്ള വിശദീകരണം സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-40 തെരുവ് വിളക്കുകളുടെ കുടിശ്ശിക വൈദ്യുതി ചാ® ജ്ജ് അടവാക്കിയത്--തനത് ഫണ്ടി® നിന്നും അധിക ചെലവ്

ഫയ® നം.ആ® .4/1752/2016

മേ® ഫയ® പരിശോധിച്ചതി® കണ്ടെത്തിയ വിശദാംശം ചുവടെ ചേ® ക്കുന്നു.

വൈക്കം നഗരസഭയുടെ ഉടമസ്ഥതയിലുള്ള മീറ്റ® രഹിത തെരുവു വിളക്കുക® , ഹൈമാസ്റ്റ് ലൈറ്റുക® , നിരീക്ഷണ ക്യാമറക® , ഓഫീസ് അനുബന്ധ കെട്ടിടങ്ങ® (നഗരസഭാ കെട്ടിടം, ഡമ്പിംഗ് യാ® ഡ്, സത്യാഗ്രഹ ഹാ® , ബസ് ബേ, ഷ® ട്ടിംഗ് യൂണിറ്റ്, കോവിലകത്തുംകടവ് മാ® ക്കറ്റ്, മുനിസിപ്പ® ഓഫീസ്, പാ® ക്ക്, ടൌ® ഹാ® ) എന്നിവയുടെ വൈദ്യുതി ചാ® ജ്ജിനത്തിലെ ഡിമാന്റ് നോട്ടീസ് കെ.എസ്.ഇ.ബി ഓഫീസി® നിന്നും എല്ലാ മാസവും നഗരസഭയി® ലഭിയ്ക്കുന്നുണ്ട്. ഓഫീസ് അനുബന്ധ കെട്ടിടങ്ങളുടെ വൈദ്യുതി ചാ® ജ്ജ് തുക തനത് ഫണ്ടി® നിന്നും മറ്റുള്ളവ പ്രോജക്ടിലു® പ്പെടുത്തി മെയിന്റന® സ് ഗ്രാന്റ് നോ® റോഡി® നിന്നുമാണ് 2019-20 സാമ്പത്തിക വ® ഷം വരെ അടവാക്കിയിരുന്നത്.

2020-21 സാമ്പത്തിക വ® ഷം മുത® തെരുവ് വിളക്കുകളുടെ വൈദ്യുത ചാ® ജ്ജ് ഒടുക്ക® എന്ന പ്രോജക്ട് പ്രകാരം ചെലവനുമതി ലഭിയ്ക്കുന്ന തുകയി® ഗണ്യമായ കുറവ് വന്നതുമൂലം വൈദ്യുതി ചാ® ജ്ജ് കുടിശ്ശിക ആകുകയും ടി ഇനത്തി® കുടിശ്ശിക വന്ന **68,42,564 /-**രൂപ അടവാക്കുന്നതിന് വൈക്കം താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ 7.2.22 ന് 9 ക® സ്യൂമ® നമ്പറുക® ക്കുള്ള റിക്കവറി നോട്ടീസ് നൽകുകയും ചെയ്തു. നഗരസഭാ സെക്രട്ടറിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ റെവന്യൂ (എസ്) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 18.03.2022ലെ 2022/453/05/1/S1/M(Rev) നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി തവണകളായി അടയ്ക്കുന്നതിന് അനുവാദം ന® കുകയും ആയത് പ്രകാരം കുടിശ്ശിക തുകയുടെ 20% (മുതൽ + പലിശ + കളക്ഷൻ ചാർജ് + മറ്റ് ചാർജുകൾ ) 23.3.22 മുതൽ 25 ദിവസത്തിനകം അടക്കാനും ബാക്കി തുക 19.4.22 മുതൽ **24** തുല്യ പ്രതിമാസ തവണകളായി അടക്കുവാനും ജില്ലാ കളക്ടർ മുഖാന്തിരം അനുവാദം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-38ൽ പരാമരശിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം കുടിശ്ശിക ഇനത്തിലും കളക്ഷൻ ചാർജ്ജിനത്തിലുമായി ആകെ 35,39,364/- രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. പലിശ ഉ® പ്പെടെ നഗരസഭ കെ.എസ്.ഇ.ബി.യി® അടവാക്കിയത് **79,43,063/-** രൂപയും ഡിമാന്റ് നോട്ടീസ് കളക്ഷ® ചാ® ജ്ജ് ഇനത്തി® **5,95,908/-** രൂപയും ഉ® പ്പെടെ ആകെ **85,38,971/-** രൂപയാണ്. 02.08.2024 ® ആ® .ആ® .നടപടി പ്രകാരമുള്ള മുഴുവ® തുകയും അടവാക്കിയിട്ടുണ്ട്. 9 ക® സ്യൂമ® നമ്പരുകളുടേയും ആ® .ആ® .നോട്ടീസ് പ്രകാരമുള്ള തുക പൂ® ണ്ണമായും അടവാക്കിയത് സംബന്ധിച്ച് വൈക്കം തഹസീ® ദാറുടെ പൂ® ത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വൈദ്യുതി ചാർജ് അടയ്ക്കുന്ന ആസ്തിക® സംബന്ധിച്ച് രജിസ്റ്ററുക® സൂക്ഷിച്ചിട്ടില്ല. 2022 വ® ഷം മുത® ഓരോ മാസവും കുടിശ്ശിക തുക സംബന്ധിച്ച് പല തീയതികളി® കെ.എസ്.ഇ.ബി. അറിയിപ്പ് ന® കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.യി® നിന്നും ലഭിയ്ക്കുന്ന കത്തുകളി® കണക്ഷനുകളുടെ എണ്ണം വ്യത്യസ്തമായാണ് രേഖപ്പെടുത്തുന്നത്. റവന്യൂ റിക്കവറി നടപടിയുടെ ഭാഗമായി തനതുഫണ്ടിൽനിന്നും അടവാക്കിയ തുകകളുടെ വിവരവും പ്രോജക്ട് പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും കൂടാതെ തനതുഫണ്ട് വിനിയോഗിച്ച് പ്രോജക്ട് പ്രകാരമല്ലാതെയും അടവാക്കുന്ന കറന്റ് ചാർജിനത്തിലുള്ള കുടിശ്ശിക കണക്കുകളുടെ വിവരവും പ്രത്യേകമായി ഫയലിൽ വ്യക്തമായിട്ടില്ലാത്തതാണ്. മാത്രമല്ല പ്രകാരവും വൈദ്യുതി ചാ® ജ്ജിനത്തി® അടവാക്കിയ തുക, ഏത് ക® സ്യമ® നമ്പരിലേയ്ക്കാണ് വരവ് വയ്ക്കുന്നത് എന്ന് പരിശോധിയ്ക്കുവാ® രേഖകളുടെ അഭാവത്തിൽ സാധിച്ചില്ല. ഇത് സംബന്ധിച്ച് കൃത്യമായ വിവരം നഗരസഭയി® ലഭ്യമല്ല.

24.01.2024 ® നഗരസഭ, കെ.എസ്.ഇബി ഉദ്യോഗസ്ഥരുമായി നടത്തിയ സംയുക്ത പരിശോധനയി® 01.01.2024 മുത® മെ® ക്കുറി, സോഡിയം വേപ്പ® ലാമ്പുക® 165 എണ്ണം വിച്ഛേദിച്ചതായി അസി.എഞ്ചിനീയ® ഇലക്ട്രിക്ക® ഡിവിഷനി® നിന്നും ലഭിച്ച കത്ത് ഫയലി® ഉണ്ട്. ടി ബ® ബുകളുടെ വൈദ്യുതി ചാ® ജ്ജ് കുറച്ചിട്ടാണോ നിലവി® ഡിമാന്റ് ബി® കെ.എസ്.ഇ.ബി.യി® നിന്നും ലഭിയ്ക്കുന്നതെന്ന് വ്യക്തത ഇല്ല.

തുക അടവാക്കിയതിന്റെ രജിസ്റ്ററുക® /രേഖക® കൃത്യമായി സൂക്ഷിയ്ക്കാത്തതിനാ® കെ.എസ്.ഇ.ബി.യി® നിന്നും ലഭിയ്ക്കുന്ന ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുകയുടെ കൃത്യത ബോധ്യപ്പെട്ടില്ല.

മേ® വിഷയം സംബന്ധിച്ച് ന® കിയ ഓഡിറ്റ് എ® ക്വയറി നം.27/20.01.2025 ന് ലഭ്യമാക്കിയ മറുപടിയി® 12/2024 ® കെ.എസ്.ഇ.ബി.യി® നിന്നും ലഭിച്ച ഡിമാന്റ് നോട്ടീസി® നഗരസഭയ്ക്ക് വൈദ്യുതി ചാ® ജ്ജിനത്തി® കുടിശ്ശിക ഇല്ല എന്നും കുടിശ്ശിക തുക സ® ക്കാരി® നിന്നും കെ.എസ്.ഇ.ബിയ്ക്ക് ലഭിച്ച എന്നാണ് മറുപടിയി® വ്യക്തമാക്കിയിട്ടുണ്ട്. വൈദ്യുതി ചാ® ജ്ജിനത്തി® കുടിശ്ശിക ഇല്ല എന്ന് രേഖപ്പെടുത്തിയ 12/2024 ലെ വൈദ്യുതി ഡിമാന്റ് നോട്ടീസ് കെഎസ്ഇബിയി® നിന്നും ലഭ്യമായത് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ട്.

നഗരസഭയുടെ നിയന്ത്രണ പരിധിയിലുള്ളതും നഗരസഭ വൈദ്യുതി അടയ്ക്കുന്നതുമായ എല്ലാ ഇലക്ട്രിക് കണക്ഷനുകളുടെയും കൺസ്യൂമർ ഉൾപ്പെടെ ചേർത്ത് രജിസ്റ്ററുക® കൃത്യമായി തയ്യാറാക്കി ഓരോ മാസവും ലഭിയ്ക്കുന്ന ഡിമാന്റ് നോട്ടീസ്, വൈദ്യുതി ചാ® ജ്ജിനത്തി® അടയ്ക്കുന്ന തുക എന്നിവ കൃത്യമായി പരിശോധന നടത്തേണ്ടതും തനത് ഫണ്ടി® നിന്നും വൈദ്യുതി കുടിശ്ശികയിനത്തി® വലിയ തുക അടവാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-41 പൊതുടാപ്പുകളുടെ വെള്ളക്കരം അടവ്- വൻതുക കുടിശ്ശിക നിലനിൽക്കുന്നു-

പൊതുടാപ്പുകളുടെ വെള്ളക്കരം അടവുമായി ബന്ധപ്പെട്ട് ഫയൽ നമ്പർ R4/(E1)/9385/03 പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു .

1)വാട്ടർ അതോറിറ്റി ഓരോ മാസവും ബില്ലിൽ ഡിമാന്റ് ചെയ്യുന്നത് 405 ടാപ്പുകളുടേതാണ്. തൻവർഷം വാട്ടർ അതോറിറ്റിയിലേയ്ക്ക് തുക ഒടുക്കിയതായി ലഭ്യമാക്കിയ ഫയലിൽ രേഖകളില്ല.

2) വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമാക്കിയ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

3) ഓരോ മാസവും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന തുക 737006/- രൂപയാണ്. വാട്ടർ അതോറിറ്റിയുടെ 3/24 ലെ ഡിമാന്റ് പ്രകാരം ആകെ കുടിശ്ശിക 13,27,88,568/- രൂപയാണ് . (2/24 വരെയുള്ള കുടിശ്ശിക 129510837 + ഫൈൻ 2540665 + 3/24 ലെ ഡിമാന്റ് 737066). ഈ തുകയുടെ കൃത്യതയോ എന്നുമുതലുള്ള കുടിശ്ശികയാണെന്നതോ വ്യക്തമല്ല.

4) ബഹു.പ്രിൻസിപ്പൽ ഡയറക്ടറുടെ 18-03-24 ലെ LSGD/PD/9562/2024-GEB1 കത്തിന് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള പട്ടിക പ്രകാരം വൈക്കം ഗവ ആശുപത്രിയുടെ 02-02-24 വരെയുള്ള കുടിശ്ശിക 520705/- രൂപ നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിരിയ്ക്കുന്നു . ആയതിന്റെ കൃത്യത വ്യക്തമല്ല. തുക അടവാക്കിയോ എന്നതും വ്യക്തമല്ല.

വാട്ടർ അതോറിറ്റിയിലേയ്ക്ക് തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടും സഹിതം അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.53/23-01-25) തൻവർഷം തുക ഒടുക്കിയിട്ടില്ലെന്നും കുടിശ്ശിക അടിയന്തിരമായി അടച്ചുതീർത്തില്ലെങ്കിൽ റവന്യൂറിക്കവറി അടക്കമുള്ള തുടർ നടപടികൾ സ്വീകരിയ്ക്കുമെന്ന വാട്ടർ അതോറിറ്റിയുടെ 22-08-24, 27-08-24 തീയതികളിലെ കത്ത് ചർച്ച ചെയ്ത് അപ്പീൽ പോകുന്നതിന് നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിട്ടുള്ളതായും (23-09-24 ലെ 3(3) നം തീരുമാനം) മറുപടി ലഭ്യമാക്കി. അമൃത് 2.0 പദ്ധതി പ്രകാരം ഗാർഹികകണക്ഷനുകൾ നൽകുന്നതിനാൽ പൊതുടാപ്പുകൾ ഡിസ്കണക്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ട് വാർഡ് കൗൺസിലർമാർ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുമായി ചേർന്ന സംയുക്തപരിശോധന നടത്തി നിലനിർത്തേണ്ട ടാപ്പുകളുടെ ലിസ്റ്റ് കൗൺസിൽ തീരുമാനത്തോട് കൂടി കേരള വാട്ടർ അതോറിറ്റിയിലേയ്ക്ക് നൽകുന്നതിന് 15-01-24 ലെ 3-ാം നം പ്രകാരം തീരുമാനമെടുത്തിട്ടുണ്ടെന്നും മറുപടിയിൽ വിശദമാക്കിയിട്ടുണ്ട് . ഈ വിഷയത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിച്ച് ഭീമമായ സാമ്പത്തികബാധ്യത ഒഴിവാക്കേണ്ടതാണ്. സ്വീകരിയ്ക്കുന്ന തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിയ്ക്കേണ്ടതുമാണ്.

## 1-42 സാമൂഹ്യസുരക്ഷാപെ® ഷ® -ഫയലുക® , രജിസ്റ്ററുക® എന്നിവ ആധികാരീകമായവിധം സൂക്ഷിക്കുന്നതിൽ വീഴ്ച.

സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിവിധ സാമൂഹ്യ സുരക്ഷാ പെ® ഷ® അനുവദിക്കുന്നതിനുള്ള നഗരസഭാ തലത്തിലുള്ള നടപടികളായ അപേക്ഷകൾ സ്വീകരിക്കൽ , അപേക്ഷകളുടെ പ്രോസസിങ്ങ് , ഫീൽഡ്തല പരിശോധന നടത്തിയതിന്റെ വിവരം, അർഹതാ പരിശോധന നടത്തിയതിന്റെ വിവരം, ഇത് സംബന്ധമായ രേഖപ്പെടുത്തൽ , നിരസിക്കപ്പെട്ട അപേക്ഷകളുടെ വിവരം , അംഗീകരിക്കപ്പെട്ട ഗുണഭോക്തൃലിസ്റ്റ് വാർഡ് സഭയിൽ വായിച്ച് അംഗീകാരം തേടിയതിന്റെ വിവരം ,തുക വിതരണവുമായി ബന്ധപ്പെട്ട രേഖകൾ (ഫയലുക® , രജിസ്റ്ററുക®

എന്നിവ) മുതലായവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എ® ക്വയറിക്ക് (നം.55/24.01.2025) ന് ലഭ്യമാക്കിയ മറുപടിയി® 23-24 സാമ്പത്തിക വ® ഷം നഗരസഭയി® രജിസ്റ്ററുക® തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല എന്നും തുട® വ® ഷങ്ങളി® രജിസ്റ്റ® തയ്യാറാക്കി സൂക്ഷിയ്ക്കുന്നതാണെന്നും മറുപടി ന® കി. പെ® ഷ® സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ടെങ്കി® ആയതിന്റെ വിശദാംശം, സാമ്പത്തിക വ® ഷം ആകെ അനുവദിച്ച പെ® ഷ® അപേക്ഷക® എന്നിവ സംബന്ധിച്ചും മറുപടി ലഭ്യമാക്കിയില്ല.

വാ® ദ്ധക്യകാല പെ® ഷൻ അനുവദിച്ച് കിട്ടുന്നതിനായി ലഭിച്ച ഏതാനും അപേക്ഷകളും സേവനയിൽ നിന്നും ലഭ്യമാകുന്ന സാമൂഹ്യ സുരക്ഷാ പെ® ഷ® ഗുണഭോക്താക്കളുടെ ലിസ്റ്റും പരിശോധനയ്ക്ക് ലഭ്യമായി. മാനുവലായി ചിട്ടപ്പെടുത്തി സൂക്ഷിക്കേണ്ട അപേക്ഷകൾ തികച്ചും ക്രമരഹിതമായാണ് സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്റ® തയ്യാറാക്കി സൂക്ഷിയ്ക്കാത്തതിനാ® നിയമാനുസൃത കാലയളവിനുള്ളി® നടപടിക്രമങ്ങൾ പൂർത്തിയാക്കി അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് പെ® ഷ® ആനുകൂല്യം അനുവദിച്ചിട്ടുണ്ടോയെന്നും മാനദണ്ഡങ്ങൾ പ്രകാരം അനർഹരായ ഗുണഭോക്താക്കൾ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്നതും ഓഡിറ്റി® പരിശോധിച്ചുറപ്പാക്കാൻ സാധിച്ചിട്ടില്ല. ഇപ്രകാരം അവശ്യം വേണ്ട രജിസ്റ്ററുകൾ പോലും സൂക്ഷിക്കാത്ത നടപടിയും അപേക്ഷകൾ ഉൾപ്പടെയുള്ള അനുബന്ധരേഖകൾ ക്രമരഹിതമായി സൂക്ഷിക്കുന്ന നടപടിയും ഇത് സംബന്ധമായ നിയന്ത്രണ സംവിധാനത്തിലെ പോരായ്മ വെളിപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കേണ്ടതും അപേക്ഷ ലഭിച്ച തീയതി, പരിശോധന നടത്തിയ തീയതി, പെ® ഷ® അംഗീകരിച്ച തീയതി, പെ® ഷ® പോ® ട്ടലി® അപ്‌ലോഡ് ചെയ്ത വിശദാംശങ്ങൾ മുതലായവ ചേ® ത്ത് പെ® ഷ® രജിസ്റ്റ® ആധികാരികമായി തയ്യാറാക്കേണ്ടതും തുട® ഓഡിറ്റി® പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-43 വിവധയിനങ്ങളിലായി നൽകിയ 7.76 കോടി രൂപയുടെ മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു

നഗരസഭയുടെ 31/03/2024 ലെ ബാലൻസ് ഷീറ്റിലെ ബി-18 ഷെഡ്യൂൾ പ്രകാരം വിവിധ ഏജൻസികൾക്കും വ്യക്തികൾക്കും നൽകിയിട്ടുള്ളതും പെൻഷൻ വിതരണത്തിനായി തനതുഫണ്ടിൽ നിന്നും നൽകിയതുമുൾപ്പെടെ 7.76 കോടിയിലധികം രൂപയുടെ മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ക്രമീകരിക്കാതെ തുടരുന്ന മുൻകൂറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | വിവരണം | മുൻകൂർ തുക |
|---|---|---|---|
| 1 | 460100700 | Miscellaneous Advance | 1725559 |
| 2 | 460400201 | Advance To Contractors-Advance Paid-Municipal Fund | 444108 |
| 3 | 460509900 | Other Advances | 10995 |
| 4 | 460509909 | Advance To Others | 275478 |
| 5 | 460600100 | Electricity Depopsits | 2661871 |
| 6 | 460600300 | Water Deposits | 2435000 |
| 7 | 460609900 | Other Deposits With External Agencies | 3022892 |
| 8 | 460509901 | (Other Advances – Municipal Fund | 67116402 |
| | ആകെ | | 77692305 |

മേൽ മുൻകൂറുകളുടെ ഉദ്ദേശം , മുൻകൂർ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/18.01.25) വ്യക്തികൾക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയിട്ടുള്ള മുൻകൂറുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ധനകാര്യവകുപ്പിന്റെ 4-10-2011 ലെ ജി ഒ (പി) 419/2011/ഫിൻ നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക മുൻകൂറുകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണമെന്നും, അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത മുൻകൂർ തുകയ്ക്ക് ഒരു വർഷത്തേക്ക് 18 % നിരക്കിൽ പലിശ ഈടാക്കണമെന്നും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ സഹിതം ഈടാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാത്തരം അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടത്തുന്ന

നിക്ഷേപ പ്രവൃത്തികൾക്കായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുക അതാത് വർഷം തന്നെ പ്രോജക്ട് പൂർത്തീകരണത്തിനായി ചെലവഴിക്കേണ്ടതാണെന്നും പ്രോജക്ട് പൂർത്തീകരിക്കാത്തതിനെ തുടർന്ന് ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ പ്രാദേശിക സർക്കാരുകൾ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണെന്നും 09/03/2023 ലെ സ.ഉ.(കൈ) നം.38/2023/ധന ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഡെപ്പോസിറ്റ് ചെയ്ത വലിയ തുകകൾ വളരെ കാലം നിർവ്വഹണ ഏജൻസികളിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്. മേൽ തുകകളുടെ കൃത്യത പരിശോധിച്ച് തുകകൾ അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്. കൂടാതെ പെൻഷൻ ഫണ്ടിൽ നിന്നും കുടിശ്ശിക തുക തിരികെ ലഭ്യമാകുന്നതിനും തനത് ഫണ്ടിലേക്ക് ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-44 സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് അടവാക്കിയത്- അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല-

2023-24 വർഷം ചുവടെ ചേർക്കുന്ന പ്രകാരം സ്ട്രീറ്റ് ലൈറ്റ് വൈദ്യുതി ചാർജ് ഇനത്തിൽ തനതുഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. ചെലവുകളുടെ അനുബന്ധരേഖകൾ/ ക്രമീകരണവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വൌച്ചർ നം/ചെക്ക് നം | ചെലവിനം | തുക | റിമാർക്സ് |
|---|---|---|---|
| 22300624/29-12-23 File No. R4/1782/16 | സ്ട്രീറ്റ് ലൈറ്റ് കറന്റ് ചാർജ് (Unmetered) | 1000000/- | മീറ്ററില്ലാത്ത സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ, മീറ്ററുകൾ സ്ഥാപിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ , തുകയുടെ അടവ് വിവരം , ബിൽ വിശദാംശം , കാലയളവ് എന്നിവ ലഭ്യമല്ല |
| | ആകെ | 1000000/- | |

തുകയുടെ ക്രമീകരണവിവരങ്ങളും ചെലവുവിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.61/24-01-24)മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 1000000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കാത്തപക്ഷം മേൽ ചെലവ് അനധികൃത ചെലവായി പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 1-45 പഠനമുറി നിർമ്മാണം (പ്രോജക്ട് നം. 254/24- രേഖകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം. | 254/24 |
| അടങ്കൽ | 150000/-(വികസനഫണ്ട് (SCP) |
| ;Znbd | 10000/- |
| Yfnd] Vx. | 22/19.10.23 |

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പഠനമുറി നിർമ്മാണം എന്ന സ്പിൽ ഓവർ പ്രോജക്ടിനായി (നം. 254/24) ബിൽ നമ്പർ 22/19.10.23 പ്രകാരം വികസനഫണ്ട് (എസ്.സി.പി) യിൽ നിന്നും 10000/- രൂപ പിൻവലിച്ചിട്ടുണ്ട്. തുക ആർക്ക് നൽകി എന്നതും പ്രോജക്ട് ഫയലുകളും ഓഡിറ്റിന് ലഭ്യമായിട്ടില്ല. അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 42/22.1.25) മറുപടി ലഭ്യമായില്ല. ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിലേക്കായി 10000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കാത്ത പക്ഷം മേൽ ചെലവ് അനധികൃതചെലവായി പരിഗണിക്കുന്നതാണ്.

## 1-46 ഹെൽത്ത് ഗ്രാന്റ് - യഥാർത്ഥ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല-ചെലവിന്റെ ഉദ്ദേശ്യം വ്യക്തമല്ല

നഗരസഭയിലെ 2023-24 വർഷത്തെ ഹെൽത്ത് ഗ്രാന്റിന്റെ വിനിമയം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

**1.ലഭ്യമായ തുകയുടെ വിനിയോഗത്തിൽ ഗണ്യമായ വിഹിതവും ഫണ്ട് ട്രാൻസ്ഫർ-യഥാർത്ഥ വിനിയോഗം നാമമാത്രം.**

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിന്റെ ആകെ ചെലവായ 2400000/- രൂപയിൽ 801169/- രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളതാണ്. ബാലൻസ് തുകയിൽ 8790/- രൂപ HMC അക്കൗണ്ടിലേയ്ക്കും 1590041/- രൂപ തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) -ടെ LSGD/PD/5562/2024-DPLD4 തീ. 14.03.2024 കത്തിലെ നിർദ്ദേശ പ്രകാരം നാഷണൽ ഹെൽത്ത് മിഷൻ ഡയറക്ടറുടെ അക്കൗണ്ടുകളിലേക്കും കൈമാറിയിട്ടുണ്ട്. ആയത് ഉൾപ്പെടെ മെഡിക്കൽ ഓഫീസർ തൻവർഷം കൈമാറിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | നിർവ്വഹണോദ്യോഗസ്ഥൻ | കൈമാറുന്ന തുക | ബിൽ നം. |
|---|---|---|---|
| 350/24,പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ | മെഡിക്കൽ ഓഫീസർ | 1590041 | 380/21.03.24 |
| 351/24, ക്യാൻസർ കെയർ പ്രോജക്ട് | മെഡിക്കൽ ഓഫീസർ | 205000 | 381/21.03.24 |
| ആകെ | | 1795041/- | |

മേൽ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനും പ്രോജക്ട് നടപ്പാക്കാതെ തന്നെ പദ്ധതി ചെലവ് പൂർണ്ണമായും സുലേഖയിൽ വിനിയോഗമായി രേഖപ്പെടുത്തിയതിന്റെ അനൗചിത്യവും ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.56(1)/24.01.25) മറുപടി ലഭ്യമാക്കിയില്ല. മേൽ തുകകളുടെ യഥാർത്ഥവും വിശദവുമായ വിനിയോഗ വിവരം ലഭ്യമാകുന്നത് വരെ 1795041/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2. അക്കൗണ്ടിൽ നിന്നും പിൻവലിച്ച 206264/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമല്ല**

ഹെൽത്ത് ഗ്രാന്റ് കാനറാ ബാങ്ക് അക്കൗണ്ടിൽ നിന്നും (അക്കൗണ്ട് നം. 110054505060) 30.03.2024ൽ പിൻവലിച്ചിട്ടുള്ള 206264/- രൂപയുടെ ചെലവുരേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ലാത്തതാണ്. ഹെൽത്ത് ഗ്രാന്റിന്റെ സാംഖ്യ എ.സി.ആറിൽ പ്രസ്തുത ചെലവ് ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.56(2)/24.01.25) മറുപടി ലഭ്യമാക്കിയില്ല. പിൻ വലിച്ച തുകയുടെ ഉദ്ദേശം, ചെലവിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നത് വരെ 206264/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3. 6014474/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു**

ഹെൽത്ത് ഗ്രാന്റ് (അർബൻ ഹെൽത്ത്&വെൽനെസ് സെന്റേഴ്സ് ) കാനറാ ബാങ്ക് അക്കൗണ്ടിൽ 31.03.2024 ൽ 60,14,474 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. തുക ചെലവഴിക്കാതെ അവശേഷിക്കുന്നതിനും തുക ചെലവഴിക്കുവാൻ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.56(3)/24.01.25) മറുപടി ലഭ്യമാക്കിയില്ല. തൻ വർഷം മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 352/24, 353/24 എന്നീ പ്രോജക്ടുകൾ പ്രകാരം ആരോഗ്യമേഖലയിൽ 10 ലക്ഷം രൂപ വീതം വകയിരുത്തുകയും ആദ്യ പ്രോജക്ട് പ്രകാരം 213502/- രൂപ ചെലവഴിച്ചിട്ടുള്ളതായും കാണുന്നു. കൂടാതെ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നം. 344/24, 345/24 എന്നിവ പ്രകാരം ഇതേ മേഖലയിൽ യഥാക്രമം 20 ലക്ഷം രൂപയും 35 ലക്ഷം രൂപയും വീതം വകയിരുത്തുകയും 444769/- രൂപയും 1957237/- രൂപയും വീതം ചെലവഴിച്ചിട്ടുമുണ്ട്. എന്നിരുന്നാലും ലഭ്യമായ സർക്കാർ ഗ്രാന്റ് സമയബന്ധിതമായും പൂർണ്ണമായും നിശ്ചിത ആവശ്യങ്ങൾക്കായി ഗുണപ്രദമായി ചെലവഴിക്കുന്നതിന് സാധിച്ചിട്ടില്ല. ബാലൻസ് തുക നിലവിലെ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഗുണപ്രദമായ പ്രോജക്ടുകൾക്കായി ചെലവഴിക്കേണ്ടതും ആയതിനുള്ള കാലതാമസം പരമാവധി ഒഴിവാക്കുവാൻ നഗരസഭാ കൗൺസിലിന്റെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതുമാണ്.

## 1-47 എച്ച്.എം.സി ഫണ്ടിലേക്ക് കൈമാറിയ ഹെൽത്ത് ഗ്രാന്റ് തുക പൂർണ്ണമായും ചെലവഴിച്ചില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടറുടെ (അർബൻ) 14.03.2024 ലെ LSGD/PD/5562/2024-DPLD4 നമ്പർ കത്തിലെ നിർദ്ദേശ പ്രകാരം വൈക്കം താലൂക്ക് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അക്കൗണ്ടിലേക്ക് താഴെ ചേർക്കും പ്രകാരം ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക കൈമാറിയിരുന്നു. എന്നാൽ ഇപ്രകാരം കൈമാറിയ തുക പൂർണ്ണമായും യഥാർത്ഥ ആവശ്യങ്ങൾക്കായി ചെലവഴിക്കാതെ എച്ച്.എം.സി.ഫണ്ടിൽ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം.,പേര് | പ്രോജക്ട് പ്രകാരമുള്ള ആകെ ചെലവ് | എച്ച്.എം.സി ഫണ്ടിലേക്ക് നൽകിയ തുക | ബിൽ നം. | ചെലവഴിച്ച തുക | എച്ച്.എം.സി ഫണ്ടിൽ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| 376/24,താലൂക്ക് ആശുപത്രിയിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 2413000 | 2114820 | 482/27.03.245 | 1799559 | 315261 |
| 350/24, പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ | 2400000 | 8790 | 481/27.03.24 | 0 | 8790 |
| ആകെ | | 2123610 | | 1799559 | 324051 |

ഇപ്രകാരം ഹെൽത്ത് ഗ്രാന്റ് തുകയിൽ 324051/- രൂപ ചെലവഴിക്കാതെ എച്ച്.എം.സി ഫണ്ടിൽ അവശേഷിക്കുന്നതിനും തുക ചെലവഴിക്കുന്നതിന് സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (48/23.01.25) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഗ്രാന്റ് പിൻവലിച്ച് ദീർഘകാലം ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ സൂക്ഷിക്കുന്ന നടപടി ക്രമപ്രകാരമല്ല. ആയതിനാൽ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ എച്ച്.എം.സി അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക പൂർണ്ണമായും നിശ്ചിത ആവശ്യത്തിനായി ചെലവഴിച്ച് വിവരം അറിയിക്കേണ്ടതാണ്. ഇത്രയേറെ തുക ട്രാൻസ്ഫർ ചെയ്യപ്പെട്ട എച്ച് എം സി അക്കൗണ്ടിന്റെ വാർഷികകണക്കുകൾ ക്രോഡീകരിച്ച് ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ലയെന്നതും ശ്രദ്ധിക്കേണ്ടതാണ്.ട്രാൻസ്ഫർ ചെയ്യപ്പെട്ട തുകകളുടെ യഥാർത്ഥ വിനിയോഗവിവരം ബന്ധപ്പെട്ട എച്ച് എം സിയുടെ വാർഷികകണക്കുകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-48 എച്ച്.എം.സി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള ജി.എസ്.റ്റി തുക അടവാക്കിയില്ല

മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി നിർവ്വഹണോദ്യോഗസ്ഥനായി ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ താലൂക്ക് ആശുപത്രിയിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി (പ്രോജക്ട് നം.376/24)ലാബ് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ നിന്നും ആശുപത്രിയുടെ ഹോസ്പിറ്റൽ മാനേജ് മെന്റ് കമ്മിറ്റി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുകയിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയ സ്ഥാപനങ്ങൾക്ക് തുക നൽകിയിട്ടുള്ളതെന്ന് കാണുന്നു . ഇപ്രകാരം തുക സ്ഥാപനങ്ങൾക്ക് കൈമാറിയപ്പോൾ ജി.എസ്.റ്റി ഇനത്തിൽ 2% തുക റ്റി.ഡി.എസ് ആയി കുറവ് ചെയ്ത് പ്രസ്തുത തുക എച്ച്.എം.സി ഫണ്ടിൽ നിലനിർത്തി ബാക്കി തുകയാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാങ്ങിയ ഉപകരണത്തിന്റെ വിവരം | ഉപകരണത്തിന്റെ ആകെ വില | സ്ഥാപനത്തിന് നൽകിയ തുക | ജി.എസ്.റ്റി ഇനത്തിൽ HMC ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക(2%) | സ്ഥാപനം |
|---|---|---|---|---|
| Chemiluminescence Immuno Analyser(ഹോർമോൺ | 825000 | 808500 | 16500 | Crystal Health Care |

| | | | | |
|---|---|---|---|---|
| അനലൈസർ) | | | | |
| Fully Automatic Biochemistry Analyser | 750000 | 735000 | 15000 | Transasia Biomedicals Ltd. |
| ആകെ | | | 31500/- | |

എന്നാൽ ജി.എസ്.റ്റി ഇനത്തിൽ എച്ച് .എം.സി ഫണ്ടിൽ നിലനിൽക്കുന്ന 31500/- രൂപ സർക്കാരിലേക്ക് അടവാക്കിയതായി കാണുന്നില്ല. ഇപ്രകാരം ജി.എസ്.റ്റി ഇനത്തിൽ കിഴിവ് ചെയ്ത തുക നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (47/23.01.25) മറുപടി ലഭ്യമാക്കിയില്ല. ജി എസ് ടി ഇനത്തിലുള്ള തുക നിശ്ചിത സമയപരിധിക്കുള്ളിൽ അടവാക്കാത്തത് ക്രമപ്രകാരമല്ല.ആയതിനാൽജി.എസ്.റ്റി ഇനത്തിൽ എച്ച്.എം.സി ഫണ്ടിൽ അവശേഷിക്കുന്ന 31500/- രൂപ അടിയന്തിരമായി നിശ്ചിത ശീർഷകത്തിൽ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.(എച്ച്.എം.സി ഫണ്ടിന്റെ വാർഷീക കണക്കുകളിൽ പ്രസ്തുത വിവരം കൃത്യമായി വെളിപ്പെടുത്തേണ്ടതുമാണ്.)

## 1-49 ആയു® വ്വേദ ആശുപത്രി ഓ.പി വിഭാഗം കമ്പ്യൂട്ട® വത്കരണം- വാങ്ങ® നടപടികളിൽ സ® ക്കാ® നി® ദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | നം.55/24, |
| അടങ്കൽ ,ഫണ്ടിനം | 200000/-<br>റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ്, ബിൽ നമ്പർ , തീയതി | 199940/-<br>233/9.01.24 |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്ക®<br>ഓഫീസ® ,ആയു® വ്വേദം |

സ്റ്റോർപർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 26.4.19 ലെ ജി.ഒ(പി)നമ്പർ 7/2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കേണ്ടി വരുമ്പോൾ ആയത് നിർബന്ധമായും ജെം പോർട്ടൽ മുഖേനയെ നിർവ്വഹിക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)നമ്പർ10-2019-എസ്.ഡി.പി തീയതി 22.08.2019 പ്രകാരം സ® ക്കാ® വകുപ്പുകളും പൊതുമേഖല സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സ® ക്കാരിന്റെ ഓ® ലൈ® പോ® ട്ട® മുഖേന വാങ്ങേണ്ടതാണെന്ന നിബന്ധന ഉ® പ്പെടുത്തി സ്റ്റോ® പ® ച്ചേസ് മാന്വലി® ഖ. 7.52 കൂട്ടിച്ചേ® ത്തു. അതി® പ്രകാരം കെ® ട്രോണാണ് ഇതിനുള്ള നോഡ® ഏജ® സിയായി പ്രവ® ത്തിക്കുന്നത്. എന്നാ® സ® ക്കാ® നി® ദ്ദേശത്തിന് വിരുദ്ധമായി നേരിട്ട് ജെം പോ® ട്ട® മുഖാന്തിരം കെ.എം ടെക്നോളജി വടവാളു® എന്ന സ്ഥാപനത്തി® നിന്നും (ഇ® വോയ്സ് നമ്പ® KMR/23-24/1537 Dtd 27.11.2023) 149940/-രൂപയ്ക്ക് മൂന്ന് ലാപ്ടോപ്പുകളും (Invoice No. KMR/23-24/1538 Dtd 27.11.2023) 50000/-രൂപയ്ക്ക് ഒരു പ്രി® ററും (ആകെ 199940/-രൂപ) വാങ്ങിയിരുന്നു. സ® ക്കാ® നി® ദ്ദേശത്തിന് വിരുദ്ധമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പ® ച്ചേസ് ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് ന® കിയ ഓഡിറ്റ് എ® ക്വയറിക്ക്(നം.49/23.01.2025) ഇ-ഹോസ്പിറ്റ® സംവിധാനം അടിയന്തരമായി നടപ്പാക്കണമെന്ന മെഡിക്ക® ഡിപ്പാ® ട്ടമെ® റ് നി® ദ്ദേശം പാലിക്കേണ്ടിവന്നതിനാലാണ് കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും പെട്ടെന്ന് ലഭിക്കുന്നതിനുവേണ്ടി ജെം പോ® ട്ട® മുഖാന്തിരം വാങ്ങിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികളുടെ വാങ്ങ® നടപടിക്രമങ്ങ® സ® ക്കാ® നി® ദ്ദേശം പാലിക്കാത്തതിന്മേൽ ഉചിതമായ അധികാരസ്ഥാനത്ത് നിന്നുള്ള സാധൂകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ വാങ്ങിയ കമ്പ്യൂട്ടർ ഉപകരണങ്ങൾ കൃത്യമായി ഉപയോഗപ്പെടുത്തുന്നതിന്റെ വിശദാംശങ്ങളും നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന വിവരവും അറിയിക്കേണ്ടതാണ്.

## 1-50 ഹോമിയോ മരുന്ന് വാങ്ങൽ -തുക മുൻകൂറായി നൽകിയിട്ടും മരുന്ന് പൂർണ്ണമായി ലഭ്യമാകുന്നതിൽ ഒരു വർഷത്തിലേറെ കാലതാമസം.

| | |
|---|---|
| പ്രോജക്ട് നമ്പർ | 9/24 |
| അടങ്കൽ, ഫണ്ടിനം | 600000/-<br>റോഡിതരസംരക്ഷണഗ്രാന്റ് |

| | |
|---|---|
| ചെലവ് | 500000/- |
| ബിൽ നമ്പർ, തീയതി | 268-29.01.2024-300000<br>269-29.01.2024-200000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിനായി ഹോംകോയ്ക്ക് 500000/- രൂപ കൈമാറിയിട്ടുണ്ട്. 228242/- രൂപ മൂല്യമുള്ള മരുന്നുകൾ ലഭ്യമായത് സ്റ്റോക്കിൽ ചേർത്തതിന്റെ വിവരം മാത്രമാണ് ലഭ്യമാക്കിയത്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് വിവരങ്ങൾ സഹിതം മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.63/24.01.2025) 248365/- രൂപയുടെ മരുന്ന് 14.01.2025 ലഭിച്ചിട്ടുണ്ടെന്നും സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ പരിശോധനക്ക് നൽകിയതിനാൽ സ്റ്റോക്ക് ചേർക്കാൻ സാധിച്ചില്ലെന്നും അറിയിച്ചു.ഈ തുകയുടെ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കി. ഇനി 23393/- രൂപയുടെ മരുന്നു മാത്രമാണ് ലഭിക്കാനുള്ളതെന്നും ആയത് 27.01.2025 ൽ ലഭ്യമാക്കുമെന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്നുള്ള മറുപടിയാണ് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുള്ളത്. രോഗികൾക്ക് ആവശ്യാനുസരണം വിതരണം ചെയ്യേണ്ടതായ മരുന്നുകൾക്ക് വേണ്ടിയുള്ള തുക മുൻകൂറായി നൽകിയിട്ടും ആയവ പൂർണ്ണമായി ലഭ്യമാകുന്നതിന് ഒരു വർഷത്തിലേറെ കാലതാമസം വരുന്നത് ആശാസ്യമല്ല. ഭാവിയിൽ മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മുൻവർഷം തുക നൽകിയതിൽ 23393/- രൂപയുടെ മരുന്നു കൂടി ലഭ്യമാക്കി സ്റ്റോക്ക് വിവരം സഹിതം ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-51 സ്കൂളുകൾക്ക് ലാപ് ടോപ്പ് -വാങ്ങൽ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | 110/24 സ്കൂളുകൾക്ക് ലാപ് ടോപ്പ് , പ്രിന്റർ |
| അടങ്കൽ ,ഫണ്ടിനം | 300000/-<br>റോഡിതരസംരക്ഷണഗ്രാന്റ് |
| ചെലവ്, ബിൽ നമ്പർ , തീയതി | 297371/-<br>341/13.3.24 = 238374/-<br>342/13.3.24 = 58997/- |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ് |

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ട് പ്രകാരം ജെം മുഖാന്തിരം കെ.എം ടെക്നോളജി , വടവാളൂർ എന്ന സ്ഥാപനത്തിൽ നിന്നും 238374/- രൂപയ്ക്ക് 6 ലാപ്ടോപ്പുകളും ( 39729 X 6) 58997/- രൂപയുടെ സ്കാനറും വാങ്ങി വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതയുള്ളതായി കാണുന്നു.

1) സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 26.4.19 ലെ ജി.ഒ(പി)നമ്പർ 7/2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേന സമാഹരിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും സി.പി.ആർ.സി.എസ് പോർട്ടലിൽ നിന്നാണ് വാങ്ങേണ്ടത്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ ഫണ്ടോ എം.പി/എം.എൽ.എ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ വിവിധ സ്കീമുകൾക്കുള്ള ഫണ്ട് ഉപയോഗിച്ചുള്ള വാങ്ങലുകൾക്കും പൊതുവിദ്യാഭ്യാസവകുപ്പിന്റെ 27.9.2019 ലെ സ.ഉ (സാ.ധാ) നമ്പർ 3847/2019 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കെൽട്രോൺവഴി ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്കൊപ്പം വിവിധ ഉപകരണങ്ങളുടെ നിരക്കും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസവകുപ്പിന്റെ 30.1.2023 ലെ സ.ഉ (സാ.ധാ) നമ്പർ 818/2023 പ്രകാരം ലാപ്ടോപ്പ് പുതുക്കിയ വില 35207/- രൂപയാണ്. എന്നാൽ ജെം മുഖേന കെ.എം ടെക്നോളജിയിൽ നിന്നും വാങ്ങിയപ്പോൾ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചു.

| ഇനം | വാങ്ങിയ നിരക്ക് | വാങ്ങാവുന്ന നിരക്ക് | അധികം |
|---|---|---|---|
| ലാപ് | ഒന്നിന് 39729/- | ഒന്നിന് | 27132 |

| | | |
|---|---|---|
| ടോപ്പ് | രൂപ വീതം 6 എണ്ണത്തിന്റെ വില 238374/- | 35207/- രൂപ വീതം 6 എണ്ണത്തിന് 211242/- |

2) മേൽ സൂചിത ഉത്തരവിന്റെ ക്രമനമ്പർ 3 പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന എല്ലാ ഐ.ടി ഉപകരണങ്ങൾക്കും 5 വർഷ വാറന്റി ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ നിലവിൽ വാങ്ങിയ ലാപ്ടോപ്പുകൾക്ക് 3 വർഷ വാറന്റി മാത്രമാണ് ലഭ്യമായത്.

സർക്കാർ നിർദ്ദേശം പാലിക്കാതെ വാങ്ങൽ നടത്തി അധികം തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 18/20.1.25) നൽകുകയുണ്ടായി. സ്കൂളുകളിലെ അടിയന്തര ആവശ്യം കണക്കിലെടുത്താണ് ജെം പോർട്ടലിൽ നിന്ന് വാങ്ങൽ നടത്തിയതെന്നും തുടർവർഷങ്ങളിൽ അപാകതകൾ ആവർത്തിക്കില്ല എന്നും മറുപടി ലഭ്യമാക്കി. വാങ്ങിയ കമ്പ്യൂട്ടറുകളുടെയും ഉപകരണങ്ങളുടെയും പ്രവർത്തനക്ഷമത ഉറപ്പാക്കേണ്ടതും സർക്കാർ നിർദ്ദേശം പ്രകാരമുള്ള നിരക്കിൽ അധികമാകാതെ സ്പെസിഫിക്കേഷൻ പാലിച്ച് വാങ്ങൽ നടത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. അപാകതയിന്മേൽ അധിക വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-52 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പൂർത്തീകരണവിവരമില്ല-പ്രയോജനപ്പെടാത്തതിനാൽ പാഴ്ച്ചെലവായി പരിണമിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 262/24, റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ |
| അടങ്കൽ, ഫണ്ടിനം | 130000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 97500/- |
| ബിൽ നമ്പർ, തീയതി | 60/1.8.23 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |

തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പിന്റെ 28.10.22 ലെ 2/22 നമ്പർ സർക്കുലർ, 20.10.22 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതലകോർഡിനേഷൻ കമ്മറ്റിയുടെ നിർദ്ദേശം എന്നിവ പ്രകാരം നഗരസഭയുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിന് രൂപീകരിച്ചതാണ് മേൽ പ്രോജക്ട്. സർക്കുലർ പ്രകാരം വാർഡ് ഒന്നിന് 5000/- രൂപ വരെ ചെലവഴിക്കാവുന്നതാണ് ( 26 വാർഡുകൾക്ക് ആകെ 130000/- രൂപ). ഭരണസമിതിയുടെ 31.12.22 ലെ 11 നമ്പർ തീരുമാനപ്രകാരം സുരജ കെ.എസ് , ബ്രഹ്മമംഗലം എന്ന വ്യക്തിയെ ചുമതലയേൽപ്പിച്ചു. R- Track മൊബൈൽ ആപ്പിന്റെ സേവനം പ്രയോജനപ്പെടുത്തി 3 മാസത്തിനുള്ളിൽ പ്രവൃത്തിപൂർത്തിയാക്കുക എന്നതായിരുന്നു ലക്ഷ്യം . ആകെ അടങ്കൽ തുകയുടെ 75% ആയ 97500/- രൂപ സുരജ കെ.എസ് ന് നൽകിയിട്ടുണ്ട്.

റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തിയാക്കിയതിന്റെയും ആയതിന് കൗൺസിൽ അംഗീകാരം നൽകിയതിന്റെയും രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/20.1.25) പ്രാഥമികമായി തയ്യാറാക്കിയ മാപ്പിൽ ധാരാളം അപാകതയുണ്ടെന്നും ആയത് പരിഹരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നും മറുപടി ലഭ്യമാക്കി.നിലവിലെ സ്ഥിതി പരിശോധിച്ചതിൽ തയ്യാറാക്കപ്പെട്ട കണക്ടിവിറ്റി മാപ്പ് ഒരുതരത്തിലും പ്രയോജനപ്പെടാത്തതിനാൽ ചെലവ് പാഴ്ച്ചെലവായി പരിണമിച്ചിരിക്കുകയാണ്.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ വിവരവും കണക്ടിവിറ്റി മാപ്പ് പ്രയോജനപ്പെടുത്തുന്നതിന്റെ വിവരവും ലഭ്യമാക്കുന്നത് വരെ 97500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-53 ടേക്ക് എ ബ്രേക്ക് നിർമ്മാണം - ലക്ഷ്യം കൈവരിച്ചിട്ടില്ല.

നഗരസഭയുടെ ഫയർ സ്റ്റേഷൻ ഗ്രൗണ്ട്, കോവിലകത്തും കടവ് എന്നീ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളുടെ നിർമ്മാണപുരോഗതിയും നിലവിലെ ഉപയോഗവും 21.1.25 ൽ പ്രാദേശികമായി പരിശോധിക്കുകയുണ്ടായി. പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങളും പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട

കാലികസ്ഥിതിവിവരവും ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | തൻവർഷ ചെലവ് , ബിൽ നമ്പർ, ഫണ്ടിനം | നാളിതുവരെ ആകെ ചെലവ് | കരാറുകാരൻ, കരാർ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 312/24 , ഫയർ സ്റ്റേഷൻ ഗ്രൗണ്ടിൽ ടേക്ക് എ ബ്രേക്ക് | 203314/- 62/8.8.23 കേന്ദ്രാവിഷ്കൃത വിഹിതം | 1106299/- 902985/- (2022-23) 203314/- (2023-24) | റ്റി.ജി ഗിരീശൻ AE/LSGD/ VMC/7/22-23/15.7.22 | ഗ്രാമീണമേഖലയിലാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ആയതിനാൽ ടേക്ക് എ ബ്രേക്ക് ഉപയോഗിക്കുന്നവർ വിരളമാണ്. ശുചിയായി സൂക്ഷിക്കാൻ ആളില്ലാതെ നിലവിൽ വൃത്തിഹീനമായും പൊടിനിറഞ്ഞ അവസ്ഥയിലുമാണ് ടേക്ക് എ ബ്രേക്ക് കെട്ടിടം കാണപ്പെട്ടത്. |
| 311/24 , കോവിലകത്തും കടവ് മാർക്കറ്റിൽ ടേക്ക് എ ബ്രേക്ക് കെട്ടിടം | 201766/- 366/20.3.24 കേന്ദ്രാവിഷ്കൃത വിഹിതം | 981766/- 780000/- (2022-23) 201766/- (2023-24) | ഗിരീശൻ റ്റി.ജി AE/LSGD/ VMC/01/22-23/4.4.22 | കായലിൽ നിന്നും ഏകദേശം 30m അകലെ മാത്രമാണ് കെട്ടിടം നിർമ്മിച്ചത്. CRZ ക്ലിയറിംഗിനായി അപേക്ഷിച്ചെങ്കിലും ലഭിച്ചിട്ടില്ല. വെള്ളം, വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| ആകെ | 405080/- | 2088065/- | | |

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള സ്ഥിതിവിവരം ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 41/22.1.25) മറുപടി ലഭ്യമായില്ല. അപാകതകൾ പരിഹരിച്ച് ടേക്ക് ബ്രേക്ക് സംവിധാനം വഴിയാത്രക്കാർക്കും മറ്റ് പൊതുജനങ്ങൾക്കും ഉപകാരപ്പെടുന്നവിധം പൂർണമായി പ്രവർത്തനസജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-54 വിവിധ പ്രദേശങ്ങളിൽ ഡ്രയിനേജ് സംവിധാനവും ഓടകളും നിർമ്മിച്ചത് - ലക്ഷ്യം കൈവരിച്ചിട്ടില്ല.

തൻവർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി നിർവ്വഹിച്ച വാർഡ് 15 ലെ കായിപ്പുറം - മായപ്പള്ളി ഡ്രെയിനേജ്, ചീപ്പുങ്കൽ റോഡ് ഡ്രെയിനേജ് എന്നിവയുടെ നിർമ്മാണപുരോഗതിയും കാലികസ്ഥിതിയും 21.1.25 ൽ പ്രാദേശികമായി പരിശോധിക്കുകയുണ്ടായി. പ്രോജക്ടിന്റെ ചെലവ് വിശദാംശങ്ങളും പരിശോധനാ സമയത്ത് ശ്രദ്ധയിൽപ്പെട്ട അവസ്ഥയും ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | തൻവർഷ ചെലവ് , ബിൽ നമ്പർ, ഫണ്ടിനം | നാളിതുവരെ ആകെ ചെലവ് | കരാറുകാരൻ, കരാർ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| 300/24 കായിപ്പുറം - മായപ്പള്ളി ഡ്രെയിനേജ് | 123935/- 150/25.11.23 റോഡ് സംരക്ഷണഗ്രാന്റ് | 123935/- (ആകെ അടങ്കൽ 264000/- കരാറുകാരൻ എസ്ററിമേറ്റ് റേറ്റ് ക്വോട്ട് ചെയ്തു) | കെ വിജയൻ AE/LSGD/ VMC/2/22-23/15.6.23 എം ബുക്ക് നമ്പർ-565/2023-511 | നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നാളിതുവരെ പാർട്ട് ബിൽ മാത്രമാണ് നൽകിയത്. പൂർത്തിയാക്കിയ ഭാഗത്തെ ഓടയ്ക്ക് കവർസ്ളാബ് ഇട്ടിട്ടില്ല.കവർസ്ളാബ് വിരിക്കുന്നതിനുള്ള വിഹിതം എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ഓടയിൽ മലിനജലം ശരിയായി ഒഴുകിപ്പോകാതെ നിറഞ്ഞ് കിടക്കുന്നതായും പരിസരമലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാവുന്ന അവസ്ഥയിൽ കാണപ്പെട്ടു. |
| 249/24 ,ചീപ്പുങ്കൽ റോഡ് ഓടനിർമ്മാണം | 173189/- 56/27.7.23 റോഡ് സംരക്ഷണഗ്രാന്റ് | 684489/- 423000/- (2020-21) 88300/- (2021-22) 173189/- (2023-24) | സന്ദീപ് എസ് നായർ 93/2020-21/26.2.21 | ഓടയ്ക്ക് കവർസ്ളാബ് ഇട്ടിട്ടില്ല.കവർസ്ളാബ് വിരിക്കുന്നതിനുള്ള വിഹിതം എസ്റ്റിമേറ്റിലും ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ മലിനജലം നിറഞ്ഞ് പരിസരമലിനീകരണവും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാവുന്ന അവസ്ഥയാണ്. കായലിലേക്ക് അവസാനിക്കുന്ന ഓടയും കായലും ഒരേ നിരപ്പിലായതിനാൽ വേലിയേറ്റസമയത്ത് മലിനജലം ഓടകവിഞ്ഞ് ഒഴുകുന്ന സ്ഥിതിയിലുമാണ് കാണപ്പെട്ടത്. |
| ആകെ | 297124/- | 808424/- | | |

ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് സ്ഥിതിവിവര റിപ്പോർട്ട് ഉൾപ്പടെ ശ്രദ്ധയിൽപ്പെടുത്തി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 39/22.1.25) മറുപടി ലഭ്യമായില്ല.ശാസ്ത്രീയമായ സ്ലോംവാട്ടർ ഡ്രയിനേജ് പ്ലാൻ തയ്യാറാക്കാതെയാണ് ചിലപ്രദേശങ്ങളിൽ ഇപ്രകാരമുള്ള നിർമ്മാണം ഗുണകരമല്ലാത്ത രീതിയിൽ ഏറ്റെടുത്തത്. അപാകതകളിന്മേൽ ചുമതലപ്പെട്ട സാങ്കേതീക വിഭാഗം ഉദ്യോഗസ്ഥരുടെ വിശദീകരണം സഹിതമുള്ള മറുപടി ലഭ്യമാക്കേണ്ടതും ന്യൂനതാ പരിഹാര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ നാളിതുവരെയുള്ള 808424രൂപയുടെ

ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി ഗുണകരമല്ലാത്ത വിധം തുടരുന്നതായി കാണുന്ന പക്ഷം മുഴുവൻ തുകയും ബന്ധപ്പെട്ട സാങ്കേതീക വിഭാഗം ഉദ്യോഗസ്ഥരുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

**1-55 അങ്കണവാടി നിർമ്മാണം - പ്രാഥമിക പ്രവർത്തനങ്ങൾക്ക് മാത്രമായി പ്രോജക്ട് രൂപീകരിച്ചു.തുടർ പ്രവർത്തനങ്ങളില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 348/24,വാർഡ് 19 ൽ അങ്കണവാടി നിർമ്മാണം ആദ്യഘട്ടം |
| അടങ്കൽ , ഫണ്ടിനം | 620000/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 278401/- |
| ബിൽ നമ്പർ , തീയതി | 498/30.3.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ |
| കരാറുകാരൻ | പി.കെ ഷാജി , പനച്ചിത്തുരുത്ത് |
| കരാർ | AE/LSGD/VMC/15/23-24, 6.12.23 |
| എം.ബുക്ക് | LSGD/CELSGD/<br>MB/111078/2022-5-1-1 |

വാർഡ് 19 ൽ പുല്ലുകുളത്തിന് സമീപം പുതിയ അങ്കണവാടി നിർമ്മിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം . 2022-23 വർഷം 259/23 നമ്പരായി രൂപീകരിച്ച പ്രോജക്ട് തൻവർഷം സ്പിൽഓവറായി തുടരുകയാണ് ചെയ്തിരിക്കുന്നത്. അങ്കണവാടി നിർമ്മാണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങളായി അടിത്തറ നിർമ്മാണം മാത്രമാണ് തൻവർഷം പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. പൈലിംഗ് ഉൾപ്പെടെ ചെയ്ത് അടിത്തറ നിർമ്മിക്കുന്നതിനായി തൻവർഷം 278401/- രൂപയും ബിൽ നമ്പർ 59/8.7.24 പ്രകാരം 2024-25 വർഷം 335788/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശസ്വയംഭരണവകുപ്പിന്റെ 19.4.22 ലെ ജി.ഒ (കൈ) 86/2022 പ്രകാരമുള്ള പദ്ധതിമാർഗ്ഗരേഖയുടെ ഖണ്ഡിക 3.5(8) പ്രകാരം കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം , അനുബന്ധസൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ളംബിങ്ങ് എന്നിങ്ങനെ ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി വേണം പ്രോജക്ട് രൂപീകരിക്കാൻ എന്ന് പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല.

2) 21.1.25 തീയതിയിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കെട്ടിടത്തിനായി നിർമ്മിച്ച തറ പോലും കാണാനാവാത്ത വിധം പുല്ല് മൂടിയ അവസ്ഥയിലാണ് കാണപ്പെട്ടത്.

3) 2024-25 വർഷം കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഇതിനായി സ്പിൽ ഓവർ പ്രോജക്ട് രൂപീകരിച്ചതിന്റെ വിവരം ലഭ്യമായില്ല.

അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/22.1.25) അടുത്ത വർഷം പ്രോജക്ട് രൂപീകരിച്ച് അങ്കണവാടി നിർമ്മാണം പൂർത്തീകരിക്കുമെന്ന് മറുപടി ലഭ്യമാക്കി. അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതുവരെ ഓഡിറ്റ് വർഷത്തെ 278401/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. കെട്ടിടനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് സമഗ്രമായ രീതിയിൽ തയ്യാറാക്കാത്തതിന്മേലും ശരിയായ മുൻഗണനാക്രമത്തിൽ പ്രവൃത്തി ഏറ്റെടുക്കാത്തതിന്മേലും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**1-56 കളക്ടേഴ്സ് @ സ്കൂൾ -ചെലവ് രേഖകൾ പൂർണമല്ല-പ്രോജക്ട് ഗുണപരമായി പൂർത്തിയാക്കിയിട്ടില്ല.**

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 112/24, ഗവ.സ്കൂളുകളിൽ കളക്ടേഴ്സ് @ സ്കൂൾ |
| അടങ്കൽ , ഫണ്ടിനം | 148000/-<br>44400/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>103600/-<br>കേന്ദ്രാവിഷ്കൃത വിഹിതം |
| | |

| | |
|---|---|
| ചെലവ് | 43845/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ നമ്പർ , തീയതി | 466/25.3.24 |
| നിർവ്വഹണോദ്യോഗസ്ഥൻ | നിസിപ്പൽ എഞ്ചിനീയർ |
| കരാറെടുത്ത സ്ഥാപനം | സോഷ്യോ എക്കണോമിക് യൂണിറ്റ് |
| കരാർ | AE/LSGD/VMC/34/23-24, 24.2.24 |

സോഷ്യോ എക്കണോമിക് യൂണിറ്റ് മുഖാന്തിരം പ്ളാസ്റ്റിക് ബോട്ടിലുകളും മറ്റ് അജൈവ വസ്തുക്കളും ശേഖരിക്കുന്നതിനായി വിവിധ LP/UP സ്കൂളുകളിലായി 6 ബിന്നുകളും വിവിധ H.S/H.S.S സ്കൂളുകളിലായി 7 ബിന്നുകളും സ്ഥാപിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ആദ്യ പാർട്ട് ബിൽ തുകയായി 43845/- രൂപ തൻവർഷം സോഷ്യോ എക്കണോമിക് യൂണിറ്റിന് നൽകിയിട്ടുണ്ട്. ബാക്കി തുക നൽകിയതിന്റെ ബില്ലുകളോ വിവിധ സ്കൂളുകളിൽ ബിന്നുകൾ സ്ഥാപിച്ചതായി അതാത് ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയ രേഖകളോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40/22.1.25) തൻവർഷം പാർട്ട് ബില്ലാണ് നൽകിയതെന്നും ശുചിത്വമിഷൻ വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് മുഴുവൻ തുകയും നൽകി പ്രോജക്ട് പൂർത്തിയാക്കുമെന്ന് മറുപടി ലഭ്യമാക്കി. പ്രോജക്ട് ലക്ഷ്യമിട്ട ഭൗതീകനേട്ടം കൈവരിക്കുന്നവിധം ഗുണപരമായി പൂർത്തിയാക്കിയും വിവിധ സ്കൂളുകളിൽ ബിന്നുകൾ സ്ഥാപിച്ച് യഥാവിധി ഉപയോഗിക്കുന്നതായും അതത് ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയ രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽ അപാകതകളുടെ വെളിച്ചത്തിൽ 43845/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-57 പഴയ വാഹനം ഉപയോഗത്തിലിരിയ്ക്കെ പുതിയ വാഹനം വാങ്ങി-

| | |
|---|---|
| പ്രോജക്ട് നം. | 173/24 |
| അടങ്കൽ | ചെലവ് |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് - 936000/- | 936000/-Bill No. 469/26-03-24 |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ മുനിസിപ്പൽ ഓഫീസിലേയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് (നം.173/24) പ്രകാരം GEM വഴി Mahindra & Mahindra Ltd ൽ നിന്നും BOLERO B6 (OPT) BSVI വാഹനം വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് പ്രകാരം 988720/- രൂപയാണ് വാഹനത്തിന്റെ വില. ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും 936000/- രൂപയേ വകയിരുത്തിയിട്ടുള്ളൂ എന്നതിനാൽ 936000/- രൂപ (15095/- രൂപ GST ഉൾപ്പെടെ ) മാത്രമാണ് തൻവർഷം ചെലവഴിച്ചിരിയ്ക്കുന്നത്. എന്നാൽ നഗരസഭയ്ക്ക് KL36A9595 നമ്പരായി ഉപയോഗക്ഷമമായ ബൊലീറോ ജീപ്പ് സ്വന്തമായുണ്ട്. ലോഗ് ബുക്ക് പ്രകാരം ഈ ജീപ്പ് 22-10-24 വരെ ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. പഴയ വാഹനം ഉപയോഗയോഗ്യമല്ല എന്നുള്ള റിപ്പോർട്ടും കണ്ടം ചെയ്യുന്നതിനായി നോൺ-ഇക്കണോമിക് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെയും കണ്ടം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ പ്രോജക്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. പഴയ വാഹനം ഉപയോഗത്തിലിരിയ്ക്കെ പുതിയ വാഹനം വാങ്ങിയതിന്റെ കാരണം വിശദമാക്കണമെന്നും പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാനുമാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം. 60/24-01-25) മറുപടി ലഭ്യമാക്കിയില്ല. തുടർനടപടി വിശദാംശങ്ങൾ ലഭ്യമാക്കുന്നതുവരെ 936000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-58 ഗാ® ഹിക മാലിന്യ സംസ്കരണബി® സ്ഥാപിക്ക® -ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല- ചെലവു രേഖകൾ പൂർണമല്ല-

| | |
|---|---|
| അടങ്കൽ | ചെലവ് |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്- 887578/- | 170400/-Bill No.473/26-03-24 |
| സംസ്ഥാനാവിഷ്കൃതഫണ്ട്- 443789/- | - |
| ഗുണഭോക്തൃവിഹിതം - 147929/- | - |
| ആകെ – | 170400/- |

| | |
|---|---|
| 1479296/- | |

